# പതിനഞ്ചാം കേരള നിയമസഭ

# പതിനാറാം സമ്മേളനം

2026 ജനുവരി 28, ബുധൻ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--427]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| ധനകാര്യ വകുപ്പ് മന്ത്രി | : 414 മുതൽ 596 വരെ |
| നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി | : 597 മുതൽ 675 വരെ |
| വൈദ്യുതി വകുപ്പ് മന്ത്രി | : 676 മുതൽ 764 വരെ |
| തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി | : 765 മുതൽ 840 വരെ |

**<u>പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുമായി ബന്ധപ്പെട്ടുള്ള ധനകാര്യ പരിശോധന വിഭാഗം റിപ്പോർട്ടുകൾ</u>**

414 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ പരിശോധന വിഭാഗം 2025 ഒക്ടോബർ മുതൽ 2026 ജനുവരി വരെ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുമായി ബന്ധപ്പെട്ട് സർക്കാരിന് എത്ര പരിശോധന റിപ്പോർട്ടുകൾ സമർപ്പിച്ചുവെന്നും ആയതിൽ ക്രമക്കേട് കണ്ടെത്തിയത് എത്ര പരിശോധനകളിൽ ആണെന്നും വ്യക്തമാക്കുമോ; ക്രമക്കേട് കണ്ടെത്തിയ റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

**<u>വിരമിച്ച ഉദ്യോഗസ്ഥർക്ക് പുനർനിയമനം</u>**

415 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെയുള്ള കാലയളവിൽ സർവ്വീസിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥർക്ക് പുനർനിയമനം നൽകിയതിൽ പ്രസ്തുത ഉദ്യോഗസ്ഥരുടെ പേര്, പുനർനിയമനം നൽകിയ തസ്തിക, അനുവദിച്ച ശമ്പളവും മറ്റ് ആനുകൂല്യങ്ങളും എന്നിവയുൾപ്പെടുന്ന വിവരത്തോടൊപ്പം പുനർനിയമനം നൽകിയ ഇനത്തിൽ സർക്കാരിന് ആകെ ചെലവായ തുകയുടെ വിശദാംശങ്ങളും തരം തിരിച്ച് ലഭ്യമാക്കാമോ?

**<u>സംസ്ഥാനത്തോടുള്ള കേന്ദ്രത്തിന്റെ സാമ്പത്തിക നിലപാട് തിരുത്താൻ നടപടി</u>**

416 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ്**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രത്തിന് സംസ്ഥാനത്തോട് സാമ്പത്തിക കാര്യത്തിൽ നിഷേധാത്മക നിലപാട് ഉണ്ടെന്ന് കരുതുന്നുണ്ടോ; എങ്കിൽ അതു തിരുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) വിവിധ മേഖലകളിലേക്കുള്ള സാമ്പത്തിക വിഹിതം കേന്ദ്ര സർക്കാർ തടഞ്ഞു വെക്കുന്നുവെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഏതെല്ലാം മേഖലകളിലെ പണമാണ് കേന്ദ്ര സർക്കാർ തടഞ്ഞുവെച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) നികുതി വിഹിതത്തിലെ കുറവും കടമെടുപ്പിലെ വെട്ടിക്കുറവും എങ്ങനെയൊക്കെയാണ് സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയെ തകർക്കാൻ കാരണമാകുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിനെതിരെ ശക്തമായ പ്രക്ഷോഭവും സുപ്രീം കോടതി അടക്കമുള്ള നീതിന്യായ സംവിധാനങ്ങളെ സമീപിക്കുന്നതിനുള്ള നടപടികളും ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## <u>വിലക്കയറ്റം നിയന്ത്രിക്കുന്നതിന് നടപടി</u>

417 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025 ഡിസംബർ മാസത്തിൽ സംസ്ഥാനത്തെ വിലക്കയറ്റനിരക്ക് ദേശീയ നിരക്കിനേക്കാൾ ഉയർന്ന നിലയിൽ തുടരുന്നുവെന്ന സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിന്റെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ വിലക്കയറ്റം ക്രമാതീതമായി വർദ്ധിക്കുന്നതിന്റെ കാരണം വിശദമാക്കാമോ;

(സി) വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## <u>സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം</u>

418 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്കരണം സമയബന്ധിതമായി നടപ്പിലാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി സ്വീകരിച്ച നടപടികളെന്തൊക്കെയെന്നും ശമ്പളം പരിഷ്കരണം എപ്പോൾ നടപ്പിലാക്കാനാകുമെന്നുമുള്ള വിവരങ്ങൾ അറിയിക്കാമോ?

## ജി.എസ്.ടി. വകുപ്പിന്റെ യൂണിറ്റുകളുടെ പ്രവർത്തനത്തിന് വാടക കെട്ടിടം

419 **ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കേക്കോട്ട തൃപ്പൂണിത്തുറയിൽ സ്ഥിതി ചെയ്യുന്ന കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ കെട്ടിടം ജി.എസ്.ടി. അപ്പീൽ ട്രൈബ്യൂണൽ, ജി.എസ്.ടി. ഇന്റലിജൻസ് ആൻഡ് എൻഫോഴ്സ്മെന്റ് വിഭാഗം, ഓഡിറ്റ് വിഭാഗം എന്നീ കാര്യാലയങ്ങളുടെ പ്രവർത്തനങ്ങൾക്കായി വാടകയ്ക്ക് എടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) വാടകയ്ക്ക് എടുത്ത കെട്ടിടത്തിന്റെ മൊത്തം വിസ്തീർണ്ണം എത്രയാണ്; പ്രതിമാസം അടയ്ക്കേണ്ട വാടക എത്രയാണ്; വാടക കരാർ ഒപ്പുവെച്ചിട്ടുണ്ടോ; എങ്കിൽ ഇതുവരെ അടച്ച വാടകയുടെ മൊത്തം തുക എത്രയാണ്; വ്യക്തമാക്കാമോ;

(സി) വാടകയ്ക്കെടുത്ത കെട്ടിടത്തിൽ എന്തെങ്കിലും പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വാടക കെട്ടിടത്തിന്റെ ഇന്റീരിയർ പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇന്റീരിയർ പൂർത്തീകരിക്കുന്നതിന് കണക്കാക്കിയ ചെലവ് എത്ര; ഈ ചെലവുകൾക്ക് അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത കെട്ടിടത്തിന്റെ ഇന്റീരിയർ പ്രവൃത്തികൾ നിർവ്വഹിക്കുന്ന ചുമതല ആരെയാണ് ഏൽപ്പിക്കുന്നത്; ഈ ജോലികൾ പൂർത്തീകരിക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള സമയക്രമം വ്യക്തമാക്കാമോ; മേൽപ്പറഞ്ഞ ജി.എസ്.ടി. യൂണിറ്റുകളെ വാടക കെട്ടിടത്തിലേക്ക് മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നിർദ്ദിഷ്ട സമയപരിധി എപ്രകാരമാണ്; വിശദമാക്കാമോ?

## കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് കമ്പനിയുടെ നിലവിലെ ബാധ്യത

420 **ശ്രീ. ടി. സിദ്ദിഖ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് കമ്പനിയുടെ നിലവിലെ ബാധ്യത എത്രയാണെന്ന് ഇനം തിരിച്ചു നൽകാമോ;

(ബി) കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് കമ്പനിക്ക് സർക്കാർ എത്ര കോടി രൂപ നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ?

## സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം

421 **ഡോ. എം. കെ. മുനീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനായി കമ്മീഷനെയോ കമ്മിറ്റിയെയോ നിയമിക്കാൻ ആലോചിക്കുന്നുണ്ടോ;

(സി) എന്നു മുതൽ പരിഷ്കരണം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

## എസ്.സി.പി., ടി.എസ്.പി. അടങ്കലും ചെലവഴിച്ച തുകയും

422 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ ഓരോ വർഷവും സംസ്ഥാനം വകയിരുത്തിയ എസ്.സി.പി. അടങ്കലും ചെലവഴിച്ച തുകയും വർഷം തിരിച്ച് നൽകാമോ;

(ബി) 2016 മുതൽ നാളിതുവരെ ഓരോ വർഷവും വകയിരുത്തിയ ടി. എസ്. പി. അടങ്കലും ചെലവഴിച്ച തുകയും വർഷം തിരിച്ച് നൽകാമോ?

**നടപ്പ സാമ്പത്തിക വർഷത്തെ വാർഷിക വരുമാന / ചെലവ്, ധനക്കമ്മി**

423 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 സാമ്പത്തിക വർഷം നാളിതുവരെ സംസ്ഥാനത്തെ ആകെ വാർഷിക വരുമാനം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) 2025-26 സാമ്പത്തിക വർഷം നാളിതുവരെ സംസ്ഥാനത്തെ മൊത്തം വാർഷിക ചെലവ് എത്രയെന്ന് വ്യക്തമാക്കാമോ;

(സി) 2025-26 സാമ്പത്തിക വർഷം നാളിതുവരെ സംസ്ഥാനത്തെ ധനക്കമ്മി ജി. എസ്. ഡി. പി. അനുപാതത്തിൽ എത്രയാണെന്ന് വ്യക്തമാക്കാമോ?

**കേരള മെഡിക്കൽ സർവ്വീസ് കോർപറേഷന്റെ കോവിഡ് കാല പർച്ചേയ്സുകൾ**

424 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ കോവിഡ് കാലത്ത് നടത്തിയ പർച്ചേസുകൾ സംബന്ധിച്ച് ധനകാര്യ പരിശോധനാ വിഭാഗം നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

**തനത് വരുമാനം**

425 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 സാമ്പത്തിക വർഷം നാളിതുവരെ ലഭിച്ച ആകെ വരുമാനം ഇനം തിരിച്ച ലഭ്യമാക്കാമോ?

**സംസ്ഥാനത്തെ റവന്യൂ വരുമാനം, റവന്യൂ ചെലവ്**

426 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 സാമ്പത്തിക വർഷം നാളിതുവരെ സംസ്ഥാനത്തെ റവന്യൂ വരുമാനം, റവന്യൂ ചെലവ് എന്നിവ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) 2025-26 സാമ്പത്തിക വർഷം നാളിതുവരെ സംസ്ഥാനത്തെ റവന്യൂ കമ്മി ജി.എസ്.ഡി.പി. അനുപാതത്തിൽ എത്രയാണെന്ന് വ്യക്തമാക്കാമോ?

**സംസ്ഥാനത്തെ ധനക്കമ്മി**

427 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷത്തെ സി.എ.ജി.യുടെ കണക്കുകൾ പ്രകാരം സംസ്ഥാനത്തെ ചെലവ്, വരവിനേക്കാൾ മുപ്പത്തൊൻപതിനായിരത്തോളം കോടി രൂപ അധികമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) നടപ്പ് സാമ്പത്തിക വർഷം നാളിതുവരെ സംസ്ഥാനം പ്രതീക്ഷിച്ച നികുതി പിരിച്ചെടുക്കാൻ സാധിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ വരുമാനം വർധിപ്പിക്കുന്നതിനു സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

## സംസ്ഥാനത്തെ ക്യാപിറ്റൽ എക്സ്പെന്റിച്ചർ

428 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 സാമ്പത്തിക വർഷം നാളിതുവരെ സംസ്ഥാനത്തെ ക്യാപിറ്റൽ എക്സ്പെന്റിച്ചർ എത്രയാണെന്ന് വ്യക്തമാക്കാമോ?

## പദ്ധതി അടങ്കലും ചെലവഴിച്ച തുകയും

429 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ ഓരോ വർഷവും സംസ്ഥാനം വകയിരുത്തിയ പദ്ധതി അടങ്കലും ചെലവഴിച്ച തുകയും വർഷം തിരിച്ചുള്ള വിവരം നൽകാമോ?

## സംസ്ഥാനത്തെ പദ്ധതി പുരോഗതി

430 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 സാമ്പത്തിക വർഷം നാളിതുവരെ സംസ്ഥാനത്തെ പദ്ധതി പുരോഗതിയുടെ ഇനം തിരിച്ചുള്ള വിവരം നൽകാമോ?

## എഡ്യുക്കേഷൻ ലോൺ റീപേയ്മെന്റ് സപ്പോർട്ട് (ഇ.എൽ.ആർ.എസ്) സ്കീം

431 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പ എടുത്ത് തിരിച്ചടവ് മുടങ്ങിയവരുടെ കുടിശ്ശിക തീർപ്പാക്കുന്നതിന് നടപ്പാക്കി വന്നിരുന്ന എഡ്യുക്കേഷൻ ലോൺ റീപേയ്മെന്റ് സപ്പോർട്ട് സ്കീം പ്രകാരം നിശ്ചയിച്ച തുക അടച്ചിട്ടും ബാങ്കുകളിൽ നിന്നും റവന്യു റിക്കവറി നടപടികൾ സ്വീകരിച്ചു വരുന്നു എന്ന വിവരം ശ്രദ്ധിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സർക്കാർ അടയ്ക്കാൻ നിശ്ചയിച്ച തുക അടച്ചിട്ടും ബാക്കി തുക ബാങ്കുകൾക്ക് ലഭിച്ചിട്ടില്ല എന്ന് കാണിച്ച് ബാങ്കുകൾ റവന്യൂ വകുപ്പ് മുഖേന റിക്കവറി നടപടികൾ സ്വീകരിച്ചു വരുന്ന സാഹചര്യത്തിൽ റിക്കവറി നേരിടുന്നവരെ സംരക്ഷിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ;

(സി) ഇ.എൽ.ആർ.എസ്. പദ്ധതി സംബന്ധിച്ച വിശദാംശം നൽകാമോ; ഇതുമായി ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## നിരാമയ ഇൻഷുറൻസ് പദ്ധതി

432 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരാമയ ഇൻഷുറൻസ് പദ്ധതിയിൽ ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയിരിക്കുന്ന പ്രധാന ഭിന്നശേഷി വിഭാഗങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) 2025-ലെ സംസ്ഥാന ബജറ്റിൽ നിരാമയ പദ്ധതിക്കായി തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ഭിന്നശേഷിക്കാർ ഇപ്പോഴും പ്രശ്നങ്ങൾ നേരിടുന്നുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) പ്രീമിയം കൃത്യമായി അടയ്ക്കുന്നുവെങ്കിലും നിരവധി കുടുംബങ്ങൾക്ക് ചികിത്സാ ചെലവ് (റീ ഇംബേഴ്സ്മെന്റ് ) തിരികെ ലഭിക്കാതിരിക്കുന്നതിനാൽ അവർക്കുണ്ടാകുന്ന അതിയായ സാമ്പത്തിക ബാധ്യത എത്രത്തോളമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വ്യക്തമാക്കാമോ;

(ഡി) നിരാമയ ഉൾപ്പെടെയുള്ള വിവിധ ആരോഗ്യ ഇൻഷുറൻസ് പദ്ധതികൾ കാരുണ്യ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ ലയിപ്പിച്ചതിന്റെ ഫലമായുണ്ടായ പ്രശ്നങ്ങൾ എന്തൊക്കെയാണെന്നും തുടർന്ന് അതൊഴിവാക്കുന്നതിനായി എടുത്ത തീരുമാനമെന്തായിരുന്നുവെന്നും വിശദമാക്കാമോ?

## നെയ്യാറ്റിൻകര മണ്ഡലത്തിൽ അനുവദിച്ച പ്രോജക്റ്റുകൾ

433 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ 2016-17 മുതൽ 2025-26 വരെയുള്ള കാലയളവിൽ ആകെ എത്ര പ്രോജക്റ്റുകൾക്കാണ് ഫണ്ട് അനുവദിച്ചതെന്ന് വിശദമാക്കാമോ; ഓരോ പ്രവൃത്തിയുടെയും പേര്, അനുവദിച്ച തുക എന്നിവ ഉൾപ്പെടുത്തിയുള്ള വിശദാംശം ലഭ്യമാക്കാമോ?

## സംസ്ഥാനത്തെ 'ഐ.ടി അറ്റ് സ്കൂളിന്റ്' പ്രവർത്തനം സംബന്ധിച്ച ധനകാര്യ പരിശോധന

434 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ 'ഐ.ടി. അറ്റ് സ്കൂൾ' ന്റെ പ്രവർത്തനം ധനകാര്യ പരിശോധനയ്ക്ക് വിധേയമായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് വർഷം വരെയാണ് പരിശോധന നടത്തിയതെന്ന് വ്യക്തമാക്കാമോ;

(ബി) 'ഐ.ടി. അറ്റ് സ്കൂൾ' പദ്ധതി വഴി സ്കൂളുകൾക്കായി വാങ്ങി വിതരണം ചെയ്ത കമ്പ്യൂട്ടർ ഉപകരണങ്ങളുടെ ഗുണനിലവാരവും പർച്ചേസ് നടപടികളും വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിരുന്നോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) 'ഐ.ടി. അറ്റ് സ്കൂൾ' വഴി സ്കൂളുകളിലെ സ്മാർട്ട് ക്ലാസ്സ് റൂമിന് നൽകിയ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഗ്യാരണ്ടി പീരിയഡിന് മുമ്പ് തന്നെ കേടുവന്ന് കോടികൾ നഷ്ടം വരുത്തി സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ പാഴായി കിടക്കുന്നതിന്റെ കണക്ക് ധനവകുപ്പ് ശേഖരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഗുണമേന്മ ഇല്ലാത്തതും കാലാനുസൃതമല്ലാത്തതിനാൽ ഉപയോഗപ്രദമല്ലാത്തതുമായ ഇത്തരം ഉപകരണങ്ങൾ കുട്ടികൾക്കായി വാങ്ങി വിതരണം ചെയ്യേണ്ടിവന്നതിനാൽ ഉണ്ടായ സാമ്പത്തിക നഷ്ടത്തിന്റെ ഉത്തരവാദിത്തം ആർക്കാണെന്ന് ധനവകുപ്പ് വ്യക്തമാക്കാമോ;

(ഇ) സംസ്ഥാനത്തെ സ്കൂളുകളിൽ ഉപയോഗിക്കാൻ പറ്റാത്ത തരത്തിൽ കേടായ ഉപകരണങ്ങളുടെ കണക്ക് ധനവകുപ്പ് പരിശോധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## <u>ആയുർവ്വേദ, ഹോമിയോ, വെറ്റിനറി ഡോക്ടർമാർക്ക് കരിയർ അഡ്വാൻസ് സ്കീം</u>

435 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒൻപതാം ശമ്പള പരിഷ്കരണ കമ്മീഷൻ പ്രൊഫഷണൽ വിഭാഗത്തിലുള്ള ജീവനക്കാർക്കായി കരിയർ അഡ്വാൻസ് സ്കീം നടപ്പിലാക്കിയിരുന്നോ; എങ്കിൽ എപ്പോഴാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ഏതെല്ലാം ജീവനക്കാർക്ക് കിട്ടിയിരുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) ആയുർവ്വേദ, ഹോമിയോ, വെറ്റിനറി ഡോക്ടർമാർക്ക് ഈ സ്കീമിന്റെ ആനുകൂല്യം കിട്ടാത്ത സാഹചര്യം സംജാതമായിരുന്നോ എന്ന് വ്യക്തമാക്കാമോ;

(ഡി) 2017-ൽ ആയുർവ്വേദ, ഹോമിയോ, വെറ്റിനറി ഡോക്ടർമാർക്ക് കൂടി ഈ ആനുകൂല്യം അനുവദിച്ച് ഉത്തരവ് ഇറക്കിയിരുന്നോയെന്നും പ്രസ്തുത ഉത്തരവ് തൊട്ടടുത്ത ദിവസം തന്നെ റദ്ദ് ചെയ്തിരുന്നോ എന്നും വ്യക്തമാക്കാമോ?

## <u>പദ്ധതി അടങ്കൽ</u>

436 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 സാമ്പത്തിക വർഷത്തിലെ പദ്ധതി അടങ്കൽ എത്രയായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ഈ സാമ്പത്തിക വർഷത്തിലെ പദ്ധതി പ്രവർത്തനങ്ങൾക്കായി എത്ര രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) വിവിധ ഉത്തരവുകൾ പ്രകാരം 2025-26 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിൽ എത്ര രൂപ കുറവ് വരുത്തിയെന്നും പുതുക്കിയ പദ്ധതി അടങ്കൽ എത്രയായിരുന്നുവെന്നും വ്യക്തമാക്കുമോ ?

## <u>മെഡിസെപ്പ് ഇൻഷ്വറൻസ് പദ്ധതിയുടെ പ്രീമിയം വർദ്ധനവും ആനുകൂല്യങ്ങളും</u>

437 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ്പിന്റെ പ്രീമിയം തുക വർദ്ധിപ്പിക്കാൻ ഇടയായ സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) വർദ്ധിച്ച പ്രീമിയം അടയ്ക്കുന്നതിലൂടെ ജീവനക്കാർക്ക് അധികമായി ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; പുതുക്കിയ മെഡിസെപ്പ് പദ്ധതിയിൽ പുതുതായി ഉൾപ്പെടുത്തിയ ആശുപത്രികൾ ഏതൊക്കെയാണെന്നും അറിയിക്കാമോ;

(സി) മെഡിസെപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ആശുപത്രികളിൽ എല്ലാ ചികിത്സകളും ജീവനക്കാർക്ക് ലഭ്യമാകുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതുമൂലം അടിയന്തര സാഹചര്യങ്ങളിൽ ചികിത്സ തേടുന്ന ജീവനക്കാർക്ക് മെഡിസെപ്പ് ആനുകൂല്യം നഷ്ടപ്പെടുന്ന സാഹചര്യം ഉളവാകുന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ഡി) മെഡിസെപ്പ് പദ്ധതിയിൽ വിവിധ ചികിത്സകൾക്കായി നിശ്ചയിച്ചിരിക്കുന്ന നിരക്കുകൾ യഥാർത്ഥ ചികിത്സാ ചെലവിന്റെ 50 ശതമാനത്തിലും താഴെയായതിനാൽ, മെഡിസെപ്പ് ക്ലെയിം ചെയ്തതിനു ശേഷവും 50 മുതൽ 70 ശതമാനം വരെ ചെലവ് ജീവനക്കാർ സ്വയം വഹിക്കേണ്ടിവരുന്ന സാഹചര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ഇ) മെഡിസെപ്പിനെക്കാൾ കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്ന സ്വകാര്യ ഇൻഷ്വറൻസ് പദ്ധതികൾ ലഭ്യമായിരിക്കെ എല്ലാ ജീവനക്കാരും നിർബന്ധമായും മെഡിസെപ്പ് പദ്ധതിയിൽ ഉൾപ്പെടണം എന്ന് നിഷ്കർഷിക്കുന്നതിന് കാരണമായ സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; മെഡിസെപ്പിൽ ചേരാൻ താൽപര്യമില്ലാത്ത ജീവനക്കാർക്ക് പദ്ധതിയിൽ നിന്ന് വിട്ടുനിൽക്കുന്നതിന് അനുമതി നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

## <u>വായ്പ എടുക്കുന്നതിന് കേന്ദ്രസർക്കാരിന്റെ അനുമതി</u>

438 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷം ആകെ എത്ര കോടി രൂപ വായ്പ എടുക്കുന്നതിനാണ് കേന്ദ്രസർക്കാരിന്റെ അനുമതിയുള്ളതെന്ന് അറിയിക്കാമോ;

(ബി) നിലവിൽ എത്ര കോടി രൂപ വായ്പ എടുത്തിട്ടുണ്ട്; ഇനി അവശേഷിക്കുന്നത് എത്ര തുകയാണ്; വിശദാംശം ലഭ്യമാക്കാമോ;

(സി) സംസ്ഥാനം സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ ട്രഷറി നിയന്ത്രണം ഏർപ്പെടുത്തേണ്ട സാഹചര്യമുണ്ടോ; എങ്കിൽ ഈ പ്രതിസന്ധി ഏത് രീതിയിൽ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## സംസ്ഥാനത്തിന്റെ കട ബാധ്യതയും കേന്ദ്ര സർക്കാർ ഗ്രാന്റും

439 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 മുതൽ നാളിതുവരെയുള്ള ഓരോ സാമ്പത്തിക വർഷവും സംസ്ഥാനത്തിന്റെ മൊത്തം കടബാധ്യത എത്രയായിരുന്നുവെന്ന് അറിയിക്കുമോ; നടപ്പ് സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ പ്രസ്തുത കടബാധ്യത എത്രയായിരിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) 2015-16 സാമ്പത്തിക വർഷം മുതൽ നാളിതുവരെ സംസ്ഥാനത്തിന് ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം ഗ്രാന്റായി ഓരോ വർഷവും ലഭിച്ച തുക എത്രയാണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത സാമ്പത്തിക വർഷങ്ങളിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ വിവിധയിനങ്ങളിൽ കേന്ദ്രത്തിൽനിന്ന് അനുവദിച്ച തുക എത്രയാണെന്ന് സാമ്പത്തിക വർഷം അടിസ്ഥാനമാക്കി വ്യക്തമാക്കുമോ?

## പൊതു കടം

440 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 സാമ്പത്തിക വർഷം നാളിതുവരെ സംസ്ഥാനത്തെ പൊതു കടം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) 2025-26 സാമ്പത്തിക വർഷം നാളിതുവരെ സംസ്ഥാനത്തെ പൊതു കടം ജി.എസ്.ഡി.പി. അനുപാതത്തിൽ എത്രയാണെന്ന് വ്യക്തമാക്കാമോ?

## കടബാധ്യതയും ധനക്കമ്മിയും

441 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ നിലവിലെ ആകെ കടബാധ്യത എത്രയാണെന്ന് വിശദമാക്കാമോ;

(ബി) ജി.എസ്.ഡി.പി. യുമായി താരതമ്യം ചെയ്യുമ്പോൾ കടത്തിന്റെ ശതമാനം നിലവിൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് കൂടുകയാണോ കുറയുകയാണോ ചെയ്തതെന്ന് വിശദമാക്കാമോ;

(സി) നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സർക്കാർ നടപ്പിലാക്കിയ ആംനസ്റ്റി സ്കീം വഴി ഈ സർക്കാരിന്റെ കാലത്ത് സമാഹരിച്ച പണം സംബന്ധിച്ച വിശദാംശത്തിന്റെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

## വായ്പ തിരിച്ചടവ്

442 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത പത്തു വർഷം കൊണ്ട് സംസ്ഥാനം വായ്പ തിരിച്ചടവ് ഇനത്തിൽ എത്ര കോടി രൂപ നൽകണമെന്ന കണക്കുകൾ വാർഷാടിസ്ഥാനത്തിൽ നൽകാമോ?

**<u>സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി</u>**

443 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ആസ്തി ബാധ്യതകൾ സംബന്ധിച്ച് ഏറ്റവും അവസാനത്തെ മാസത്തെ കണക്കുകളുടെ അടിസ്ഥാനത്തിലുള്ള വിവരം ലഭ്യമാക്കാമോ;

(ബി) കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ സംസ്ഥാനത്തിന്റെ കടത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിൽ ആയതിന്റെ കണക്ക് ലഭ്യമാക്കാമോ;

(സി) കഴിഞ്ഞ സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കാലയളവിൽ സംസ്ഥാനം കടക്കെണിയിൽ ആയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ ഗുരുതരമായി ബാധിച്ചിട്ടുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച് ധവളപത്രം പുറപ്പെടുവിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന് നപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>2025-26 സാമ്പത്തിക വർഷത്തെ മൊത്തം കടം</u>**

444 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 സാമ്പത്തിക വർഷം നാളിതുവരെ സംസ്ഥാനത്തെ മൊത്തം കടം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സാമ്പത്തിക വർഷം നാളിതുവരെ മൊത്തം കടം ജി.എസ്.ഡി.പി. അനുപാതത്തിൽ എത്രയാണ് എന്ന് വ്യക്തമാക്കാമോ?

**<u>സംസ്ഥാനത്തിന്റെ ആഭ്യന്തര വിദേശ വായ്പകൾ</u>**

445 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പൊതുകടത്തിൽ ആഭ്യന്തര വിപണിയിൽ നിന്നുള്ള വായ്പകൾ, വിദേശ വായ്പകൾ എന്നിവയുടെ ഇനംതിരിച്ചുള്ള വിശദവിവരം ലഭ്യമാക്കാമോ;

(ബി) 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ഓരോ വർഷവും ആഭ്യന്തര, വിദേശ വായ്പ ഇനത്തിൽ തിരിച്ചടച്ച തുക എത്രയാണ് എന്നതിന്റെ വിശദാംശം നൽകാമോ?

**<u>വിവിധ ഇനങ്ങളിൽ നൽകാനുള്ള കുടിശ്ശിക</u>**

446 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ആരോഗ്യ സുരക്ഷാ പദ്ധതികൾ, ഉച്ചഭക്ഷണ പദ്ധതി, സർക്കാർ കരാറുകാർക്ക് നൽകാനുള്ള തുക, ജീവനക്കാരുടെയും പെൻഷൻകാരുടെയും ക്ഷാമബത്തയും മറ്റ് ആനുകൂല്യങ്ങളും, ലൈഫ് പദ്ധതി, മറ്റ് പദ്ധതികകൾ എന്നിവയിൽ നാളിതുവരെ എത്ര രൂപയുടെ കുടിശ്ശികയുണ്ട്; ഇനം തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(ബി) നിലവിലുള്ള സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ മേൽപ്പറഞ്ഞവയിൽ ഓരോന്നിന്റെയും കുടിശ്ശിക തുക എത്ര വീതം കൊടുത്ത് തീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; പ്രസ്തുത തുക ഏത് രീതിയിലാണ് കണ്ടെത്താൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) ജീവനക്കാർക്ക് അനുവദിച്ച ക്ഷാമബത്തയുടെ കുടിശ്ശിക ഏത് തീയതി മുതലാണ് വിതരണം ചെയ്യാനുള്ളത്; എത്ര തുകയാണ് ഇതിനായി ആവശ്യമുള്ളത്; ഏത് തീയതിയിൽ ഇത് പൂർണ്ണമായും വിതരണം ചെയ്യാൻ കഴിയും; വ്യക്തമാക്കാമോ;

(ഡി) വിവിധ സാമൂഹ്യ ക്ഷേമപെൻഷൻ ഇനത്തിൽ നാളിതുവരെ എത്ര മാസത്തെ കുടിശ്ശികയുണ്ട്; കുടിശ്ശിക മുഴുവൻ വിതരണം ചെയ്യാൻ ആകെ എത്ര തുക വേണ്ടി വരും; കണക്കുകൾ ലഭ്യമാക്കുമോ; കുടിശ്ശിക തീർത്ത് പെൻഷൻ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

## സംസ്ഥാനത്തിന്റെ പൊതു കടം

447 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ മൊത്ത കടബാധ്യത എത്ര രൂപയാണെന്ന് വ്യക്തമാക്കാമോ; കഴിഞ്ഞ സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്തിന്റെ പൊതു കടം എത്ര രൂപയായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) 2016-17 കാലയളവ് മുതൽ സർക്കാർ എടുത്ത ആഭ്യന്തര വായ്പകളും കേന്ദ്ര വായ്പകളും ഉൾപ്പെടെയുള്ള കടങ്ങളുടെ വിശദാംശങ്ങളും തിരിച്ചടവിന്റെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ;

(സി) ഏതെല്ലാം സ്ഥാപനങ്ങൾക്കും പദ്ധതികൾക്കുമാണ് സർക്കാർ ജാമ്യത്തിൽ വായ്പ എടുത്തിട്ടുള്ളതെന്നും അവയുടെ വിശദവിവരവും ലഭ്യമാക്കാമോ;

(ഡി) 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ വിവിധയിനങ്ങളിൽ കേന്ദ്രത്തിൽനിന്ന് അനുവദിച്ച തുക എത്രയാണെന്ന് സാമ്പത്തിക വർഷം അടിസ്ഥാനമാക്കി വ്യക്തമാക്കാമോ; ആയതിൽ ഓരോ പദ്ധതിക്കും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ഓരോന്നിനും സംസ്ഥാന വിഹിതമായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും ഇനം തിരിച്ച വിശദമാക്കുമോ;

(ഇ) സാമൂഹ്യ സുരക്ഷാ ക്ഷേമ പെൻഷൻ, മറ്റ് വിവിധ ക്ഷേമ പെൻഷനുകൾ, വിവിധ ക്ഷേമനിധി പെൻഷനുകൾ, സ്കോളർഷിപ്പുകൾ, വിവിധ ആരോഗ്യ സുരക്ഷാ പദ്ധതികൾ എന്നിവ നാളിതുവരെ എത്ര മാസത്തോളം കുടിശ്ശിക ഉണ്ടെന്നും

കുടിശ്ശിക പൂർണ്ണമായി കൊടുത്തു തീർക്കാൻ എത്ര രൂപ വേണ്ടി വരുമെന്നും ഇനം തിരിച്ച് ലഭ്യമാക്കുമോ?

## കേന്ദ്ര സർക്കാരിൽ നിന്നുമുള്ള കടമെടുപ്പ്

448 **ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. പി. കെ. ബഷീർ**
**ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന് ഈ സാമ്പത്തിക വർഷം കടമെടുക്കാൻ കഴിയുന്ന തുക എത്രയാണെന്ന് നിശ്ചയിച്ച് കേന്ദ്ര സർക്കാരിൽ നിന്നും അറിയിപ്പ് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) നടപ്പു സാമ്പത്തിക വർഷം കടമെടുക്കാൻ കഴിയുന്ന തുക ഉൾപ്പെടെ ശേഷിക്കുന്ന കാലയളവിലെ ചെലവ് എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) സർക്കാരിന്റെ ദൈനംദിന ചെലവുകൾക്കാവശ്യമായ തുക എപ്രകാരം കണ്ടെത്താമെന്നാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

## ക്ഷാമബത്ത, സാമൂഹ്യ ക്ഷേമ പെൻഷൻ കുടിശ്ശിക വിതരണം

449 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവനക്കാരുടെയും പെൻഷൻകാരുടെയും ക്ഷാമബത്തയും മറ്റ് ആനുകൂല്യങ്ങളും സംബന്ധിച്ച് നാളിതുവരെ എത്ര കുടിശ്ശികയുണ്ടെന്ന് ഇനം തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(ബി) നടപ്പ് സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ മേൽപ്പറഞ്ഞ ഇനങ്ങളിൽ ഓരോന്നിനും എത്ര തുകയുടെ കുടിശ്ശിക തീർപ്പാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; പ്രസ്തുത കുടിശ്ശിക തുക ഏത് രീതിയിലാണ് കണ്ടെത്താൻ ഉദ്ദേശിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) ജീവനക്കാരുടെ ക്ഷാമബത്ത കുടിശ്ശിക വിതരണം ചെയ്യുന്നത് ഏത് തീയതി മുതൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്; ആയതിന് എത്ര തുകയാണ് ആവശ്യമുള്ളത്; ഏത് തീയതിയിൽ ഇത് പൂർണ്ണമായും വിതരണം ചെയ്യാൻ കഴിയും; വ്യക്തമാക്കാമോ;

(ഡി) വിവിധ സാമൂഹ്യ ക്ഷേമ പെൻഷൻ ഇനത്തിൽ നാളിതുവരെ എത്ര മാസത്തെ കുടിശ്ശികയുണ്ട്; കുടിശ്ശിക മുഴുവൻ വിതരണം ചെയ്യാൻ ആകെ എത്ര തുക വേണ്ടി വരും; കണക്കുകൾ ലഭ്യമാക്കുമോ; കുടിശ്ശിക തീർത്ത് പെൻഷൻ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

## സമഗ്ര വികസനത്തിന് കിഫ്ബി വഹിച്ച പങ്ക്

450 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സമഗ്ര വികസനത്തിന് കിഫ്ബി വഹിച്ച പങ്ക് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കിഫ്ബി ഫണ്ട് വഴി ഓരോ നിയമസഭാ മണ്ഡലത്തിലും നടപ്പാക്കിയതും നിലവിൽ പ്രവൃത്തി പുരോഗമിക്കുന്നതുമായ പദ്ധതികളുടെ വിശദാംശം നൽകാമോ;

(സി) കിഫ്ബി വഴിമാത്രം ഓരോമണ്ഡലത്തിലും വിവിധ പദ്ധതികൾക്കായി ഇതിനകം അനുവദിച്ച തുക എത്ര വീതമാണെന്നും പ്രത്യേകം ലഭ്യമാക്കാമോ?

## കോങ്ങാട് മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

451 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ കിഫ്ബി പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ നിർവ്വഹണത്തിന്റെ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

## തങ്കളം-കാക്കനാട് നാലുവരിപ്പാത നിർമ്മാണം

452 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയായി നടപ്പാക്കുന്ന തങ്കളം-കാക്കനാട് നാലുവരിപ്പാതയുടെ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) തടസ്സങ്ങൾ നീക്കി പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ നടപടി ഉറപ്പുവരുത്തുമോ; വ്യക്തമാക്കാമോ?

## മഞ്ചേരി മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

453 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ മഞ്ചേരി മണ്ഡലത്തിൽ കിഫ്ബി മുഖേന അനുമതി നൽകിയ പദ്ധതികളും പ്രവൃത്തികളും ഏതൊക്കെയാണെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഏതൊക്കെ പൂർത്തിയായിട്ടുണ്ടെന്നും ഇനി ഏതൊക്കെ പൂർത്തിയാക്കാൻ ഉണ്ടെന്നുമുള്ളതിന്റെ കണക്കുകൾ വർഷം തിരിച്ച് വ്യക്തമാക്കാമോ;

(സി) നിലവിലെ സർക്കാരിന്റെ കാലയളവിൽ മഞ്ചേരി മണ്ഡലത്തിൽ ധനകാര്യ വകുപ്പ് ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തികളിൽ ഏതൊക്കെ പൂർത്തിയായിട്ടുണ്ടെന്നും ഇനി ഏതൊക്കെ പൂർത്തിയാകാൻ ഉണ്ടെന്നും വർഷം തിരിച്ച് വിശദമാക്കാമോ;

(ഇ) നിലവിലെ സർക്കാരിന്റെ കാലയളവിൽ മഞ്ചേരി മണ്ഡലത്തിൽ നാളിതുവരെ ധനകാര്യ വകുപ്പ് ഭരണാനുമതി നൽകിയ ആകെ പ്രവൃത്തികളുടെ എണ്ണവും അതിന് അനുവദിച്ച ആകെ തുകയും വർഷം തിരിച്ച് വിശദമാക്കാമോ?

## കിഫ്ബി സി.ഇ.ഒ.യുടെയും ജീവനക്കാരുടെയും ശമ്പളവും അലവൻസുകളും

454 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി സി.ഇ.ഒ.യുടെ ശമ്പളം അവസാനമായി പരിഷ്കരിച്ചതെന്നാണെന്ന് അറിയിക്കുമോ; ആയത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ശമ്പളം, മറ്റ് അലവൻസുകൾ എന്നീ ഇനങ്ങളിലായി നാളിതുവരെ കിഫ്ബി സി.ഇ.ഒ. കൈപ്പറ്റിയ തുകയുടെ പ്രതിമാസ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) കിഫ്ബി ജീവനക്കാർക്ക് ശമ്പളത്തോടൊപ്പം പ്രത്യേക അലവൻസുകൾ നൽകുന്നുണ്ടോ; എങ്കിൽ ഏതൊക്കെ അലവൻസുകളാണ് നൽകുന്നതെന്നും ഓരോ അലവൻസിനും നൽകുന്ന തുക എത്രയാണെന്നും വ്യക്തമാക്കാമോ; ആയത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## കിഫ്ബി വഴിയുള്ള ജി.എച്ച്.എസ്.എസ്. കല്ലിക്കൻപാടം കെട്ടിട നിർമ്മാണം

455 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴിയുള്ള ജി.എച്ച്.എസ്.എസ്. കല്ലിക്കൻപാടം കെട്ടിടത്തിന്റെ പ്രവൃത്തി പുരോഗതി നിലവിൽ ഏത് ഘട്ടത്തിലാണെന്നും എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

## കിഫ്ബിക്ക് സർക്കാർ നൽകിയ തുക

456 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിക്ക് 2017 മുതൽ നാളിതുവരെ സർക്കാർ ഏതൊക്കെ ഇനത്തിൽ എത്ര കോടി രൂപ നൽകി എന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

## കോതമംഗലം നഗരസഭയിൽ മോഡേൺ ക്രിമറ്റോറിയം

457 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നഗരസഭയിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന മോഡേൺ ക്രിമറ്റോറിയവുമായി ബന്ധപ്പെട്ട നിലവിലെ സാഹചര്യം വ്യക്തമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഏതെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ് ഇതുവരെ പൂർത്തീകരിച്ചിട്ടുള്ളത്; ഇനി പൂർത്തീകരിക്കാനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഏതെന്ന് വ്യക്തമാക്കാമോ;

(സി) ശേഷിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിൽ പൂർത്തീകരിച്ച് ക്രിമറ്റോറിയത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാമോ; വ്യക്തമാക്കാമോ?

## കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള കെട്ടിട നിർമ്മാണം

458 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ടിൽനിന്നും ഒരു കോടി രൂപ അനുവദിച്ച കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ കാരപ്പറമ്പ് എൽ.പി. സ്കൂളിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ ഡ്രോയിംഗിന് കിഫ്ബിയിൽ നിന്നും അന്തിമാനുമതി ലഭിക്കാത്തത് മൂലം നിർമ്മാണ പ്രവൃത്തി തടസ്സപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സാങ്കേതികാനുമതി ലഭ്യമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

## മലമ്പുഴ ഒലവക്കോട്-ധോണി-മുട്ടിക്കുളങ്ങര റോഡ് നവീകരണം

459 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന മലമ്പുഴ മണ്ഡലത്തിലെ "ഒലവക്കോട്-ധോണി-മുട്ടിക്കുളങ്ങര" റോഡ് നവീകരണത്തിന്റെ നിലവിലെ സ്ഥിതിവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് കിഫ്ബി പുതുക്കിയ ധനാനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## കിഫ്ബി പരസ്യ ഇനത്തിൽ ചെലവഴിച്ച തുക

460 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി നാളിതുവരെ പരസ്യ ഇനത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശം, പരസ്യം നൽകിയ സ്ഥാപനത്തിന്റെ പേര്, പരസ്യത്തിനായി നൽകിയ തുക എന്നിവ സഹിതം സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വിവിധ വാർഷികാഘോഷ പരിപാടികൾക്കായി കിഫ്ബി ചെലവഴിച്ച തുകയുടെ വിശദാംശം ഇനം തിരിച്ച് വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

## കുന്നത്തുനാട് മണ്ഡലത്തിൽ കിഫ്ബി, കേരള റോഡ് ഫണ്ട് ബോർഡ് മുഖേനയുള്ള പദ്ധതികൾ

461 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ്, കേരള റോഡ് ഫണ്ട് ബോർഡ് എന്നിവ മുഖേന കുന്നത്തുനാട് മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ചിട്ടുള്ള തുക എത്ര വീതമാണെന്ന് വ്യക്തമാക്കാമോ;

(സി) ഓരോ പ്രവൃത്തിയുടേയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

**കിഫ്ബി മുഖേന നടപ്പിലാക്കിയ പദ്ധതികൾ**

462 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021, 2021-2026 കാലയളവുകളിൽ കിഫ്ബി മുഖേന വിവിധ വകുപ്പുകളിലായി ആകെ എത്ര കോടി രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കാൻ തീരുമാനിച്ചതെന്നും ഇതിൽ എത്ര പദ്ധതികൾക്ക് ഇതിനകം സാമ്പത്തിക അനുമതി നൽകിയിട്ടുണ്ടെന്നും അതിനായി വകയിരുത്തിയ തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(ബി) കിഫ്ബി മുഖേന ഇതിനകം ഏതെല്ലാം പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഇതിനായി എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

**ജി.എച്ച്.എസ്.എസ്. പെരിങ്ങോട്ടുകുറിശ്ശി സ്കൂൾ കെട്ടിടത്തിന്റെ പ്രവൃത്തി പുരോഗതി**

463 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴിയുള്ള ജി.എച്ച്.എസ്.എസ്. പെരിങ്ങോട്ടുകുറിശ്ശി സ്കൂൾ കെട്ടിടത്തിന്റെ പ്രവൃത്തി പുരോഗതി നിലവിൽ ഏത് ഘട്ടത്തിലാണെന്നും എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

**കോഴിക്കോട് എൻ.ജി.ഒ. ക്വാർട്ടേഴ്സ് സ്കൂൾ ഓഡിറ്റോറിയം നിർമ്മാണം**

464 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ കോഴിക്കോട് എൻ.ജി.ഒ. ക്വാർട്ടേഴ്സ് സ്കൂളിന്റെ ഓഡിറ്റോറിയം നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുന്നതുമായി ബന്ധപ്പെട്ട് ചേർന്ന യോഗത്തിൽ എന്തെല്ലാം തീരുമാനങ്ങളാണ് എടുത്തതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത യോഗതീരുമാന പ്രകാരം കെട്ടിട നിർമ്മാണം പൂർത്തീകരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(സി) ഇതിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് കിഫ്ബി പ്രോജക്ട് സെൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) പ്രസ്തുത കെട്ടിട നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**ആറ്റിങ്ങൽ മണ്ഡലത്തിലെ സ്കൂൾ കെട്ടിട നിർമ്മാണം**

465 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിലെ പോങ്ങനാട് ഗവൺമെന്റ് യു.പി.എസ്. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ വക്കം ഗവൺമെന്റ് എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ തട്ടത്തുമല ഗവൺമെന്റ് എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ വിശദമാക്കാമോ;

(ഡി) പ്രസ്തുത മണ്ഡലത്തിലെ കിളിമാനൂർ ടൗൺ യു.പി.എസ്. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ വിശദമാക്കാമോ?

## കിഫ്ബി വഴി അനുമതി ലഭ്യമായ പ്രവൃത്തികൾ

466 **ശ്രീ. ഐ. ബി. സതീഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജക മണ്ഡലത്തിൽ കിഫ്ബി വഴി അനുമതി ലഭ്യമായ പ്രവൃത്തികൾ, തുക, പൂർത്തിയായ പ്രവൃത്തികൾ എന്നിവ സംബന്ധിച്ച വിശദമായ വിവരങ്ങൾ ലഭ്യമാക്കാമോ?

## കിഫ്ബി ധനസഹായത്തോടെയുള്ള തീയറ്ററുകളുടെ നിർമ്മാണം

467 **ശ്രീ. ടി.ഐ.മധുസൂദനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ കെ.എസ്.എഫ്.ഡി.സി. ക്ക് കീഴിൽ സംസ്ഥാനത്ത് നിർമ്മിക്കുന്ന തീയറ്ററുകളുടെ നിർമ്മാണ പ്രവൃത്തികൾ നിർത്തിവെക്കാനുണ്ടായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) കിഫ്ബി ധനസഹായത്തിന്റെ തിരിച്ചടവുമായി ബന്ധപ്പെട്ട കരാർ വ്യവസ്ഥകൾ നടപ്പിലാക്കാത്തത് പ്രവൃത്തി നിർത്തിവെക്കാൻ കാരണമായിട്ടുണ്ടോ;

(സി) കിഫ്ബിയും കെ.എസ്.എഫ്.ഡി.സി.യും തമ്മിലുള്ള വായ്പ തിരിച്ചടവ് കരാർ നിലവിൽ പ്രാബല്യത്തിൽ വന്നിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ നിലവിലെ സ്ഥിതി എന്താണ്; വിശദീകരിക്കാമോ;

(ഡി) കിഫ്ബി ധനസഹായത്തോടെ പയ്യന്നൂരിൽ നിർമ്മിക്കുന്ന തീയറ്റർ സമുച്ചയത്തിന്റെ നിലവിലെ സ്ഥിതി എന്താണ്; വ്യക്തമാക്കാമോ?

## കിഫ്ബി വായ്പ

468 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി നാളിതുവരെ ഏതൊക്കെ സ്രോതസ്സുകളിൽ നിന്നും തുക കടമെടുത്തിട്ടുണ്ട്; വിശദാംശം ഇനം തിരിച്ച ലഭ്യമാക്കുമോ;

(ബി) ഓരോ വായ്പയുടെയും പലിശ നിരക്കും തിരിച്ചടവ് വ്യവസ്ഥകളും എന്താണെന്ന് വ്യക്തമാക്കാമോ;

(സി) മേൽപ്പറഞ്ഞ വായ്പകളിൽ നാളിതുവരെ എത്ര തുക തിരിച്ചടച്ചിട്ടുണ്ട്; വിശദാംശം ഇനം തിരിച്ച വ്യക്തമാക്കാമോ;

(ഡി) വരുന്ന അഞ്ചു സാമ്പത്തിക വർഷങ്ങളിൽ വായ്പ തിരിച്ചടവ് ഇനത്തിൽ എത്ര തുക ആവശ്യമുണ്ടെന്ന് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ഇനം തിരിച്ച ലഭ്യമാക്കാമോ;

(ഇ) കിഫ്ബിക്ക് സംസ്ഥാന സർക്കാർ നാളിതുവരെ നൽകിയ തുക എത്രയാണെന്ന് ഇനം തിരിച്ച ലഭ്യമാക്കാമോ?

## പാറശ്ശാല മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

469 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തുമായി പാറശ്ശാല മണ്ഡലത്തിൽ കിഫ്ബി മുഖേന ആകെ എത്ര പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്; ഇവയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ചിട്ടുള്ള തുക എത്ര വീതമാണെന്നും ഏതെല്ലാം വകുപ്പുകൾക്ക് കീഴിലാണ് ഇവ നടപ്പിലാക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) ഇതിൽ എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ നിലവിലെ പ്രവർത്തന പുരോഗതിയും വ്യക്തമാക്കാമോ;

(ഡി) പൂർത്തീകരിക്കാത്ത പ്രവൃത്തികൾ എന്ന് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; ഓരോന്നിന്റെയും നിശ്ചിത സമയപരിധി വിശദമാക്കുമോ?

## ചാലക്കുടി മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

470 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ ചാലക്കുടി നിയോജക മണ്ഡലത്തിൽ അനുവദിക്കപ്പെട്ട പ്രവൃത്തികളും അവയുടെ നിലവിലെ സ്ഥിതിയും വെളിപ്പെടുത്തുമോ;

(ബി) നാളിതുവരെ പൂർത്തിയാകാത്തതും എന്നാൽ പുരോഗമിച്ചു കൊണ്ടിരിക്കുന്നതുമായ പ്രവൃത്തികൾ ഓരോന്നും നിലവിൽ ഏതുഘട്ടത്തിലാണെന്നും ഇനി എന്തെല്ലാം നടപടികളാണ് ബാക്കിയുള്ളതെന്നും അറിയിക്കുമോ; പ്രസ്തുത പ്രവൃത്തികൾ എപ്പോൾ പൂർത്തിയാകുമെന്ന് വിശദമാക്കുമോ?

## കാഞ്ഞങ്ങാട് മണ്ഡലത്തിൽ കിഫ്ബി പ്രകാരമുള്ള പദ്ധതികൾ

471 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ കാഞ്ഞങ്ങാട് മണ്ഡലത്തിൽ കിഫ്ബി പദ്ധതി പ്രകാരം നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ആയതിൽ പൂർത്തീകരിച്ച പദ്ധതികൾ ഏതെല്ലാമാണെന്നും പൂർത്തീകരിക്കാനുള്ള പദ്ധതികൾ ഏതെല്ലാമാണെന്നും വിശദമാക്കാമോ;

(സി) പൂർത്തീകരിക്കാനുള്ള പദ്ധതികൾ ഈ സർക്കാരിന്റെ കാലത്ത് തന്നെ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം

നൽകാമോ?

**കുറവിലങ്ങാട് താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണം**

472 **ശ്രീ. മോൻസ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ കെട്ടിട നിർമ്മാണത്തിന് വേണ്ടി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്. പി. വി.) സമർപ്പിച്ച എസ്റ്റിമേറ്റിലെ പിഴവുകൾ കണ്ടെത്തി തിരുത്തുന്നതിനായി കിഫ്ബിയിൽ ഏത് തരത്തിലുള്ള പരിശോധനാ സംവിധാനങ്ങളാണ് നിലവിലുള്ളതെന്നും അവ പ്രായോഗികമായി എത്രത്തോളം ഫലപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(ബി) കുറവിലങ്ങാട് താലൂക്ക് ആശുപത്രിയിലെ കിഫ്ബി പദ്ധതിയുമായി ബന്ധപ്പെട്ട് അപ്രൈസൽ, ടെക്നിക്കൽ ഇൻസ്പെക്ഷൻ, ഇ. എസ്. ജി. എന്നീ വിഭാഗങ്ങൾ നടത്തിയ പരിശോധനകളിൽ കണ്ടെത്തിയ പ്രധാന നിരീക്ഷണങ്ങൾ എന്തൊക്കെയാണ്; അവ എസ്. പി. വി.-യെ രേഖാമൂലം അറിയിച്ചിട്ടുണ്ടോ;

(സി) 04-09-2024-ന് എസ്. പി. വി.-യ്ക്ക് നൽകിയ പുതുക്കിയ ശിപാർശ സമർപ്പിക്കാനുള്ള നിർദ്ദേശം ഇതുവരെ പാലിക്കപ്പെടാത്തതിന്റെ കാരണം എന്താണ്; ഇതുസംബന്ധിച്ച് കിഫ്ബി പിന്നീട് ഓർമ്മപെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) കിഫ്ബിയുടെ 12-11-2024-ലെ കത്ത് പ്രകാരം കെ. എസ്. എച്ച്. ബി-യ്ക്ക് പകരം മറ്റൊരു നിർവ്വഹണ ഏജൻസിയെ നിയമിക്കണമെന്ന ശിപാർശ സർക്കാർ തലത്തിൽ പരിഗണിക്കുന്നതിൽ ഉണ്ടായിരിക്കുന്ന കാലതാമസത്തിന് കാരണം എന്താണ്; ഈ വിഷയത്തിൽ അന്തിമ തീരുമാനം എപ്പോൾ ഉണ്ടാവുമെന്ന് അറിയിക്കുമോ?

**കിഫ്ബി അംഗീകാരം നൽകിയ പദ്ധതികൾ**

473 **ശ്രീ. സണ്ണി ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി നാളിതുവരെ എത്ര പദ്ധതികൾക്ക് അംഗീകാരം നൽകിയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങളും നിലവിലെ പുരോഗതിയും ലഭ്യമാക്കാമോ;

(ബി) മേൽ സൂചിപ്പിച്ച പദ്ധതികൾക്കായി കിഫ്ബി നാളിതുവരെ എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങളും നിലവിലെ പുരോഗതിയും ലഭ്യമാക്കാമോ;

(സി) കിഫ്ബി നാളിതുവരെ എത്ര പദ്ധതികൾ പൂർത്തിയാക്കിയെന്നും പൂർത്തീകരിച്ച പദ്ധതികൾക്കായി എത്ര രൂപ ചെലവഴിച്ചു എന്നും വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

**എസ്. സി, എസ്. ടി, മത്സ്യതൊഴിലാളി വിഭാഗങ്ങൾക്കുള്ള കിഫ്ബി ഫണ്ട്**

474 **ശ്രീ. സജീവ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി

സദയം മറുപടി നൽകുമോ:

(എ) കിഫ്ബി നിലവിൽ പണം നൽകിയിട്ടുള്ള പദ്ധതികളിൽ എസ്. സി. വിഭാഗങ്ങൾക്ക് നൽകിയ ഫണ്ട് എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) കിഫ്ബി നിലവിൽ പണം നൽകിയ പദ്ധതികളിൽ എസ്. ടി. വിഭാഗങ്ങൾക്ക് നൽകിയ ഫണ്ട് എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) കിഫ്ബി നിലവിൽ പണം നൽകിയ പദ്ധതികളിൽ മത്സ്യതൊഴിലാളി വിഭാഗങ്ങൾക്ക് നൽകിയ ഫണ്ട് എത്രയാണെന്ന് വ്യക്തമാക്കാമോ?

## കുന്നംകുളം നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതികൾ

475 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോട് കൂടി സംസ്ഥാനത്ത് 2016 മുതൽ 2021 വരെ എത്ര രൂപയുടെ പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന വിവരം വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഭരണാനുമതി നൽകിയ എത്ര പദ്ധതികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് ജില്ലകൾ തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(സി) കുന്നംകുളം നിയോജകമണ്ഡലത്തിൽ ഏതെല്ലാം പദ്ധതികളാണ് പൂർത്തീകരിച്ചിട്ടുള്ളത് വിശദമാക്കാമോ?

## കൊണ്ടോട്ടി മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

476 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; ഓരോ പ്രവൃത്തിക്കും നാളിതുവരെ ഭരണാനുമതി ലഭിച്ച തുക എത്രയാണെന്നും അതിൽ എത്ര തുക ചെലവഴിച്ചെന്നും പദ്ധതി തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിനായി കിഫ്ബി ഫണ്ട് അനുവദിക്കുന്നതിന് പദ്ധതിയിട്ടിരുന്നോ; എങ്കിൽ കൊണ്ടോട്ടി മത്സ്യ മാർക്കറ്റ് വികസനം ഇതിൽ ഉൾപ്പെട്ടിരുന്നോയെന്ന് വ്യക്തമാക്കുമോ;

(സി) മത്സ്യ മാർക്കറ്റുകളുടെ നവീകരണത്തിന് പുതുതായി ഫണ്ട് അനുവദിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

## അഴീക്കോട് മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

477 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ കിഫ്ബി ആഭിമുഖ്യത്തിൽ നടക്കുന്ന പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) നിലവിൽ ഓരോ പ്രവൃത്തിയുടേയും പുരോഗതിയെന്തെന്നും ഓരോ പ്രവൃത്തിയും എന്നത്തേക്ക് പൂർത്തിയാകുമെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) ഏതെങ്കിലും പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ തടസ്സം നേരിടുന്നെങ്കിൽ അത് വ്യക്തമാക്കാമോ?

## മഞ്ചേശ്വരം മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

478 **ശ്രീ. എ. കെ. എം. അഷ്‌റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന കിഫ്ബി പദ്ധതികളുടെ വിശദ വിവരങ്ങളും ഇതുവരെയുള്ള പ്രവർത്തന പുരോഗതിയും ലഭ്യമാക്കാമോ;

(ബി) മേൽപ്പറഞ്ഞവയിൽ പൂർത്തീകരിക്കാത്ത പദ്ധതികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

## കൊടുങ്ങല്ലൂർ മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ

479 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തിൽ എം. എൽ. എ. ആസ്തി വികസന ഫണ്ട്, പ്രാദേശിക വികസന ഫണ്ട് എന്നിവ വിനിയോഗിച്ച് അനുവദിച്ച പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വർഷം തിരിച്ച് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഓരോന്നിന്റെയും നിലവിലുള്ള സ്ഥിതി എന്താണെന്ന് അറിയിക്കാമോ; പൂർത്തിയാകാത്ത പ്രവൃത്തികളും അതിനുള്ള കാരണങ്ങളും എന്താണെന്ന് അറിയിക്കാമോ?

## ഡി. എഫ്. ഐ. പി. പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന വഴിക്കടവ് മുതൽ മഞ്ചേരി വരെയുള്ള റോഡിന്റെ പുനരുദ്ധാരണം

480 **ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിസ്ട്രിക്ട് ഫ്ലാഗ്ഷിപ് ഇൻഫ്രാസ്ട്രക്ച്ചർ പ്രോജക്റ്റിന്റെ ഭാഗമായി 450 കോടി രൂപ ചെലവിൽ നിർമ്മാണത്തിന് തുടക്കമിട്ട നാടുകാണി പരപ്പനങ്ങാടി റോഡ് പാതിവഴിയിൽ ഉപേക്ഷിച്ചതുകാരണം ആയതിന്റെ ഭാഗമായ വഴിക്കടവ് മുതൽ മഞ്ചേരി വരെയുള്ള റോഡ് കഴിഞ്ഞ പത്തു വർഷമായി തകർന്നുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനത്തിനായി നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## ആസ്തി വികസന പദ്ധതിയുടെ മാനദണ്ഡങ്ങൾ

481 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജക മണ്ഡല ആസ്തി വികസന പദ്ധതിയുടെ മാനദണ്ഡങ്ങളിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ആകെ നൽകാവുന്ന പ്രവൃത്തികളുടെ എണ്ണത്തിൽ മാറ്റം വരുത്താൻ ആലോചിക്കുന്നുണ്ടോ;

(സി) ഗ്രന്ഥശാല സംഘങ്ങളുടെ അംഗീകാരമുള്ള ലൈബ്രറികൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നൽകുന്ന വിഷയം പരിഗണിക്കുമോ; വിശദമാക്കാമോ?

## ആലത്തൂർ മണ്ഡലത്തിലെ ടെണ്ടർ സേവിംഗ്സ്

482 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ 2023-24 ആസ്തി വികസന പദ്ധതി പ്രകാരം പൂർത്തിയായ പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് എത്രയാണെന്ന് വിശദമാക്കാമോ?

## അഴീക്കോട് മണ്ഡലത്തിൽ പ്രത്യേക അനുമതിക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള പ്രവൃത്തികൾ

483 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ എം. എൽ. എ. ആസ്തി വികസന ഫണ്ട്, പ്രത്യേക വികസന നിധി എന്നിവയിൽ നിന്നും ശിപാർശ ചെയ്തിട്ടുള്ള പ്രവൃത്തികളിൽ പ്രത്യേകാനുമതിക്ക് വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ളതിൽ ഏതൊക്കെ പദ്ധതികൾക്ക് 2021-26-ൽ അനുമതി നൽകിയിട്ടുണ്ട്; ഏതൊക്കെ പ്രവൃത്തികൾക്ക് ഇനി അനുമതി നൽകാനുണ്ട്; വ്യക്തമാക്കാമോ;

(ബി) ഇവയിൽ ഏതൊക്കെ അപേക്ഷകൾ നിരസിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## കോഴിക്കോട് മണ്ഡലത്തിലെ ആസ്തി വികസന നിധി, പ്രത്യേക വികസന നിധി പദ്ധതികൾ

484 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ 2021-22, 2022-23 വർഷങ്ങളിലെ എം. എൽ. എ. ആസ്തി വികസന നിധി, പ്രത്യേക വികസന നിധി എന്നിവയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതും നടപ്പിലാക്കിയതുമായ പദ്ധതികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

## മലമ്പുഴ മണ്ഡലത്തിലെ ഭരണാനുമതി ലഭിച്ചിട്ടില്ലാത്ത പദ്ധതികൾ

485 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിൽ എം. എൽ. എ. മാരുടെ പ്രത്യേക വികസന നിധി വിനിയോഗിച്ച് നടപ്പിലാക്കുവാൻ ശിപാർശ ചെയ്ത പദ്ധതികളിൽ ധനകാര്യ

വകുപ്പിന്റെ പ്രത്യേക അനുമതി ലഭിക്കാത്തത് മൂലം ഭരണാനുമതി നൽകാൻ കഴിയാത്ത പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

**കല്ല്യാശ്ശേരി മണ്ഡലത്തിലെ പ്രത്യേക വികസന നിധിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ**

486 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ എം. എൽ. എ.യുടെ പ്രത്യേക വികസന നിധിയിൽ ഉൾപ്പെടുത്തി ധനകാര്യ വകുപ്പിന്റെ പ്രത്യേകാനുമതിക്കായി സമർപ്പിച്ചിട്ടുള്ള ഓരോ പ്രവൃത്തിയുടെയും നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

**വള്ളിക്കുന്ന് മണ്ഡലത്തിലെ എം. എൽ. എ. പ്രത്യേക വികസന നിധി ഫണ്ട് വിനിയോഗം**

487 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 മുതൽ 2024-25 വരെ എം. എൽ. എ. പ്രത്യേക വികസന നിധിയിൽ മിച്ചമുള്ള തുക 2025-26 -ൽ വിനിയോഗിക്കുവാൻ കഴിയുമോ; ഇതിനായി പ്രത്യേക ഉത്തരവ് ധനവകുപ്പിൽ നിന്നും നൽകേണ്ടതുണ്ടോ; വ്യക്തമാക്കാമോ;

(ബി) 2021-22 മുതൽ 2024-25 വരെ എം. എൽ. എ. പ്രത്യേക വികസന നിധിയിൽ ഉൾപ്പെടുത്തി വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽ വിനിയോഗിക്കാൻ സാധിക്കാത്ത വിധത്തിൽ ഏതെങ്കിലും ഫണ്ട് നിലവിലുണ്ടോ; വിശദാംശം നൽകാമോ?

**പ്രാദേശിക വികസന ഫണ്ട് മിച്ച തുക**

488 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ മാരുടെ പ്രാദേശിക വികസന ഫണ്ടിൽ ഓരോ പ്രവൃത്തിക്കും ഭരണാനുമതി നൽകിയ തുകയേക്കാൾ കുറവാണ് യഥാർത്ഥ ചെലവെങ്കിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് പുതിയ പ്രവൃത്തികൾ നിർദ്ദേശിക്കുന്നതിന് എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരം കാഞ്ഞങ്ങാട് മണ്ഡലത്തിലെ പ്രവൃത്തികൾ**

489 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരം 2016-17 വർഷം മുതൽ കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വർഷം തിരിച്ച് വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

**കേന്ദ്ര പദ്ധതി വിഹിത കുടിശ്ശിക**

490 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കുന്ന കേന്ദ്ര പദ്ധതികളിലെ കേന്ദ്ര വിഹിതത്തിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ബി) കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരമോ കേന്ദ്ര സർക്കാർ നേരിട്ട് നടപ്പിലാക്കുന്ന മറ്റ് പദ്ധതികൾ പ്രകാരമോ സംസ്ഥാനത്തിന് ലഭിക്കാതിരിക്കുകയോ തടഞ്ഞ് വയ്ക്കുകയോ ചെയ്തിട്ടുള്ള കേന്ദ്ര വിഹിതത്തിന്റെ വിവരങ്ങൾ ലഭ്യമാക്കാമോ?

## കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കേണ്ട സാമ്പത്തിക സഹായം

491 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷം മുതൽ 2025-26 സാമ്പത്തിക വർഷം വരെ സംസ്ഥാന സർക്കാരിന് കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കേണ്ട സാമ്പത്തിക സഹായത്തിൽ ഏതെല്ലാം ഇനങ്ങളിലായി എത്ര കോടി രൂപയുടെ കുറവ് സംഭവിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കേണ്ട സാമ്പത്തിക സഹായത്തിലെ കുറവ് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

## പദ്ധതികളിലെ കേന്ദ്ര-സംസ്ഥാന ധനവിഹിതം

492 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റ് പൂർണമായും സാമ്പത്തിക ചെലവ് വഹിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാനത്ത് നടപ്പാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതികൾ ഏതെല്ലാമെന്നും ആയതിനോരോന്നിനും കേന്ദ്രം ചെലവഴിക്കുന്ന തുക എത്രയെന്നും പദ്ധതി തിരിച്ച് വ്യക്തമാക്കാമോ;

(ബി) കേന്ദ്രവും കേരളവും ധനവിഹിതം പങ്കിടുന്ന ഏതെല്ലാം പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ടെന്നും ഓരോ പദ്ധതിക്കും സംസ്ഥാനം വഹിക്കുന്ന തുകയും കേന്ദ്രം വഹിക്കുന്ന തുകയും പട്ടിക തിരിച്ച് അറിയിക്കാമോ;

(സി) സംസ്ഥാനത്ത് ഏതെല്ലാം പെൻഷൻ സ്കീമുകൾക്ക് കേന്ദ്ര വിഹിതം ലഭിക്കുന്നുണ്ടെന്നും ഓരോ പെൻഷൻ സ്കീമിലും സംസ്ഥാനം നൽകുന്ന തുകയും കേന്ദ്രം നൽകുന്ന തുകയും എത്രയെന്നും പ്രത്യേകം പ്രത്യേകം വ്യക്തമാക്കാമോ?

## ധനമന്ത്രിമാരുടെ യോഗത്തിൽ സംസ്ഥാനം മുന്നോട്ടുവച്ച ആശയങ്ങൾ

493 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ കേരളത്തിന് സാമ്പത്തിക ഉപരോധം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) 2026-27 സാമ്പത്തിക വർഷത്തേക്കുള്ള കേന്ദ്ര ബജറ്റ് അവതരണത്തിന് മുന്നോടിയായി കേന്ദ്ര ധനമന്ത്രി വിളിച്ച സംസ്ഥാന ധനമന്ത്രിമാരുടെ യോഗത്തിൽ

കേരളം മുന്നോട്ടു വച്ച ആശയങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

**<u>പദ്ധതി നിർവ്വഹണം തടസ്സപ്പെടാതിരിക്കാൻ നടപടി</u>**

494 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് ലഭിക്കേണ്ട കേന്ദ്ര വിഹിതം നൽകാതെ സംസ്ഥാനത്തെ സാമ്പത്തികമായി അസ്ഥിരപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാർ നടപടി സ്വീകരിക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) കേന്ദ്ര ധനവിഹിതത്തിലെ കുറവുമൂലം പദ്ധതി നിർവ്വഹണം തടസ്സപ്പെടാതിരിക്കുവാൻ സംസ്ഥാനം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

**<u>കൊണ്ടോട്ടി സബ് ട്രഷറിയിൽ സൂപ്പർവൈസറി ഓഫീസറുടെ തസ്തിക</u>**

495 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നിർദ്ദേശാനുസരണം കൊണ്ടോട്ടി സബ് ട്രഷറിയിൽ സൂപ്പർവൈസറി ഓഫീസറുടെ തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇതിൽ റിപ്പോർട്ട് വന്നിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൊണ്ടോട്ടി സബ് ട്രഷറിയിൽ ഏതൊക്കെ തസ്തികകളാണ് സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നതെന്നും പശ്ചാത്തല സൗകര്യങ്ങളിൽ എന്ത് മാറ്റം വരുത്താനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ?

**<u>സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം</u>**

496 **ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) ശമ്പള പരിഷ്കരണത്തിന് ഉദ്യോഗസ്ഥ സമിതിയെ ചുമതലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) ശമ്പള പരിഷ്കരണം എന്നു മുതൽ നടത്താനാണ് ഉദ്ദേശിക്കുന്നത്; ഇതുമൂലം സർക്കാരിനുണ്ടാകുന്ന അധിക ബാധ്യത കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

**<u>പങ്കാളിത്ത പെൻഷൻ പദ്ധതി</u>**

497 **ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. പി. കെ. ബഷീർ**

**ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് 2013 ഏപ്രിൽ മുതൽ നടപ്പാക്കിയ പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുന്നതിന് നിയോഗിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ടിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ബി) നിശ്ചിത പെൻഷൻ തുക ഉറപ്പാക്കുന്ന അഷ്വേർഡ് പെൻഷൻ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ സഹായം തേടിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

## <u>സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം, ഡി. എ. ഇനങ്ങളിലുള്ള കുടിശ്ശിക</u>

498 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും നൽകുവാനുള്ള ശമ്പള പരിഷ്കരണം, ഡി. എ. എന്നീ ഇനങ്ങളിലായി കുടിശ്ശിക എത്രയാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; പ്രസ്തുത തുക എപ്പോൾ വിതരണം ചെയ്യുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ കുടിശ്ശിക വിതരണം ചെയ്യാതിരിക്കാൻ സാധിക്കില്ലെന്ന കോടതി നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ കുടിശ്ശിക തീർത്ത് ഡി.എ. എപ്പോൾ വിതരണം ചെയ്യുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പള പരിഷ്കരണത്തിന് കമ്മീഷനെ നിയോഗിക്കാൻ ഉദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ഡി) ഡി. എ. ജീവനക്കാരുടെ അവകാശമല്ല എന്ന് സർക്കാർ ഹൈക്കോടതിയിൽ സത്യവാങ്മൂലം നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലാണ് ഇപ്രകാരം സത്യവാങ്മൂലം നൽകിയത്; വ്യക്തമാക്കുമോ?

## <u>പങ്കാളിത്ത പെൻഷൻ പദ്ധതി</u>

499 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിന് കത്ത് അയച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പങ്കാളിത്ത പെൻഷൻ പിൻവലിക്കുന്നത് സംബന്ധിച്ച് പഠിച്ച സമിതി നൽകിയ റിപ്പോർട്ടിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച മന്ത്രിതല സമിതിയുടെ യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## <u>പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുന്നതിനുള്ള നടപടി</u>

500 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും ഏർപ്പെടുത്തിയ പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി പുനഃപരിശോധിക്കുന്നതിനായി ഏർപ്പെടുത്തിയ സമിതി എന്നാണ് റിപ്പോർട്ട് സമർപ്പിച്ചതെന്നും ആയതിൽ സ്വീകരിച്ച നടപടികളും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ; പുനഃപരിശോധനാ സമിതി സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## <u>സർക്കാർ ജീവനക്കാരുടെ ഡി.എ.</u>

501 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അനുവദിക്കപ്പെട്ട ഡി.എ. യിൽ എത്ര മാസത്തെ ക്ഷാമബത്തയാണ് മുൻകാല പ്രാബല്യം ഇല്ലാത്തതുമൂലം നിരസിക്കപ്പെട്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ക്ഷാമബത്ത ജീവനക്കാരന്റെ അവകാശമല്ല എന്ന് സർക്കാർ കോടതിയിൽ നൽകിയ സത്യവാങ്മൂലം പിൻവലിച്ച് പുതിയ സത്യവാങ്മൂലം സമർപ്പിക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ;

(സി) ശമ്പളത്തോടൊപ്പം ഡി.എ. കൂടി നൽകണം എന്ന വ്യവസ്ഥ കേരള സർവീസ് ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ഡി) അനുവദിക്കപ്പെട്ട ഡി.എ. യ്ക്ക് മുൻകാല പ്രാബല്യം നൽകുന്നതിന് തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ?

## <u>പങ്കാളിത്ത പെൻഷൻ പദ്ധതി</u>

502 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിന് സർക്കാർ നിയോഗിച്ച സമിതി സമർപ്പിച്ച റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ട് പഠിക്കുന്നതിനായി നിയമിച്ച ഉപസമിതി എത്ര യോഗങ്ങൾ ചേർന്നുവെന്നും എന്തെല്ലാം തീരുമാനങ്ങൾ എടുത്തുവെന്നും സമിതി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോയെന്നും വിശദമാക്കുമോ;

(സി) 2025-26 ലെ ബജറ്റ് പ്രസംഗത്തിൽ അഷ്വേർഡ് പെൻഷൻ സമ്പ്രദായം നടപ്പിലാക്കുന്നതാണെന്ന പ്രഖ്യാപനത്തെ തുടർന്ന് സ്വികരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) കേന്ദ്ര സർക്കാർ പുതുതായി കൊണ്ടു വന്ന ഏകീകൃത പെൻഷൻ പദ്ധതി ജീവനക്കാർക്ക് ഗുണകരമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; ഏകീകൃത പെൻഷൻ പദ്ധതിക്ക് സമാനമായ പുതിയ പെൻഷൻ പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഇ) പങ്കാളിത്ത പെൻഷൻ പദ്ധതി പൂർണ്ണമായി പിൻവലിച്ച് ജീവനക്കാരെ സ്റ്റാറ്റ്യൂട്ടറി പെൻഷനിലേക്ക് മാറ്റുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

**<u>സർക്കാർ ജീവനക്കാരായ ദമ്പതികൾക്കുള്ള മെഡിസെപ്പ് അംഗത്വം</u>**

503 **ശ്രീ. പി.പി. ചിത്തരഞ്ജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ്പ് പദ്ധതിയിൽ ഒരു കുടുംബത്തിലെ സർക്കാർ ജീവനക്കാർ ആയിട്ടുള്ള ദമ്പതികൾക്ക് പ്രത്യേകം മെഡിസെപ്പ് അംഗത്വം ഉള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ;

(ബി) സർക്കാർ ജീവനക്കാരായ ദമ്പതികൾക്ക് എൽ.റ്റി.സി. ആനുകൂല്യം പ്രത്യേകമായി ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവയുടെ കാരണം വിശദമാക്കാമോ?

**<u>ജീവനക്കാരുടെ ക്ഷാമബത്തയും ശമ്പള പരിഷ്കരണവും</u>**

504 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷാമബത്ത ജീവനക്കാരുടെ അവകാശമല്ലെന്നും ഭരണപരമായ തീരുമാനത്തിന്റെ ഭാഗമാണെന്നും സർക്കാർ ഹൈക്കോടതിയെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിലപാടിന്റെ കാരണം വിശദമാക്കാമോ;

(ബി) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ക്ഷാമബത്ത കുടിശ്ശിക നൽകാനും ശമ്പള പരിഷ്കരണം നടത്താനും സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>മെഡിസെപ് പദ്ധതിയുടെ രണ്ടാംഘട്ടം</u>**

505 **ശ്രീ. പി. കെ. ബഷീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് രണ്ടാം ഘട്ടം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ നടപ്പാക്കാൻ കഴിയാത്തതിന്റെ വ്യക്തമായ കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) രണ്ടാം ഘട്ടത്തിൽ പ്രതിമാസ പ്രീമിയം 500 രൂപയിൽ നിന്ന് 810 രൂപയായി വർദ്ധിപ്പിക്കാനുള്ള സാഹചര്യം, പ്രീമിയവർദ്ധനവ് കാരണം ജീവനക്കാർക്ക്

ലഭിക്കുന്ന അധിക സൗകര്യങ്ങൾ എന്നിവയെക്കുറിച്ച് വിശദമാക്കാമോ;

(സി) പ്രീമിയം തുകയുടെ 18% വരുന്ന ജി.എസ്.ടി. ഒഴിവാക്കാൻ കേന്ദ്ര സർക്കാരുമായി നടത്തിയ ചർച്ചകളുടെ പുരോഗതി എന്താണെന്നും പ്രസ്തുത ബാധ്യത ഒഴിവാക്കി പ്രീമിയം തുക കുറയ്ക്കാൻ സംസ്ഥാനം പ്രത്യേക ഇടപെടൽ നടത്തിയിട്ടുണ്ടോയെന്നും വെളിപ്പെടുത്താമോ;

(ഡി) പ്രീമിയം തുക ഉയർത്തുമ്പോൾ നിലവിൽ പദ്ധതിയിൽ നിന്ന് വിട്ടുനിൽക്കുന്ന പ്രമുഖ സ്പെഷ്യലിസ്റ്റ് ആശുപത്രികളെയും സൂപ്പർ സ്പെഷ്യലിസ്റ്റ് വിഭാഗങ്ങളെയും പദ്ധതിയിലേക്ക് കൊണ്ടുവരുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഇ) പദ്ധതിയിൽ എംപാനൽ ചെയ്ത ആശുപത്രികളിൽ കൃത്യമായ ചികിത്സ ഉറപ്പാക്കാൻ എന്ത് നിരീക്ഷണ സംവിധാനമാണ് നിലവിലുള്ളതെന്നും വാഗ്ദാനം ചെയ്ത പരിരക്ഷയുടെ പകുതി പോലും നിലവിൽ ലഭിക്കുന്നില്ലെന്ന പരാതികളിൽ എന്ത് നടപടി സ്വീകരിച്ചുവെന്നും അറിയിക്കാമോ;

(എഫ്) മെഡിസെപ്പിൽ ചേരാൻ താൽപ്പര്യമില്ലാത്ത ജീവനക്കാർക്ക് പദ്ധതിയിൽ നിന്ന് ഒഴിഞ്ഞുനിൽക്കാൻ അനുവാദം നൽകുന്ന കാര്യം പരിഗണിക്കുമോ?

## <u>പേരാമ്പ്ര മണ്ഡലത്തിൽ ബജറ്റിൽ അനുവദിച്ച പദ്ധതികൾ</u>

506 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിലെ ബജറ്റുകളിൽ പേരാമ്പ്ര മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾ അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തികളുടെ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

## <u>പദ്ധതി പുരോഗതി</u>

507 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ പദ്ധതി പുരോഗതി വിശദമാക്കാമോ;

(ബി) നടപ്പ് സാമ്പത്തിക വർഷം അവസാനിക്കാൻ രണ്ടര മാസം മാത്രം ശേഷിക്കുന്ന സാഹചര്യത്തിൽ പദ്ധതി പ്രവർത്തനം മന്ദഗതിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ പദ്ധതി നടത്തിപ്പ് വേഗത്തിലാക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>ബഡ്ജറ്റിൽ ടോക്കൺ തുക മാത്രം വകയിരുത്തിയിരുന്ന തിരൂർ മണ്ഡലത്തിലെ പദ്ധതികൾ</u>

508 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 മുതൽ 2025 - 26 സാമ്പത്തിക വർഷം വരെ അവതരിപ്പിക്കപ്പെട്ട സംസ്ഥാന ബജറ്റുകളിൽ ടോക്കൺ തുക മാത്രം വകയിരുത്തിയിരുന്ന പദ്ധതികളിൽ ഏതെല്ലാം പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് എന്ന് നിയോജക മണ്ഡലം തിരിച്ച് അറിയിക്കാമോ;

(ബി) 2021-22 മുതൽ 2025 - 26 സാമ്പത്തിക വർഷം വരെ അവതരിപ്പിക്കപ്പെട്ട സംസ്ഥാന ബജറ്റിൽ ടോക്കൺ തുക മാത്രം വകയിരുത്തിയിരുന്ന തിരൂർ നിയോജക മണ്ഡലത്തിലെ പദ്ധതികളിൽ ഭരണാനുമതി നൽകുന്നതിന് വേണ്ടി പരിഗണിക്കുന്ന പദ്ധതികൾ ഏതെല്ലാം ആണെന്ന് അറിയിക്കാമോ?

**അഴീക്കോട് മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ**

509 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ നാളിതുവരെയുള്ള ബഡ്ജറ്റുകളിൽ അഴീക്കോട് മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; ഏതൊക്കെ പ്രവൃത്തികളാണ് ഇനി പൂർത്തീകരിക്കാനുള്ളതെന്നതും അറിയിക്കാമോ;

(ബി) പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും ആരംഭിക്കുന്നതിനും എന്തെങ്കിലും തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

**പാല മണ്ഡലത്തിലെ കടവുപുഴ പാലം പദ്ധതിക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കൽ**

510 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 സംസ്ഥാന ബജറ്റിൽ പാല മണ്ഡലത്തിലെ 878-ാം നമ്പരായി 20% ഫണ്ട് വകയിരുത്തിയ ചില്ലച്ചി തോടിന് കുറുകെ പാലം എന്ന പദ്ധതിക്ക് അനുവദിച്ച 350 ലക്ഷം രൂപയും 2670-ാം നമ്പരായി തീക്കോയി തലനാട് റോഡ് നിർമ്മാണത്തിന് അനുവദിച്ചതിൽ ബാക്കി നിൽക്കുന്ന തുകയായ 1.10 കോടി രൂപയും കടവുപുഴ പാലം പുനർനിർമ്മാണം എന്ന പദ്ധതിക്ക് മാറ്റി അനുവദിക്കണമെന്ന കത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) കടവുപുഴ പാലം പ്രളയത്തിൽ തകർന്നുപോയതുമൂലം ജനങ്ങൾ അനുഭവിക്കുന്ന ദുരിതം പരിഹരിക്കുവാൻ പ്രസ്തുത ഫണ്ട് മാറ്റി അനുവദിക്കുകയോ പുതിയ ഫണ്ട് ലഭ്യമാക്കുകയോ ചെയ്തുകൊണ്ട് പ്രസ്തുത പാലം പുനർനിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**കൈപ്പമംഗലം മണ്ഡലത്തിലെ ബജറ്റ് പ്രവൃത്തികൾ**

511 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം മണ്ഡലത്തിലെ 2016 മുതൽ 2025 വരെയുള്ള ടെൻഡർ ബാലൻസ് എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കാമോ;

(ബി) കൈപ്പമംഗലം മണ്ഡലത്തിലെ എത്ര വിദ്യാലയങ്ങൾക്കാണ് ചലഞ്ച് ഫണ്ട് ലഭ്യമാക്കിയിട്ടുള്ളത്;

(സി) പ്രസ്തുത വിദ്യാലയങ്ങൾക്ക് ചലഞ്ച് ഫണ്ട് എത്രയും വേഗം ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വ്യക്തമാക്കുമോ;

(ഡി) കൈപ്പമംഗലം മണ്ഡലത്തിലെ 2016 മുതൽ 2025 വരെയുള്ള ബജറ്റ് പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വ്യക്തമാക്കുമോ?

## ചന്തിരൂർ പൊതു മാലിന്യ സംസ്കരണ പ്ലാന്റ്

512 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾപ്പടുത്തി അരൂർ മണ്ഡലത്തിന് അനുവദിച്ച ചന്തിരൂർ പൊതു മാലിന്യ സംസ്കരണ പ്ലാന്റിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ ആരാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഫിഷറീസ് വകുപ്പിന് ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

## മണലൂർ മണ്ഡലത്തിലെ അന്നക്കര - കോക്കുർ - മറ്റം റോഡിന്റെ പ്രവൃത്തി

513 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബജറ്റുകളിൽ 10 കോടി രൂപയുടെ 20% തുക വകയിരുത്തുകയും 391.30 രൂപ ചെലവഴിച്ച് ആദ്യ ഘട്ടം പണി പൂർത്തീകരിക്കുകയും ചെയ്ത മണലൂർ മണ്ഡലത്തിലെ അന്നക്കര - കോക്കുർ - മറ്റം റോഡിന്റെ രണ്ടാം ഘട്ട പ്രവൃത്തിക്ക് പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച എസ്റ്റിമേറ്റ് (കമ്പ്യൂട്ടർ നമ്പർ 3080579) ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ധനാനുമതി/ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ അനുമതി നൽകാനുള്ള സത്വര നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

## പദ്ധതി പുരോഗതി

514 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 സാമ്പത്തിക വർഷത്തിലെ നാളിതുവരെയുള്ള പദ്ധതി പുരോഗതി വകുപ്പ് തിരിച്ച് ലഭ്യമാക്കാമോ?

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ബജറ്റിൽ വകയിരുത്തിയ തുക

515 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 2021-22 സാമ്പത്തിക വർഷം മുതൽ 2025-26 സാമ്പത്തിക വർഷം വരെ ബജറ്റിൽ വകയിരുത്തിയ വിഹിതം എത്ര കോടി രൂപയായിരുന്നുവെന്ന് വിശദീകരിക്കുമോ;

(ബി) 2021-22 മുതൽ 2024-25 സാമ്പത്തിക വർഷം വരെ ഓരോ വർഷവും ഇതിൽ എത്ര കോടി രൂപ അനുവദിച്ചു; വ്യക്തമാക്കാമോ;

(സി) തദ്ദേശ സ്ഥാപനങ്ങൾ 2021-22 മുതൽ 2024-25 വരെ ഓരോ സാമ്പത്തിക വർഷവും എത്ര കോടി രൂപ ചെലവഴിച്ചുവെന്ന് അറിയിക്കാമോ;

(ഡി) തദ്ദേശ സ്ഥാപനങ്ങൾക്ക് 2025-26 സാമ്പത്തിക വർഷത്തിൽ ഇതുവരെ എത്ര കോടി രൂപ അനുവദിച്ചു; അതിൽ എത്ര കോടി രൂപ ചെലവഴിച്ചു; വ്യക്തമാക്കുമോ?

## പ്ലാൻ ബി പദ്ധതി

516 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്ലാൻ- ബി എന്താണെന്ന് വിശദീകരിക്കാമോ;

(ബി) പ്ലാൻ- ബി അനുസരിച്ച് സംസ്ഥാനത്ത് എന്തെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

## 2025-26 ലെ ബജറ്റ് വിഹിതം

517 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 ൽ ഓരോ വകുപ്പുകൾക്കും വകയിരുത്തിയ ബജറ്റ് വിഹിതം എത്രയെന്നും, നാളിതുവരെ ഓരോ വകുപ്പും എത്ര രൂപ ചെലവഴിച്ചുവെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

## കിഫ്ബി മുഖേന കുണ്ടൂർ തോട് നവീകരണം

518 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബജറ്റിൽ കിഫ്ബി മുഖേന നവീകരിക്കുമെന്ന പ്രഖ്യാപനം നടത്തിയ തിരൂരങ്ങാടി മണ്ഡലത്തിലെ കുണ്ടൂർ തോട് നവീകരണം എന്ന പദ്ധതിക്ക് കിഫ്ബിയുടെ അംഗീകാരം ലഭ്യമാക്കിയോ; ഇല്ലെങ്കിൽ എന്നേക്ക് ലഭ്യമാക്കാനാകും; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വിശദമാക്കാമോ?

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിലെ ടെണ്ടർ സേവിങ്സ് തുക

519 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് വിനിയോഗത്തിൽ 2020-21 മുതലുള്ള ടെണ്ടർ സേവിങ്സ് തുക വർഷം തിരിച്ച് വിശദമാക്കാമോ?

## കോട്ടക്കൽ മണ്ഡലത്തിലെ പ്രവൃത്തികൾ

520 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 മുതലുള്ള ബഡ്ജറ്റുകളിൽ 20 ശതമാനം തുക നീക്കിവച്ചിട്ടുള്ള കോട്ടക്കൽ മണ്ഡലത്തിലെ പ്രവൃത്തികൾ ഏതെല്ലാമാണ്; ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്താണെന്ന് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഇനിയും ഭരണാനുമതി ലഭ്യമായിട്ടില്ലാത്ത പ്രവൃത്തികൾ ഏതെല്ലാമാണ്; ഭരണാനുമതി ലഭിക്കുന്നതിലെ കാലതാമസത്തിനുള്ള കാരണം അറിയിക്കാമോ;

(സി) നാളിതുവരെ ഭരണാനുമതി ലഭ്യമായിട്ടില്ലാത്ത പ്രവൃത്തികൾക്ക് അടിയന്തരമായി ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

## കല്ല്യാശ്ശേരി മണ്ഡലത്തിൽ ടോക്കൺ പ്രൊവിഷൻ ലഭിച്ച പ്രവൃത്തികളുടെ വിശദാംശം

521 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിൽ 2021-22 മുതൽ 2025-26 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാന ബഡ്ജറ്റിൽ 20% ടോക്കൺ പ്രൊവിഷൻ ലഭിച്ച പ്രവൃത്തികളുടെ വിശദാംശം, പ്രവൃത്തിയുടെ പേര്, സാമ്പത്തിക വർഷം, തുക എന്നിവ സഹിതം ലഭ്യമാക്കാമോ?

## മലപ്പുറം മണ്ഡലത്തിലെ ബജറ്റിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ പുരോഗതി

522 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിൽ 2021-22 മുതൽ 2025-26 വരെയുള്ള കാലയളവിലെ ബജറ്റുകളിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ വിശദാംശങ്ങൾ വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് ഓരോന്നിനും എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും അവയിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചുവെന്നും വ്യക്തമാക്കാമോ;

(സി) മേൽപ്പറഞ്ഞ പദ്ധതികളുടെ നിലവിലെ പുരോഗതി വിശദീകരിക്കാമോ?

## 2016-17 ബജറ്റിൽ പ്രഖ്യാപിച്ച റവന്യൂ ടവർ, മിനി സിവിൽ സ്റ്റേഷനുകളുടെ നിർമ്മാണം

523 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2017 ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിലും മറുപടി പ്രസംഗത്തിലും പ്രഖ്യാപിച്ച റവന്യൂ ടവറുകൾ/മിനി സിവിൽ സ്റ്റേഷനുകൾ ഏതൊക്കെയെന്നും അതിനായി എത്ര തുക വകയിരുത്തിയിരുന്നുവെന്നും വ്യക്തമാക്കാമോ;

(ബി) ഇതിൽ ഏതൊക്കെ പ്രവൃത്തികൾക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചുവെന്ന് വെളിപ്പെടുത്താമോ;

(സി) നിർമ്മാണം പൂർത്തീകരിച്ച/ആരംഭിച്ച/പുരോഗമിക്കുന്ന റവന്യൂ ടവർ/മിനി സിവിൽ സ്റ്റേഷനുകളുടെ വിശദാംശങ്ങൾ നൽകാമോ;

(ഡി) സംസ്ഥാന ഭവന നിർമ്മാണ ബോർഡ് വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ള/കിഫ്ബിയുടെ പരിഗണനയിലുള്ള റവന്യൂ ടവർ/മിനി സിവിൽ സ്റ്റേഷനുകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ഇ) പ്രസ്തുത പ്രവൃത്തികൾക്ക് അംഗീകാരം നൽകുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ;

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതൊക്കെ റവന്യൂ ടവറുകൾ/ മിനി സിവിൽ സ്റ്റേഷനുകൾക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

## പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പദ്ധതികൾക്ക് ബജറ്റിൽ അനുവദിച്ച തുക

524 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളിലെ പദ്ധതികൾക്കായി നീക്കിവെച്ച തുക എത്രയാണ്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത സാമ്പത്തിക വർഷത്തിൽ വകുപ്പിനായി അനുവദിച്ച മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ടോ; ധനകാര്യ വകുപ്പ് അനുവദിച്ച തുക വെട്ടിക്കുറച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ?

## സാമൂഹ്യ സുരക്ഷാ പെൻഷൻ

525 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ എത്ര രൂപ സാമൂഹ്യ സുരക്ഷാ പെൻഷനായി അനുവദിച്ചിട്ടുണ്ട്;

(ബി) നിലവിൽ എത്രപേർക്കാണ് സാമൂഹ്യ സുരക്ഷാ പെൻഷനും ക്ഷേമനിധി ബോർഡ് പെൻഷനും വിതരണം ചെയ്തുവരുന്നത് എന്ന് വിശദമാക്കാമോ?

## സാമൂഹ്യ സുരക്ഷാ പെൻഷൻ

526 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ എത്ര രൂപ അനുവദിച്ചിട്ടുണ്ട്; നിലവിൽ എത്ര പേർക്കാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ; സാമൂഹ്യ

സുരക്ഷാ പെൻഷൻ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) കേന്ദ്ര സഹായം ലഭിക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; എത്ര രൂപയാണ് കേന്ദ്ര വിഹിതമായി ഈയിനത്തിൽ ലഭിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) 2016-2021 കാലയളവിൽ ക്ഷേമ പെൻഷൻ ഇനത്തിൽ ആകെ എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്നും നിലവിൽ ക്ഷേമ പെൻഷനിൽ കുടിശ്ശിക എത്രയാണെന്നും വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് 2021 മേയ് മുതൽ നാളിതുവരെ അനുവദിച്ച വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളിൽ കേന്ദ്രവിഹിതമായി ലഭിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ;

(ഇ) അന്യായമായി ക്ഷേമ പെൻഷൻ വാങ്ങുന്നവരെ കണ്ടെത്തുന്നതിന്റെ ഭാഗമായി എത്ര ആളുകളെ ഒഴിവാക്കിയിട്ടുണ്ട്; ഇവർക്ക് നൽകിയ തുക തിരികെ വാങ്ങുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(എഫ്) സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നതിനുള്ള ഫണ്ട് എങ്ങനെയാണ് കണ്ടെത്തുന്നതെന്നും ഇതിനായി കടമെടുപ്പ് നടത്തിയിട്ടുണ്ടെങ്കിൽ എവിടെനിന്നെല്ലാമാണെന്നും എത്ര തുക ഈയിനത്തിൽ തിരിച്ചടച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ;

(ജി) സാമൂഹ്യ സുരക്ഷാ പെൻഷൻ തുക വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് വർദ്ധിപ്പിക്കുന്നതെന്നും എന്നു മുതലാണ് വർദ്ധിപ്പിച്ച തുക നൽകുന്നതെന്നും ഇതിനായി എത്ര തുക കൂടുതലായി കണ്ടെത്തണമെന്നും അറിയിക്കുമോ?

## സ്ത്രീ സുരക്ഷാ പദ്ധതി

527 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിമാസം ആയിരം രൂപ വീതം നൽകുന്ന സ്ത്രീ സുരക്ഷാ പദ്ധതിയിൽ ഇതുവരെ ലഭ്യമായ അപേക്ഷകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) പെൻഷൻ വിതരണം എന്ന് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## ക്ഷേമ പെൻഷൻ

528 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016, 2016-2021, 2021-2025 കാലയളവിൽ കേരളത്തിൽ വിതരണം ചെയ്ത ക്ഷേമ പെൻഷനുകളുടെ തുകയടങ്ങുന്ന കണക്ക് ഇനം തിരിച്ച് ലഭ്യമാക്കാമോ?

## കാസർഗോഡ് വികസന പാക്കേജിന് അനുവദിച്ച തുക

529 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് വികസന പാക്കേജ് നിലവിൽ വന്നതിനുശേഷം പ്രസ്തുത പാക്കേജിന് അനുവദിച്ച തുക എത്രയാണെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക വിനിയോഗിച്ച വിശദാംശം പ്രവൃത്തി തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രവൃത്തി ഏറ്റെടുത്ത കരാറുകാർ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോയെന്നും ബിൽ തുക നൽകിയിട്ടുണ്ടോയെന്നും പ്രവൃത്തി തിരിച്ച് വ്യക്തമാക്കാമോ;

(ഡി) പ്രവൃത്തി പൂർത്തീകരിച്ച കരാറുകാർക്ക് തുക നൽകാൻ ബാക്കിയുണ്ടോ; എങ്കിൽ കുടിശ്ശിക എത്ര കാലമായി തുടരുന്നുവെന്നും അതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കാമോ;

(ഇ) ഓരോ വർഷവും ബജറ്റിൽ കാസർഗോഡ് പാക്കേജിന് അനുവദിച്ച തുക മുഴുവൻ കൈമാറിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇതുവരെ ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

## തനതു നികുതി നികുതിയേതര വരുമാനം

530 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 സാമ്പത്തിക വർഷം നാളിതുവരെ ലഭിച്ച തനതു നികുതി വരുമാനം ഇനം തിരിച്ച് ലഭ്യമാക്കാമോ;

(ബി) 2025-26 സാമ്പത്തിക വർഷം നാളിതുവരെ ലഭിച്ച നികുതിയേതര വരുമാനം ഇനം തിരിച്ച് ലഭ്യമാക്കാമോ?

## സാമൂഹ്യനീതിയും പശ്ചാത്തല സൗകര്യ വികസനവും ഉറപ്പാക്കുന്ന വികസന കാഴ്ചപ്പാട്

531 **ശ്രീ പി എസ് സുപാൽ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ വി ശശി**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതിയും പശ്ചാത്തലസൗകര്യ വികസനവും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കുന്ന വികസന കാഴ്ചപ്പാടിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖമുൾപ്പെടെ പശ്ചാത്തല സൗകര്യ വികസന മേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന പുരോഗതി സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ പുതിയൊരു വളർച്ചാ തരംഗം സൃഷ്ടിക്കുമോ; വിശദമാക്കാമോ;

(സി) സംസ്ഥാനത്തിന് കേന്ദ്രനികുതി വിഹിതം കുറഞ്ഞുവരുന്നതിനെ സംബന്ധിച്ച് പതിനാറാം ധനകാര്യ കമ്മീഷന്റെയും കേന്ദ്രസർക്കാരിന്റെയും മുൻപിൽ ഉന്നയിക്കാൻ ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പതിനാറാം ധനകാര്യ കമ്മീഷന്റെ മുന്നിൽ സംസ്ഥാനങ്ങളുടെ ആവശ്യങ്ങൾ ഫലപ്രദമായി ഉന്നയിക്കുന്നതിന് മറ്റ് സംസ്ഥാനങ്ങളെയും കൂടി ചേർത്തുകൊണ്ട് ശക്തമായ അഭിപ്രായ രൂപീകരണം നടത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## പെട്രോളിയം ഉൽപ്പന്നങ്ങളുടെ നികുതി

532 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിൽക്കുന്ന പെട്രോൾ, ഡീസൽ, സി.എൻ.ജി., പാചകവാതകം തുടങ്ങിയവയ്ക്ക് നിലവിൽ സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള പ്രത്യേക നികുതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പെട്രോൾ, ഡീസൽ എന്നിവയ്ക്ക് ലിറ്ററിനും പാചകവാതക സിലിണ്ടറിനും സി.എൻ.ജി.ക്ക് കിലോ അളവിനും സംസ്ഥാന സർക്കാർ ചുമത്തിയിട്ടുള്ള നികുതി എത്ര വീതമെന്നും പ്രത്യേകം അറിയിക്കാമോ;

(സി) 2016 മുതൽ നാളിതുവരെ സംസ്ഥാന സർക്കാർ പെട്രോൾ, ഡീസൽ, സി.എൻ.ജി., പാചകവാതകം തുടങ്ങിയവയ്ക്ക് നികുതി ഏർപ്പെടുത്തിയതും വർദ്ധിപ്പിച്ചതും ആയ തീയതികൾ ഏതൊക്കെയാണെന്നും പ്രസ്തുത തീയതികളിൽ ഏർപ്പെടുത്തിയിട്ടുള്ളതും വർദ്ധിപ്പിച്ചിട്ടുള്ളതുമായ നികുതി എത്രയാണെന്നും അറിയിക്കാമോ;

(ഡി) സംസ്ഥാനത്ത് ക്ഷേമ പെൻഷൻ നൽകുന്നതിനായി ഏർപ്പെടുത്തിയ ഇന്ധന സെസ്സ് നിലവിൽ വന്നത് മുതൽ നാളിതുവരെയും ടി സെസ് ഇനത്തിൽ ആകെ എത്ര രൂപ ലഭ്യമായിട്ടുണ്ടെന്ന് സാമ്പത്തിക വർഷം തിരിച്ച് അറിയിക്കാമോ;

(ഇ) സംസ്ഥാനത്ത് ക്ഷേമ പെൻഷൻ നൽകുന്നതിന് വേണ്ടി ഏർപ്പെടുത്തിയിരുന്ന ഇന്ധന സെസ്സ് തുക ക്ഷേമ പെൻഷനുകൾക്കല്ലാതെ മറ്റേതെങ്കിലും കാര്യത്തിന് വേണ്ടി വിനിയോഗിച്ചിട്ടുണ്ടോ എന്നതും അറിയിക്കാമോ;

(എഫ്) സംസ്ഥാനത്ത് ഇന്ധന സെസ്സിലൂടെ ശേഖരിച്ച തുകയിൽ നിന്ന് ക്ഷേമ പെൻഷനുകൾ നൽകിയതിനു ശേഷം തുക ബാക്കി വന്നിട്ടുണ്ടെങ്കിൽ അത് എത്രയായിരുന്നു എന്നത് സാമ്പത്തിക വർഷം തിരിച്ച് അറിയിക്കാമോ?

## സംസ്ഥാനത്തിന്റെ ധനസ്ഥിതി

533 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. ആര്യാടൻ ഷൗക്കത്ത്**
**ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ നിലവിലെ ധനസ്ഥിതിയെ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ; ധനസ്ഥിതി മുൻവർഷത്തെക്കാൾ മോശമായ അവസ്ഥയിലാണോയെന്ന് വ്യക്തമാക്കാമോ;

(ബി) നടപ്പുവർഷത്തിൽ അനുവദിച്ച പരിധിയിൽ കൂടുതൽ കടമെടുക്കാൻ കേന്ദ്രത്തിൽ നിന്നും അനുമതി തേടിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വിശദമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ കടമെടുപ്പ് അഭ്യർത്ഥന കേന്ദ്ര സർക്കാർ നിരസിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകാമോ?

## റിസർവ് ബാങ്കിലുള്ള ക്യാഷ് റിസർവ് പരിധി

534 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് എത്ര ദിവസം സംസ്ഥാനത്തിന് റിസർവ് ബാങ്കിലുള്ള ക്യാഷ് റിസർവ് പരിധി നിലനിർത്താൻ സാധിക്കാതെ വന്നിരുന്നുയെന്നത് സംബന്ധിച്ച വിവരം ലഭ്യമാക്കാമോ;

(ബി) ഈ കാലയളവിൽ സംസ്ഥാനം എപ്പോഴെല്ലാം ഓവർ ഡ്രാഫ്റ്റിലായിട്ടുണ്ട്; ഓവർ ഡ്രാഫ്റ്റിന് പലിശ നൽകേണ്ടി വന്നിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണ് പലിശ നൽകേണ്ടി വന്നതെന്ന് വിശദമാക്കാമോ?

## സ്പാർക്ക് പി.എം.യു.മായി ബന്ധപ്പെട്ട പരിശോധനാ റിപ്പോർട്ടുകൾ

535 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ഏപ്രിൽ 1 മുതൽ സ്പാർക്ക് പദ്ധതിയുടെ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് സംബന്ധിച്ച് വിവിധ വകുപ്പുകൾ നടത്തിയ പരിശോധനകളിൽ സാമ്പത്തികവും ഭരണപരവുമായ ഗുരുതര ക്രമക്കേടുകൾ കണ്ടെത്തിയതായി ധനകാര്യ പരിശോധനാ റിപ്പോർട്ടുകൾ ലഭിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2016 മുതൽ ഇതുവരെ സ്പാർക്ക് പി.എം.യു. -നെ സംബന്ധിച്ച് ലഭിച്ച പരിശോധനാ റിപ്പോർട്ടുകളുടെ എണ്ണം, റിപ്പോർട്ട് തയ്യാറാക്കിയ വകുപ്പുകൾ, റിപ്പോർട്ടുകളുടെ കാലയളവ് എന്നിവ സംബന്ധിച്ച വിവരം അറിയിക്കുമോ; പ്രസ്തുത പരിശോധനാ റിപ്പോർട്ടുകളിൽ കണ്ടെത്തിയ പ്രധാന ക്രമക്കേടുകളും ഗുരുതരമായ അപാകതകളും ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പരിശോധനാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സ്പാർക്ക് പി.എം.യുവിന്റെ ഭാഗത്തുനിന്നും ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ ഏതെല്ലാമാണെന്ന് വിശദീകരിക്കുമോ; റിപ്പോർട്ടുകളിൽ ശിപാർശ ചെയ്ത നടപടികൾ പൂർണ്ണമായി നടപ്പാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) പരിശോധനകളിൽ കണ്ടെത്തിയ ക്രമക്കേടുകൾ സംബന്ധിച്ച് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല ശിക്ഷാനടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ കേസുകളുടെ എണ്ണം, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത റിപ്പോർട്ടുകളിൽ ക്രിമിനൽ സ്വഭാവമുള്ള വീഴ്ചകൾ കണ്ടെത്തിയ സാഹചര്യത്തിൽ പോലീസ് അന്വേഷണം അല്ലെങ്കിൽ വിജിലൻസ് അന്വേഷണം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(എഫ്) ഇത്തരം ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കാനും സ്പാർക്ക് പി.എം.യു.-ന്റെ പ്രവർത്തനങ്ങളിൽ സുതാര്യത, ഉത്തരവാദിത്തം, ധനകാര്യ നിയന്ത്രണം എന്നിവ ഉറപ്പാക്കാനും സ്വീകരിക്കാനുദ്ദേശിക്കുന്ന അടിയന്തര നടപടികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

## വർക്കല നിയോജക മണ്ഡലത്തിൽ ആസ്തി വികസന പദ്ധതി

536 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജക മണ്ഡലത്തിൽ 2021-22, 2022-23, 2023-24, 2024-25 എന്നീ സാമ്പത്തിക വർഷങ്ങളിൽ ആസ്തി വികസന പദ്ധതി മുഖേന തദ്ദേശസ്വയംഭരണ വകുപ്പ്, ഇറിഗേഷൻ, പൊതുമരാമത്ത് എന്നീ വകുപ്പുകൾ നിർവഹണ ഏജൻസിയായിട്ടുള്ള പ്രവർത്തികളുടെ ടെണ്ടർ സേവിംഗ്സ് തുക എത്രയാണെന്ന് വർഷം തിരിച്ച് വിശദമാക്കാമോ?

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതമായി നൽകിയ തുക

537 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി സംസ്ഥാന വിഹിതമായി എത്ര തുകയാണ് വകയിരുത്തിയത് എന്ന് വർഷം തിരിച്ചു വ്യക്തമാക്കാമോ;

(ബി) 2016 മുതൽ നാളിതുവരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന പദ്ധതി വിഹിതമായി എത്ര തുകയാണ് അനുവദിച്ചത് എന്ന് വർഷം തിരിച്ചു വ്യക്തമാക്കാമോ?

## സംസ്ഥാന ജി.എസ്.ടി. വകുപ്പിലെ ചീഫ് ഇൻവെസ്റ്റിഗേറ്റർ ശ്രീ ജോൺസൺ ചാക്കോയുടെ കരാർ കാലാവധി

538 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജി.എസ്.ടി. വകുപ്പിൽ ചീഫ് ഇൻവെസ്റ്റിഗേറ്റർ ആയി കരാർ അടിസ്ഥാനത്തിൽ നിയമിതനായ ജോൺസൺ ചാക്കോ എന്നയാളുടെ കരാർ കാലാവധി നീട്ടി നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; കരാർ നിയമനം പുതുക്കിയപ്പോൾ അദ്ദേഹം എഗ്രിമെന്റ് ഒപ്പുവെച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## കോർപ്പറേഷൻ/ബോർഡ് ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ സ്വീകരിച്ച നടപടികൾ

539 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിന്റെ നിയന്ത്രണത്തിൽ എത്ര കോർപ്പറേഷൻ/ബോർഡുകൾ ഉണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ വിവിധ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**ഉടുമ്പൻചോല മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് മുഖേനയുള്ള പ്രവൃത്തികൾ**

540 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിൽ 2021-22 മുതൽ 2025-26 സാമ്പത്തിക വർഷം വരെ ആസ്തി വികസന ഫണ്ടിൽ ടെണ്ടർ സേവിംഗ്സ് ഇനത്തിൽ എത്ര രൂപ ബാക്കിയുണ്ടെന്നത് സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിലെ സേവിംഗ്സ് പ്രയോജനപ്പെടുത്തി എത്ര തുകയുടെ പുതിയ പ്രവൃത്തികൾ നിർവഹിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**മെഡിസെപ് പദ്ധതിയിൽ ആയുർവ്വേദ ചികിത്സ**

541 **ശ്രീമതി ദലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് പദ്ധതിയിൽ ആയുർവ്വേദ ചികിത്സ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; നിലവിൽ ഇത് ഉൾപ്പെടുത്താനുള്ള തടസ്സം എന്താണെന്ന് വിശദമാക്കാമോ?

**ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ട്**

542 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ പരിശോധന വിഭാഗം 2025 ഒക്ടോബർ മുതൽ 2026 ജനുവരി വരെ സർക്കാരിന് എത്ര പരിശോധന റിപ്പോർട്ടുകൾ സമർപ്പിച്ചുവെന്ന വിവരം അറിയിക്കാമോ;

(ബി) അതിൽ ക്രമക്കേട് കണ്ടെത്തിയത് എത്ര പരിശോധനകളിലാണ്; ക്രമക്കേട് കണ്ടെത്തിയ റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

**പാലക്കാട് ജില്ലയിലെ കാരുണ്യ ബെനവലന്റ് ഫണ്ട്**

543 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22, 2022-23, 2023-24, 2024-25 എന്നീ വർഷങ്ങളിൽ പാലക്കാട് ജില്ലയിൽ കാരുണ്യ ബെനവലന്റ് ഫണ്ട് മുഖേന എത്ര തുക അനുവദിച്ചുവെന്നും എത്ര പേർക്കാണ് അനുവദിച്ചതെന്നും വിശദമാക്കാമോ?

**സാമ്പത്തിക പ്രതിസന്ധി**

544 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ; എങ്കിൽ ആയതിന്റെ കാരണങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ;

(ബി) സാമ്പത്തിക പ്രതിസന്ധി മൂലം തടഞ്ഞുവെച്ചിട്ടുള്ള വിവിധ ബില്ലുകളുടെ ആകെ തുക എത്രയാണ്; ആയവയിൽ തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം എത്രയാണ്; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ നികുതി പിരിവ് കാര്യക്ഷമമല്ലെന്ന സി.എ.ജി. റിപ്പോർട്ടിലെ പരാമർശങ്ങൾ പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചു; വിവിധ ഇനങ്ങളിലെ നികുതി കുടിശ്ശിക എത്രയാണ്; ആയത് പിരിച്ചെടുക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ഡി) സാമ്പത്തിക പ്രതിസന്ധി കാരണം ബജറ്റിൽ പ്രഖ്യാപിച്ച വികസന പദ്ധതികളുടെ വിഹിതത്തിൽ എന്തെങ്കിലും കുറവ് വരുത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് ഇത്തരത്തിൽ വെട്ടിക്കുറയ്ക്കാൻ ഉദ്ദേശിക്കുന്നത്;

(ഇ) സംസ്ഥാനത്തിന്റെ തനത് വരുമാനം വർധിപ്പിച്ച് സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം തനത് വരുമാനത്തിൽ ഉണ്ടായ വർധനവ് ഓരോ വർഷവും എത്ര തുകയാണ്; വ്യക്തമാക്കുമോ?

## വളാഞ്ചേരിയിൽ യു. പി. എച്ച്. സി. കെട്ടിട നിർമ്മാണത്തിന് തുക അനുവദിക്കൽ

545 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരിയിൽ പുതിയതായി നിർമ്മിക്കുന്ന യു. പി. എച്ച്. സി. കെട്ടിടത്തിന്റെ ഒന്നാം ഘട്ട യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക മലപ്പുറം ജില്ലാ നാഷണൽ ഹെൽത്ത് മിഷന് കൈമാറുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ചങ്ങനാശ്ശേരി മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ

546 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ 2018-19 മുതൽ 2025-26 വരെയുള്ള കാലഘട്ടത്തിൽ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II -ൽ ഉൾപ്പെടുത്തി 20% തുക അനുവദിച്ച പ്രവൃത്തികളിൽ ഇനിയും ഭരണാനുമതി ലഭ്യമാക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ;

(ബി) ചങ്ങനാശ്ശേരി മണ്ഡലത്തിൽ 2021-22, 2022-23, 2023-24, 2024-25, 2025-26 എന്നീ സാമ്പത്തിക വർഷങ്ങളിൽ എൽ.എൽ.എ. യുടെ ആസ്തി വികസന ഫണ്ട്, പ്രാദേശിക വികസന ഫണ്ട്, നബാർഡ് ഫണ്ട് എന്നിവ ഉപയോഗിച്ച്

നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം നൽകുമോ; ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

## ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ മുഖേന ചെയ്യുന്ന പ്രവൃത്തികൾ

547 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് ടെൻഡർ മുഖേനയും അല്ലാതെയും അനുവദിച്ചിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ; ഓരോ പ്രവൃത്തിയുടെയും എസ്റ്റിമേറ്റ് തുകയും പ്രസ്തുത പ്രവർത്തികളുടെ നിലവിലെ അവസ്ഥ എന്താണെന്നും അറിയിക്കുമോ;

(ബി) 2020-21 മുതൽ 2024-25 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തെ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് വിവിധ വകുപ്പുകൾ മുഖേന അനുവദിച്ചിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; പ്രവൃത്തി, വകുപ്പ്, അനുവദിച്ച വർഷം, സൊസൈറ്റിയുടെ പേര്, എസ്റ്റിമേറ്റ് തുക എന്നിവ ഉൾപ്പെടുത്തി വിശദാംശം നൽകുമോ;

(സി) പ്രസ്തുത സൊസൈറ്റികൾക്ക് ടെൻഡർ നടപടികൾ ഒഴിവാക്കി നോമിനേഷൻ അടിസ്ഥാനത്തിൽ അനുവദിച്ചിട്ടുള്ള പ്രവൃത്തികളുടെ എണ്ണം, മൂല്യം, അനുവദിച്ച വർഷം, ടെൻഡർ ഒഴിവാക്കിയതിന് കാരണം എന്നിവ വ്യക്തമാക്കുമോ;

(ഡി) ഏറ്റവും കുറഞ്ഞ ടെൻഡർ തുകയെ അപേക്ഷിച്ച് പത്ത് ശതമാനത്തിലധികം തുക ടെൻഡർ എക്സസ് വന്ന സാഹചര്യങ്ങളിലും പ്രസ്തുത സൊസൈറ്റികൾക്ക് പ്രവൃത്തികൾ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; ഇപ്രകാരം അനുവദിച്ചതിനാൽ സർക്കാരിന് എത്ര രൂപയുടെ സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ടെന്ന് വർഷവും പ്രവൃത്തിയും തിരിച്ച് വിശദമാക്കാമോ;

(ഇ) മേൽപ്പറഞ്ഞ സാഹചര്യങ്ങളിൽ ലേബർ കോൺട്രാക്ട് സൊസൈറ്റികൾക്ക് പ്രത്യേക പരിഗണന നൽകുന്നതിനായി നിലവിൽ ഏതെങ്കിലും മാർഗനിർദ്ദേശങ്ങളോ ഉത്തരവുകളോ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(എഫ്) പത്ത് ശതമാനം അധികരിച്ച ടെണ്ടർ തുകയിൽ പ്രവൃത്തികൾ നൽകിയ ഇനത്തിൽ സർക്കാരിന് ഉണ്ടായ നഷ്ടം സംബന്ധിച്ച് ഓഡിറ്റ് വിഭാഗം നടത്തിയ കണ്ടെത്തൽ എന്തൊക്കെയായിരുന്നുവെന്നും പ്രസ്തുത നഷ്ടം നികത്തുന്നതിനായി ഓഡിറ്റ് നിർദേശിച്ച പരിഹാര മാർഗ്ഗങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ?

## കരാറുകാർക്ക് അനുവദിച്ച തുക

548 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി നിലവിലുള്ള സർക്കാരിന്റെ കാലയളവിൽ കരാറുകാർക്ക് അനുവദിച്ച തുക എത്രയാണെന്നത്

സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്കുകളോടൊപ്പം അതിൽ എത്ര തുക നല്കിതീർത്തിട്ടുണ്ടെന്നും അറിയിക്കാമോ;

(ബി) പൂർത്തീകരിച്ച പ്രവൃത്തികളുടെ തുക കരാറുകാർക്ക് നൽകി തീർത്തിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ ഇനിയും എത്ര തുക ഈ ഇനത്തിൽ നല്കാൻ ഉണ്ടെന്നും അത് എന്നേക്ക് നല്കാനാകുമെന്നും അറിയിക്കാമോ;

(സി) കരാറുകാർക്കുള്ള കുടിശ്ശികയുമായി ബന്ധപ്പെട്ട് നിലവിൽ ഏതെല്ലാം കേസുകൾ നിലനിൽക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

## അവശ്യവസ്തുക്കളുടെ വില വർദ്ധന തടയൽ

549 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശ്യ വസ്തുക്കളുടെ വില മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ വളരെ ഉയർന്ന നിൽക്കുന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ നികുതിയിളവിലൂടെയോ മറ്റു മാർഗ്ഗങ്ങളിലൂടെയോ വിപണി വില കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ബി) അവശ്യവസ്തു വില വർദ്ധന തടയാൻ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(സി) അവശ്യ വസ്തു വില മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ എത്ര ശതമാനം വർദ്ധനവിലാണ് എന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് വിൽക്കുന്ന അവശ്യവസ്തുക്കളുടെ നികുതിയിൽ സംസ്ഥാന സർക്കാരിന് ഇളവ് നൽകാൻ സാധിക്കുന്ന മാർഗ്ഗങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഇ) സബ്സിഡി നൽകി വിലവർദ്ധനയെ പിടിച്ചുനിർത്തുന്നതിനുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമോ എന്ന് വ്യക്തമാക്കാമോ?

## ശ്രീ. വാസുദേവാശ്രമം ഹയർ സെക്കണ്ടറി സ്കൂളിന്റെ ഡി.ഡി.ഒ. കോഡ് മാറ്റാൻ നടപടി

550 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഏറ്റെടുത്ത ശ്രീ.വാസുദേവാശ്രമം ഹയർ സെക്കണ്ടറി സ്കൂളിലെ ഹൈസ്കൂൾ വിഭാഗത്തിന്റെ ഡി.ഡി.ഒ. കോഡ് സർക്കാർ സ്കൂളിന്റേതാക്കി മാറ്റാൻ വിദ്യാഭ്യാസ വകുപ്പിൽ നിന്നും എന്തൊക്കെ രേഖകൾ സഹിതമാണ് അപേക്ഷിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഡി.ഡി.ഒ. കോഡ് മാറ്റിക്കൊണ്ട് എന്നാണ് ഉത്തരവ് ഇറങ്ങിയതെന്ന് വ്യക്തമാക്കുമോ; ഇതേ സ്കൂളിന്റെ ഹയർ സെക്കണ്ടറി കോഡ് സർക്കാർ സ്കൂളിന്റേതാക്കി മാറ്റുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ടോയെന്നും എങ്കിൽ എന്തൊക്കെ രേഖകളാണ് ലഭിച്ചതെന്നും എന്നാണ് ലഭിച്ചതെന്നും വ്യക്തമാക്കുമോ;

(സി) ഹയർ സെക്കണ്ടറി ഡി.ഡി.ഒ. കോഡ് മാറുന്നതിന് എന്താണ് തടസ്സമെന്നും എന്നേക്ക് ഇത് മാറ്റി ലഭിക്കുമെന്നും വ്യക്തമാക്കുമോ?

## കോഴിക്കോട് സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിൽ ഇന്ത്യൻ കോഫി ഹൗസ് ഔട്ട്ലെറ്റ്

551 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിൽ ഇന്ത്യൻ കോഫി ഹൗസിന് ഔട്ട്ലെറ്റ് തുടങ്ങുന്നത് സംബന്ധിച്ച ഫയൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലുണ്ടോ;

(ബി) റവന്യൂ വകുപ്പിൽ നിന്നും അയച്ച പ്രസ്തുത ഫയലിൽ (കമ്പ്യൂട്ടർ നമ്പർ: 2356688) തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഔട്ട്ലെറ്റിന് അനുമതി ലഭിക്കുവാൻ എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിക്കേണ്ടത്; വ്യക്തമാക്കാമോ?

## ക്ഷേമ പെൻഷൻ വർദ്ധനവും വിതരണവും

552 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രഖ്യാപിച്ച ക്ഷേമ പെൻഷൻ തുക വർദ്ധനവിന്റെയും വിതരണത്തിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ക്ഷേമപെൻഷൻ അതത് മാസങ്ങളിൽ തന്നെ വിതരണം ചെയ്യണമെന്ന സർക്കാർ ലക്ഷ്യം ഇതിലൂടെ പാലിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ;

(സി) 2024 നവംബർ മാസത്തിൽ ക്ഷേമ പെൻഷൻ വിതരണത്തിനായി എത്ര തുകയാണ് ധനവകുപ്പ് അനുവദിച്ചതെന്നത് വ്യക്തമാക്കാമോ;

(ഡി) കുറ്റമറ്റനിലയിൽ സമയബന്ധിതമായി ക്ഷേമ പെൻഷനുകളുടെ വിതരണം പൂർത്തിയാക്കുന്നതിനായി സർക്കാർ ഒരുക്കിയ സംവിധാനങ്ങൾ വിശദമാക്കാമോ?

## പാലാ തലനാട് ഇലവുംപാറ ചൊവ്വൂർ നരിമറ്റം റോഡ്

553 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ നിയോജക മണ്ഡലത്തിലെ തലനാട് ഇലവുംപാറ ചൊവ്വൂർ നരിമറ്റം റോഡിനുവേണ്ടി സമർപ്പിച്ച ഫയൽ നം. ഐ. എൻ. പി. ഡബ്ല്യൂ. സി1/59/2025/ ഫിൻ ഫയലിന്റെ തൽസ്ഥിതി വ്യക്തമാക്കാമോ; വർഷങ്ങളുടെ കാലതാമസം നേരിടുന്ന പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## ശബരിമല വികസന മാസ്റ്റർ പ്ലാനുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ പ്രവൃത്തികൾ

554 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ശബരിമല തീർത്ഥാടനത്തിന്റെ സുഗമമായ നടത്തിപ്പിനായി വിവിധ വകുപ്പുകൾ വഴി എത്ര

തുകയുടെ പ്രവൃത്തികളാണ് നടപ്പാക്കിയിട്ടുള്ളത്; വകുപ്പ് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) ശബരിമല വികസന മാസ്റ്റർ പ്ലാനുമായി ബന്ധപ്പെട്ട് ഇതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ; എത്ര തുകയാണ് ആയതിനായി നീക്കിവെച്ചിട്ടുള്ളത്; ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ?

## വിദ്യാഭ്യാസ മേഖലയിലെ കിഫ്ബി പദ്ധതികൾ

555 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉന്നത/പൊതുവിദ്യാഭ്യാസ മേഖലയിൽ കിഫ്ബി മുഖേന എത്ര വികസന പ്രവർത്തനങ്ങളാണ് അനുവദിച്ചതെന്നും ഇതിനായി എത്ര കോടി രൂപ ചിലവഴിച്ചുവെന്നുമുള്ള വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തുക അനുവദിക്കപ്പെട്ടിട്ടും ഇനിയും തുടങ്ങാത്ത എത്ര പ്രവൃത്തികൾ ഉണ്ടെന്ന് വിശദമാക്കാമോ?

## കോഴിക്കോട് നോർത്ത് പുതിയങ്ങാടി-കൃഷ്ണൻ നായർ റോഡിന്റെ ഭൂമി ഏറ്റെടുക്കൽ നടപടി

556 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിലെ പുതിയങ്ങാടി-കൃഷ്ണൻ നായർ റോഡിന്റെ ഭൂമി ഏറ്റെടുക്കൽ നടപടി കോടതി കാര്യങ്ങൾ മൂലം തടസ്സപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേസിലെ കക്ഷിയായ ശ്രീ. രാജേന്ദ്രൻ നമ്പ്യാർ തന്റെ ഭൂമി പൂർണ്ണമായി ഏറ്റെടുക്കണമെന്നാവശ്യപ്പെട്ട് കിഫ്ബിക്ക് അപേക്ഷ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷയിൽ സ്വീകരിച്ച തുടർനടപടികൾ എന്തൊക്കെയാണ്;

(സി) പ്രസ്തുത ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച കേസ് അടിയന്തരമായി തീർപ്പുകൽപ്പിച്ച് പ്രവൃത്തി പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

## അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖാന്തരം അനുവദിച്ച പദ്ധതികൾ

557 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ <u>പത്തു</u> വർഷകാലയളവിൽ കിഫ്ബി മുഖാന്തരം അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ അനുവദിച്ച വിവിധ പദ്ധതികളുടെ വിവരവും ആയതിന് അനുവദിച്ച തുകയും ഓരോ പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

## കോതമംഗലം ചേലാട് സ്റ്റേഡിയം നിർമ്മാണം

558 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന ചേലാട് സ്റ്റേഡിയം നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(ബി) തടസ്സങ്ങൾ നീക്കി സ്റ്റേഡിയം നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**ഒറ്റപ്പാലം മണ്ഡലത്തിലെ ശ്രീകൃഷ്ണപുരം ഗവ. എഞ്ചിനീയറിംഗ് കോളേജിൽ ലേഡീസ് ഹോസ്റ്റൽ നിർമ്മാണം**

559 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് ശ്രീകൃഷ്ണപുരം ഗവ. എഞ്ചിനീയറിംഗ് കോളേജിൽ ലേഡീസ് ഹോസ്റ്റൽ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തിയുടെ ടെൻഡർ നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ പ്രസ്തുത ഫയൽ ആരുടെ കൈവശമാണ് ഉള്ളതെന്നും ടെൻഡർ നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ?

**കടമക്കുടി ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണം**

560 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി 1.30 കോടി രൂപയ്ക്ക് ധനാനുമതി നൽകിയിട്ടുള്ളതും കരാർ വച്ചിട്ടുള്ളതുമായ കടമക്കുടി ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

**കിഫ്ബി പ്രവൃത്തികളുടെ പുരോഗതി**

561 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകനാർക്കാവ് മ്യൂസിയം പ്രവൃത്തി, പെരിഞ്ചേരി കടവ് റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണ പ്രവൃത്തി, മൊകേരി കോളേജ് ലേഡീസ് ഹോസ്റ്റൽ നിർമ്മാണം എന്നീ കിഫ്ബി പ്രവൃത്തികൾ ഏതുഘട്ടത്തിൽ ആണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**കായംകുളം മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

562 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ കായംകുളം മണ്ഡലത്തിൽ കിഫ്ബി പദ്ധതി പ്രകാരം അനുവദിച്ച പ്രവൃത്തികൾ എതെല്ലാമെന്നും ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും പ്രവൃത്തികളുടെ നിലവിലുള്ള പുരോഗതിയും വിശദമാക്കാമോ?

**അരുവിക്കര മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

563 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള സർക്കാരിന്റെ കാലയളവിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അരുവിക്കര മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിവരങ്ങളും അനുവദിച്ച തുകയും തരം തിരിച്ച് നൽകാമോ?

**മങ്കട മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

564 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നടന്നുവരുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) നാളിതുവരെ പൂർത്തിയാകാത്തതും എന്നാൽ പുരോഗമിച്ചു കൊണ്ടിരിക്കുന്നതുമായ പ്രവൃത്തികൾ ഓരോന്നും ഏത് ഘട്ടത്തിലാണെന്നും ഇനി എന്തെല്ലാം നടപടികളാണ് ബാക്കിയുള്ളതെന്നും അറിയിക്കുമോ; ഏതെല്ലാം എസ്. പി. വി. (Special Purpose Vehicle)-കളെയാണ് നിർവഹണ ചുമതല ഏൽപ്പിച്ചിട്ടുള്ളത്; ഏതെങ്കിലും പ്രവൃത്തി നടപ്പിലാക്കുന്നതിൽ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; വിശദാംശം നൽകുമോ;

(സി) മങ്കട ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ നിർമ്മാണ പ്രവൃത്തികളിൽ കാര്യമായ പുരോഗതി കൈവരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കെ. എസ്. ഐ. റ്റി. എൽ. മുഖേന നടപ്പിലാക്കുന്ന പ്രസ്തുത കോളേജിന്റെ കെട്ടിട നിർമ്മാണത്തിന്റെ ബിഡിംഗ് നടപടികൾ പൂർത്തിയായിട്ടുണ്ടോ; കെട്ടിട നിർമ്മാണ പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കർശന നിർദ്ദേശം നൽകുമോ?

**എളങ്കുന്നപ്പുഴ ഗവ. ഹൈസ്കൂൾ കെട്ടിട നിർമ്മാണം**

565 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി 1.30 കോടി രൂപ ധനാനുമതി നൽകിയിട്ടുള്ളതും കരാർ വെച്ചിട്ടുള്ളതുമായ എളങ്കുന്നപ്പുഴ ഗവ. ഹൈസ്കൂൾ കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണം കരാർ കാലാവധി പ്രകാരം എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ?

**നാദാപുരം മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

566 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2025 വരെ നാദാപുരം മണ്ഡലത്തിൽ കിഫ്ബി പദ്ധതി പ്രകാരം നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണ്;

(ബി) ആയതിൽ പൂർത്തീകരിച്ച പദ്ധതികൾ ഏതെല്ലാമെന്നും പൂർത്തീകരിക്കാനുള്ള പദ്ധതികൾ ഏതെല്ലാമെന്നും ഇനം തിരിച്ച് ലഭ്യമാക്കാമോ;

(സി) ഇനിയും പൂർത്തീകരിക്കാത്ത കിഫ്ബി പദ്ധതികൾ ഈ സർക്കാരിന്റെ കാലത്ത് തന്നെ പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) നാദാപുരം മണ്ഡലത്തെയും കൂത്തുപറമ്പ് മണ്ഡലത്തെയും ബന്ധിപ്പിക്കുന്ന തുരുത്തിമുക്ക്-കരിയാട്, കല്ലാച്ചേരി കടവ് പാലം എന്നീ പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ;

(ഇ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട എടച്ചേരി-കുന്നംചിറ -കായപ്പനച്ചി റോഡ് എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിലേക്കായി നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

## പേരാമ്പ്ര മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

567 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ 2016 മുതൽ 2021 വരെ കിഫ്ബി വഴി പൂർത്തിയാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിയുടെയും എസ്റ്റിമേറ്റ് തുക, ചെലവഴിച്ച തുക എന്നിവ ലഭ്യമാക്കാമോ?

## കിഫ്ബി മുഖേനയുള്ള മാനഞ്ചിറ ഗവ. മോഡൽ സ്കൂൾ കെട്ടിട നിർമ്മാണം

568 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ കിഫ്ബി ഫണ്ട് അനുവദിച്ച മാനഞ്ചിറ ഗവ. മോഡൽ സ്കൂൾ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിനുള്ള തടസ്സങ്ങൾ നീക്കി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## നെന്മാറ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

569 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ എതെല്ലാമാണ്; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) മേൽപ്പറഞ്ഞതിൽ എത്ര പദ്ധതികളാണ് പൂർത്തീകരിച്ചതെന്നും നിലവിൽ എത്ര പദ്ധതികളാണ് തുടങ്ങാൻ ഉള്ളതെന്നും വിശദമാക്കുമോ?

## ജി.എച്ച്.എസ്.എസ്. തോലന്നൂർ സ്കൂൾ കെട്ടിടം പ്രവൃത്തി പുരോഗതി

570 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ 3.90 കോടി രൂപ ചെലവിൽ നിർമിക്കുന്ന ജി.എച്ച്.എസ്.എസ്. തോലന്നൂർ സ്കൂൾ കെട്ടിടത്തിന്റെ പ്രവൃത്തി പുരോഗതി നിലവിൽ ഏത് ഘട്ടത്തിലാണ്; പ്രസ്തുത നിർമാണം എന്ന് പൂർത്തീകരിക്കുവാൻ കഴിയും; വ്യക്തമാക്കാമോ?

## നായരമ്പലം മത്സ്യമാർക്കറ്റിന്റെ നിർമ്മാണം

571 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി 2.76 കോടി രൂപയ്ക്ക് ധനാനുമതി നൽകിയിട്ടുള്ള നായരമ്പലം മത്സ്യമാർക്കറ്റിന്റെ നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

## വടക്കാഞ്ചേരി മണ്ഡലത്തിൽ കിഫ്ബി ഫണ്ട് വകയിരുത്തിയ പദ്ധതികൾ

572 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിൽ കിഫ്ബി ഫണ്ട് വകയിരുത്തിയ പദ്ധതികൾ ഏതെല്ലാമാണ്; ആയതിൽ പൂർത്തീകരിച്ച പദ്ധതികൾ ഏതെല്ലാമെന്നും പൂർത്തീകരിക്കാനുള്ള പദ്ധതികൾ ഏതെല്ലാമെന്നും ഇനം തിരിച്ച് അറിയിക്കാമോ;

(ബി) മേൽപ്പറഞ്ഞതിൽ ഓരോ പദ്ധതിയുടെയും നിലവിലെ പുരോഗതി വിശദമാക്കാമോ?

## ജി. എസ്. ടി. വകുപ്പ് നടത്തിയ അറസ്റ്റുകളും പ്രോസിക്യൂഷൻ കേസുകളും

573 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി. എസ്. ടി. കാലഘട്ടത്തിൽ സംസ്ഥാന ജി. എസ്. ടി. വകുപ്പ് ഇതുവരെ നടത്തിയ അറസ്റ്റുകളുടെയും ആരംഭിച്ച പ്രോസിക്യൂഷൻ കേസുകളുടെയും എണ്ണം വ്യക്തമാക്കുമോ;

(ബി) ഇതിൽ നിന്ന് ഇതുവരെ എത്ര പേർക്ക് ജാമ്യം ലഭിച്ചു; ഓരോ കേസിലെയും റിമാൻഡ് കാലയളവ് വ്യക്തമാക്കുമോ; നിലവിൽ എത്ര പേർ ജയിലിലാണ് എന്നീ വിവരം നല്കാമോ;

(സി) എത്ര കേസുകളിൽ സംസ്ഥാന ജി. എസ്. ടി. വകുപ്പ് വിചാരണ ആരംഭിക്കുന്നതിനുള്ള ചാർജ്ജ് ഷീറ്റ്/അന്തിമ റിപ്പോർട്ട് ഫയൽ ചെയ്തിട്ടുണ്ടെന്നത് വ്യക്തമാക്കാമോ;

(ഡി) കേസുകളിൽ ചാർജ്ജ് ഷീറ്റ്/അന്തിമ റിപ്പോർട്ട് ഇതുവരെ ഫയൽ ചെയ്തിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) ജി. എസ്. ടി. കേസുകളിലെ വിചാരണ ഏത് കോടതിയിലാണ് നടത്തുന്നത് എന്നതറിയിക്കാമോ;

(എഫ്) കേസ് വാദിക്കുന്നതിന് സംസ്ഥാന ജി. എസ്. ടി. വകുപ്പ് ഇതുവരെ ഏതെങ്കിലും പ്രോസിക്യൂട്ടറെ നിയമിച്ചിട്ടുണ്ടോ; ജി. എസ്. ടി. കേസുകൾ കൈകാര്യം ചെയ്യുന്നതിനുള്ള പ്രോസിക്യൂട്ടറുടെ പേര് വ്യക്തമാക്കുമോ; ഇതുവരെ നിയമിച്ചിട്ടില്ലെങ്കിൽ, നിയമനം നടത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ജി) പ്രോസിക്യൂട്ടറെ നിയമിക്കുന്നതിനുള്ള നിർദ്ദേശം സംസ്ഥാന ജി. എസ്. ടി. വകുപ്പ് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് തീയതിയിൽ സമർപ്പിച്ചു എന്നത് വ്യക്തമാക്കുമോ?

## നികുതി വരുമാനം

574 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ സൃഷ്ടിച്ച ധന ഞെരുക്കം അതിജീവിക്കുന്നതിനായി തനത് നികുതി വരുമാനം വർദ്ധിപ്പിക്കാൻ സ്വീകരിച്ച പ്രവർത്തനങ്ങൾ ഫലവത്തായിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനും നികുതി വെട്ടിപ്പ് കണ്ടെത്തുന്നതിനും നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ നികുതി വരുമാനം ഉയർത്തുന്നതിന് സഹായമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## ഐ. ജി. എസ്. ടി. ഇനത്തിൽ ലഭിച്ച തുക

575 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 മുതൽ നാളിതുവരെ ഓരോ വർഷവും ഐ. ജി. എസ്. ടി. ഇനത്തിൽ സംസ്ഥാനത്തിന് ലഭിച്ച തുക വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഇതിൽ ഐ. ജി. എസ്. ടി. പൂളിൽനിന്നും കേന്ദ്രസർക്കാർ സംസ്ഥാനങ്ങൾക്ക് വീതിച്ചുനൽകുന്നതിന്റെ ഭാഗമായി ലഭിച്ച തുക എത്രയാണെന്ന് വർഷം തിരിച്ച് ലഭ്യമാക്കാമോ?

## ജി. എസ്. ടി. നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കുന്നത്

576 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി. എസ്. ടി. നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സർക്കാരിന്റെ വികസന നിർമ്മാണ പ്രവൃത്തികൾക്ക് 18% ജി.എസ്.ടി. ഈടാക്കുന്നത് കുറയ്ക്കുന്നതിനോ ഒഴിവാക്കുന്നതിനോ ആവശ്യമായ ഇടപെടലുകൾ നടത്തുമോ?

## ജി. എസ്. ടി. വകുപ്പ് സ്വമേധയാ കണ്ടെത്തിയ വ്യാജ ജി. എസ്. ടി. രജിസ്ട്രേഷനുകൾ

577 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ഏപ്രിൽ മുതൽ സംസ്ഥാന ജി. എസ്. ടി. വകുപ്പ് സ്വമേധയാ കണ്ടെത്തിയ വ്യാജ ജി. എസ്. ടി. രജിസ്ട്രേഷനുകളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ; ഇതിന്റെ ജില്ലാടിസ്ഥാനത്തിലുള്ള സ്ഥിതിവിവരക്കണക്കുകളും ഇടപാടുകളുടെ വ്യാപ്തിയും വ്യാജ ഐ. ടി. സി. (ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്) തുകയും ഉൾപ്പെടെ വിശദമാക്കാമോ;

(ബി) പ്രസ്തുത തട്ടിപ്പിന് പിന്നിലുള്ള കുറ്റവാളികളെ കണ്ടെത്താൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഇതുവരെ എത്ര പേരെ അറസ്റ്റ് ചെയ്യുകയോ പ്രോസിക്യൂട്ട് ചെയ്യുകയോ ചെയ്തുവെന്നും വ്യക്തമാക്കാമോ;

(സി) നിരപരാധികളായ പൗരന്മാരുടെ ഐഡന്റിറ്റി ക്രെഡൻഷ്യലുകൾ ഉപയോഗിച്ച് അജ്ഞാതരായ കുറ്റവാളികൾ ജി. എസ്. ടി. രജിസ്ട്രേഷൻ നേടുകയും വൻതുക ഉൾപ്പെടുന്ന ഇടപാടുകൾ നടത്തുകയും ചെയ്തതായി ലഭിച്ച പരാതികളുടെ എണ്ണം വ്യക്തമാക്കാമോ; പ്രസ്തുത പരാതികളുടെ ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശങ്ങളും സ്ഥിതിവിവരക്കണക്കുകളും ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത വിഷയത്തിൽ ജി. എസ്. ടി. വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഇ) ഇതു സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് ആഭ്യന്തരവകുപ്പിന് ഔപചാരികമായ പരാതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(എഫ്) പരാതി നൽകിയിട്ടില്ലെങ്കിൽ പരാതി നൽകുന്നതിൽ നിന്ന് വിട്ടുനിന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് എത്ര പേർ ഹൈക്കോടതിയിൽ ഹർജി നൽകിയിട്ടുണ്ടെന്നതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ?

## <u>ജി. എസ്. ടി. വകുപ്പിന് കീഴിലുള്ള വിവിധ വിഭാഗങ്ങളുടെ പ്രതിമാസ വസ്തുതാ പത്രിക</u>

578 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025 ജൂലൈ മുതൽ സംസ്ഥാന ജി. എസ്. ടി. വകുപ്പിന് കീഴിലുള്ള വിവിധ വിഭാഗങ്ങളുടെ പ്രതിമാസ പ്രകടന വിവരങ്ങൾ കാണിക്കുന്ന പ്രതിമാസ വസ്തുതാ പത്രിക വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നത് നിർത്തിവച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) അങ്ങനെയെങ്കിൽ, പതിവായി പ്രസിദ്ധീകരിച്ചുവന്ന ഈ രീതി നിർത്തിവച്ചതിന്റെ കാരണങ്ങൾ എന്തൊക്കെയാണ്; വസ്തുതാ പത്രികകൾ സമയബന്ധിതമായി പ്രസിദ്ധീകരിക്കുന്നതിൽ വകുപ്പ് ഉദ്യോഗസ്ഥർ വിമുഖത കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കുമോ;

(സി) വകുപ്പിന്റെ പ്രകടന വിവരങ്ങൾ പങ്കാളികൾക്കും പൊതുജനങ്ങൾക്കും പതിവായി വെളിപ്പെടുത്തേണ്ടതിന്റെയും സുതാര്യതയുടെയും പ്രാധാന്യം സർക്കാർ അംഗീകരിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പ്രതിമാസ വസ്തുതാ പത്രികകൾ ഔദ്യോഗിക വെബ്സൈറ്റിൽ സമയബന്ധിതമായി പ്രസിദ്ധീകരിക്കുന്നത് ഉറപ്പാക്കാൻ സംസ്ഥാന ജി.എസ്.ടി.കമ്മീഷണർക്ക്

ആവശ്യമായ നിർദ്ദേശങ്ങൾ നൽകുമോ;

(ഇ) 2025 ജൂലൈ മുതൽ 2025 ഡിസംബർ വരെയുള്ള കാലയളവിലെ പ്രതിമാസ വസ്തുതാ വിവരണ പത്രികകളുടെ പകർപ്പുകൾ നൽകുമോ?

## ജി. എസ്. ടി. വകുപ്പിന്റെ പരിശോധന

579 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ പെന്റോണിക്സ് സിസ്റ്റംസ്, രവിപുരം എന്ന സ്ഥാപനത്തിൽ 2025 നവംബർ 13-ന് ജി. എസ്. ടി. വകുപ്പ് നടത്തിയ പരിശോധനയിൽ, ജി.എസ്.ടി. ആക്ട് 2017-ലെ 70, 71 എന്നീ വകുപ്പുകൾ പ്രകാരം അധികാരമില്ലാതെ പരിശോധന നടത്തിയെന്നും കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജീവനക്കാരും ഇന്റേൺഷിപ്പ് വിദ്യാർത്ഥികളും അനധികൃതമായി പരിശോധനയിൽ പങ്കെടുത്തെന്നും ഉള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജി. എസ്. ടി. ആക്ട് 2017-ലെ വകുപ്പ് 71 പ്രകാരം ജോയിന്റ് കമ്മീഷണറോ അതിനു മുകളിലോ ഉള്ള ഉദ്യോഗസ്ഥൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനല്ലാതെ പരിശോധന നടത്താൻ പാടില്ലെന്ന് വ്യവസ്ഥയുള്ളപ്പോൾ ഈ പരിശോധനയിൽ, 2025 ഒക്ടോബർ 18-ന് കരാർ കാലാവധി അവസാനിച്ച ശ്രീ. ജോൺസൺ ചാക്കോ എന്ന വിരമിച്ച ജീവനക്കാരൻ പ്രത്യേക അന്വേഷണ ഉദ്യോഗസ്ഥനായി പ്രവർത്തിച്ചെന്നും അദ്ദേഹം വിജിലൻസ് അന്വേഷണം (പി. ഇ./11/2022/എസ്. സി. ഇ.) നേരിടുന്നുണ്ടെന്നും വ്യക്തമായിട്ടുണ്ടോ;

(സി) സി. ജി. എസ്. ടി. റൂൾസിലെ റൂൾ 139 പ്രകാരം ജി. എസ്. ടി. ഐ. എൻ. എസ്-01 ഫോമിൽ ശരിയായ അധികാര പത്രം നൽകാതെയും ജി.എസ്.ടി. ഐ.എൻ.എസ്-02 ഫോമിലെ പിടിച്ചെടുക്കൽ ഉത്തരവിൽ പിടിച്ചെടുക്കലിനുള്ള കാരണങ്ങൾ വ്യക്തമാക്കാതെയും നടപടി സ്വീകരിച്ചതായി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) പരിശോധന സംഘത്തിൽ നിയമ വിദ്യാലയത്തിലെ ഇന്റേൺഷിപ്പ് വിദ്യാർത്ഥികൾ, ഡ്രൈവർമാർ, അനധികൃത വ്യക്തികൾ എന്നിവരും ഉൾപ്പെട്ടിരുന്നതായി സി. സി. ടി. വി. ദൃശ്യങ്ങളിൽ നിന്ന് തെളിഞ്ഞിട്ടുണ്ടോ; ജി.എസ്.ടി. ആക്ട് 2017-ലെ വകുപ്പ് 72 പ്രകാരം അധികാരമില്ലാത്ത വ്യക്തികളുടെ സാന്നിധ്യം നിയമ ലംഘനമാണോയെന്ന് വ്യക്തമാക്കാമോ;

(ഇ) പരിശോധന ഉദ്യോഗസ്ഥർ പരാതിക്കാരന്റെ ഓഡിറ്ററുമായി ബന്ധപ്പെട്ട് 12 ലക്ഷം രൂപ ആവശ്യപ്പെട്ടതായും പരിശോധന വേളയിൽ ഒരു സോവറിൻ തൂക്കമുള്ള സ്വർണ്ണമോതിരം നഷ്ടപ്പെട്ടതായും പരാതി ലഭിച്ചിട്ടുണ്ടോ;

(എഫ്) ഈ സംഭവത്തിൽ ക്രൈംബ്രാഞ്ച് അന്വേഷണം നടത്താനും ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാനും തയ്യാറാകുമോ; ജി. എസ്. ടി. വകുപ്പിലെ കരാർ നിയമനങ്ങളുടെ നിയമസാധുതയും അവരുടെ അധികാരപരിധിയും വ്യക്തമാക്കുന്ന മാർഗ്ഗനിർദേശങ്ങൾ പുറപ്പെടുവിക്കുമോ?

## തൃക്കരിപ്പൂർ സബ് ട്രഷറി അനുവദിക്കുന്നത് സംബന്ധിച്ച്

580 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി

സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂരിൽ അനുവദിക്കപ്പെട്ടതും പ്രവർത്തിച്ചു വരുന്നതുമായ വൺമാൻ ട്രഷറി നിർത്തലാക്കി സബ് ട്രഷറി അനുവദിക്കുമെന്ന് അറിയിച്ചിട്ട് വർഷങ്ങൾ കഴിഞ്ഞിട്ടും സബ് ട്രഷറി അനുവദിക്കാൻ കഴിയാത്തതെന്തുകൊണ്ടെന്ന് അറിയിക്കാമോ; തൃക്കരിപ്പൂർ സബ്ട്രഷറി എന്ന് പ്രഖ്യാപിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**കോഴിക്കോട് ജില്ലയിലെ സബ്ട്രഷറികൾക്ക് സ്വന്തമായി കെട്ടിടം**

581 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഏതൊക്കെ സബ്ട്രഷറികൾക്കാണ് സ്വന്തമായി കെട്ടിടം ഇല്ലാത്തത്;

(ബി) ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ കൂരച്ചുണ്ട് ഗ്രാമ പഞ്ചായത്തിലെ സബ്ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**സബ്ട്രഷറി ഓഫീസിന്റെ നിർമ്മാണം**

582 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം നിയോജകമണ്ഡലത്തിലെ പുതിയ സബ്ട്രഷറി ഓഫീസിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

**കുത്തിയതോട് സബ്ട്രഷറി കെട്ടിട നിർമ്മാണം**

583 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ കുത്തിയതോട് സബ്ട്രഷറി കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**ട്രഷറി സംബന്ധമായ ക്രമക്കേടുകൾ**

584 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറി ഇടപാടുകളിലെ ക്രമക്കേടുകൾ തടയുന്നതിന് നടപ്പിലാക്കി വരുന്ന ആന്തരിക ഓഡിറ്റ് സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ച് വർഷം ട്രഷറി സംബന്ധമായ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ നടപടി എടുത്തിട്ടുണ്ട്; വിശദമാക്കാമോ?

**ലോട്ടറി ടിക്കറ്റ് ഏജന്റുമാരുടെ ക്ഷേമത്തിനുള്ള നടപടികൾ**

585 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലോട്ടറി ടിക്കറ്റ് കച്ചവടം നടത്തി ഉപജീവനം നടത്തുന്ന ഏജന്റുമാരുടെ ക്ഷേമത്തിന് സർക്കാർ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ലോട്ടറി ടിക്കറ്റ് കച്ചവടക്കാർക്ക് ലോട്ടറി വകുപ്പ് നൽകി വരുന്ന മുച്ചക്ര വാഹനങ്ങൾ വിതരണം ചെയ്യുന്നതിലുള്ള മാർഗനിർദേശങ്ങൾ വിശദമാക്കാമോ;

(സി) ഇത്തരത്തിൽ പട്ടാമ്പി നിയോജക മണ്ഡലത്തിൽ മുച്ചക്ര വാഹനം എത്ര പേർക്ക് നൽകിയിട്ടുണ്ട് എന്നും ഈ ഇനത്തിൽ എത്ര അപേക്ഷ സർക്കാരിന് ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

## സംസ്ഥാന ലോട്ടറി ക്ഷേമനിധി ബോർഡിലെ ക്രമക്കേട്

586 **ശ്രീ. അൻവർ സാദത്ത്**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലോട്ടറി ക്ഷേമനിധി ബോർഡിലെ ഏജന്റുമാരും തൊഴിലാളികളും അടച്ച അംശാദായത്തിൽനിന്നും 14.93 കോടി രൂപ തട്ടിയെടുത്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) അംശാദായം ബാങ്കിലേക്ക് അടയ്ക്കുന്നതിനും സർക്കാർ ഗ്രാന്റ് കൈകാര്യം ചെയ്യുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) മേൽപ്പറഞ്ഞ സംവിധാനങ്ങളുടെ പ്രവർത്തനത്തിൽ മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്ന് ഗുരുതരമായ വീഴ്ച സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## ലോട്ടറി ഡയറക്ടറേറ്റിലെ ആരോപണവിധേയർക്കെതിരെയുള്ള അന്വേഷണം

587 **ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി വകുപ്പ് ഡയറക്ടറേറ്റിലെ ഒരു ജീവനക്കാരൻ നിയമവിരുദ്ധമായി ഡയറക്ടറുടെ ഡിജിറ്റൽ ഒപ്പ് ഉപയോഗിച്ച് അനധികൃതമായി ജീവനക്കാരുടെ ഇൻക്രിമെന്റ് പാസാക്കുക, ലീവ് അനുവദിക്കുക തുടങ്ങിയ പ്രവൃത്തികൾ ചെയ്തതായി പറയപ്പെടുന്ന സംഭവം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; പ്രസ്തുത സംഭവത്തിന്മേൽ എന്തെങ്കിലും അന്വേഷണം നടക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) സമ്മാനർഹമായ ലോട്ടറിയുടെ കൈപ്പറ്റാത്ത സമ്മാനത്തുകകൾ ഇത്തരത്തിൽ ഡിജിറ്റൽ ഒപ്പ് ഉപയോഗിച്ച് തട്ടിപ്പ് നടത്തിയത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആർക്കെല്ലാമെതിരെയാണ് അന്വേഷണം

നടക്കുന്നതെന്നും അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി എന്തെന്നും വിശദമാക്കാമോ;

(സി) ഇത്തരത്തിൽ ആരോപണവിധേയരായ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

## ലോട്ടറി വകുപ്പിലെ ക്രമക്കേടുകൾ

588 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലോട്ടറി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ലോട്ടറി ക്ഷേമനിധി ഫണ്ടുമായി ബന്ധപ്പെട്ട് അടുത്തകാലത്ത് ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ലോട്ടറി ക്ഷേമനിധിയിൽ ഇതുവരെ കണ്ടെത്തിയ ക്രമക്കേടുകൾ മൂലം സംസ്ഥാനത്തിന് സംഭവിച്ച ആകെ സാമ്പത്തിക നഷ്ടം എത്രയാണെന്ന് സർക്കാർ കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമായ കണക്കുകൾ നൽകുമോ;

(ബി) പ്രസ്തുത അഴിമതികളിൽ ഉത്തരവാദിത്തം നിർണയിച്ച് ഏതെല്ലാം ഉദ്യോഗസ്ഥർക്കും/വ്യക്തികൾക്കും എതിരെയാണ് നടപടികൾ ആരംഭിച്ചിട്ടുള്ളത്; ഇതുവരെ എത്രപേർക്കെതിരെയാണ് വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുള്ളത്; സർക്കാർ നഷ്ടം തിരികെ പിടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഈ വിഷയത്തിൽ പോലീസ് കേസ്/FIR രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഏജൻസിയെയാണ് അന്വേഷണം ഏൽപ്പിച്ചിരിക്കുന്നത്; അന്വേഷണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ്; ലോട്ടറി ക്ഷേമനിധി അഴിമതിയുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിന്റെ ഇൻസ്പെക്ഷൻ വിങ്ങ് (ഫിനാൻസ് ഇൻസ്പെക്ഷൻ വിംങ്) ഏതെങ്കിലും അന്വേഷണം/പ്രത്യേക പരിശോധന നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പരിശോധനാ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഭാവിയിൽ ഇത്തരത്തിലുള്ള ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കാനായി ലോട്ടറി ക്ഷേമനിധിയുടെ പ്രവർത്തനങ്ങളിൽ സുതാര്യതയും സാമ്പത്തിക നിയന്ത്രണവും ഉറപ്പാക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ളതോ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതോ ആയ പരിഷ്കാര നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

## കെ. എസ്. എഫ്. ഇ.യിൽ വൺ ടൈം സെറ്റിൽമെന്റ്

589 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ്**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. എഫ്. ഇ.യിൽ വൺ ടൈം സെറ്റിൽമെന്റ് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) കെ. എസ്. എഫ്. ഇ.യിൽ ഒ. റ്റി. എസ്. നടപ്പാക്കുമ്പോൾ അർഹതപ്പെട്ടവർക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## കെ.എസ്.എഫ്.ഇ. ചിട്ടി കുടിശ്ശിക നിവാരണം

590 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ഡോ. എൻ. ജയരാജ്**
**ശ്രീ. പ്രമോദ് നാരായൺ**
**ശ്രീ. ജോബ് മൈക്കിൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. ചിട്ടികൾ മുടങ്ങിയവർക്കും ലോൺ തിരിച്ചടവിൽ മുടക്കം വന്നവർക്കും എന്തെല്ലാം ഇളവുകളാണ് നിലവിൽ നൽകുന്നത്; വ്യക്തമാക്കുമോ;

(ബി) കുടിശ്ശിക നിവാരണ പദ്ധതികൾ നിലവിൽ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി കാലയളവിൽ ലക്ഷ്യമിട്ട മൊത്തം പിരിവ്, പിരിച്ചെടുക്കുവാൻ സാധിച്ച തുക, അനുവദിച്ച പലിശ ഇളവ് എന്നിവ അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

## കാട്ടാക്കട മണ്ഡലത്തിലെ പുതിയ കെ. എസ്. എഫ്. ഇ. ശാഖകൾ

591 **ശ്രീ. ഐ. ബി. സതീഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജക മണ്ഡലത്തിൽ കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ പുതുതായി എത്ര കെ.എസ്.എഫ്.ഇ. ശാഖകൾ ആരംഭിച്ചിട്ടുണ്ടെന്നും അതെവിടെയൊക്കെയാണെന്നും എന്നുമുതലാണെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## കെ. എസ്. എഫ്. ഇ. കുടിശ്ശികയുള്ളവർക്ക് വൺടൈം സെറ്റിൽമെന്റ്

592 **ശ്രീ ഡി കെ മുരളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. എഫ്. ഇ. കുടിശ്ശികയുള്ളവർക്ക് വൺടൈം സെറ്റിൽമെന്റ് ആനുകൂല്യം ഇപ്പോൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) കുടിശ്ശികയുള്ളവർക്ക് വൺടൈം സെറ്റിൽമെന്റിലൂടെ എന്തെല്ലാം ആനുകൂല്യങ്ങളാണ് കെ . എസ്. എഫ്. ഇ. നൽകിയിരുന്നത് എന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പുന:സ്ഥാപിക്കുവാൻ ആലോചനയുണ്ടോ; വിശദമാക്കാമോ?

## മെഡിസെപ് - മാറ്റങ്ങൾ

593 **ശ്രീ. ലിന്റോ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള മെഡിസെപ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തിയാണ് പുതിയ പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന്

വ്യക്തമാക്കുമോ;

(ബി) പുതിയ പദ്ധതി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## മെഡിസെപ്

594 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും മെഡിസെപ് ഇൻഷുറൻസ് പരിരക്ഷയിൽ ഉൾപ്പെടാത്ത ആശുപത്രി ചെലവുകൾ ലഭിക്കുന്നതിനായി സമർപ്പിക്കുന്ന മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) നിലവിൽ അനുവദിച്ചിട്ടുള്ള ആശുപത്രികളുടെ സൗകര്യങ്ങൾ പരിശോധിച്ച് അവിടെ നൽകുന്ന എല്ലാ ചികിത്സയ്ക്കും മെഡിസെപ് പരിരക്ഷ അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാമോ?

## കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

595 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അനിൽ അംബാനിയുടെ ഉടമസ്ഥതയിലുള്ള സ്ഥാപനത്തിൽ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ നിക്ഷേപം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കോടി രൂപയാണ് നിക്ഷേപിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിക്ഷേപത്തിൽ നിന്നും നാളിതുവരെ എത്ര കോടി രൂപ തിരികെ ലഭിച്ചിട്ടുണ്ടെന്നത് വ്യക്തമാക്കാമോ?

## ഇ-സ്റ്റാംപ് സംവിധാനം

596 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-സ്റ്റാംപ് സംവിധാനം എന്നു മുതലാണ് നിലവിൽ വന്നത്;

(ബി) കംപ്യൂട്ടറിൽ സ്റ്റാംപ് വെണ്ടർമാർ ജനറേറ്റ് ചെയ്തെടുക്കുന്ന ഇ-സ്റ്റാംപിന് പ്രിന്റിംഗ് ചാർജ് നൽകേണ്ടതുണ്ടോ; എങ്കിൽ എത്ര;

(സി) അഞ്ഞൂറ് രൂപ വരെ മുഖവിലയുള്ള ഇ-സ്റ്റാംപിന് പ്രിന്റിംഗ് ചാർജ് നൽകി വരാറുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയാണെന്നും ഇല്ലെങ്കിൽ അതിന്റെ കാരണവും വിശദമാക്കുമോ;

(ഡി) സൗജന്യമായി നൽകി വരുന്ന പത്രം എടുക്കുന്നതിന് സർക്കാർ എന്തെങ്കിലും ആനുകൂല്യങ്ങൾ വെണ്ടർമാർക്ക് നൽകി വരുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) എല്ലാ തുകക്കുമുള്ള ഇ-സ്റ്റാംപിനും പ്രിന്റിംഗ് ചാർജ് നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് കേരള സ്റ്റാംപ് വെണ്ടേഴ്സ് യൂണിയൻ നൽകിയ നിവേദനത്തിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(എഫ്) വെണ്ടർമാർക്ക് അഞ്ഞൂറ് രൂപ വരെയുള്ള ഓരോ ഇ-സ്റ്റാംപും എടുത്തു കൊടുക്കുമ്പോൾ ഉണ്ടാവുന്ന സാമ്പത്തിക നഷ്ടം നികത്തുന്നതിനായി എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ജി) ഇ-സ്റ്റാംപ് വിതരണം പൂർണ്ണമായും സ്വകാര്യ വ്യക്തികൾക്ക് നൽകുവാൻ ആലോചിക്കുന്നുണ്ടോ; ഇക്കാര്യത്തിൽ ധനകാര്യ,നികുതി, ട്രഷറി വകുപ്പുകളിലെ ഉദ്യോഗസ്ഥർ ചർച്ച നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; എല്ലാ തുകക്കുമുള്ള ഇ-സ്റ്റാംപുകൾക്കും ഒരേ രീതിയിൽ പ്രിന്റിംഗ് ചാർജ് ഏർപ്പെടുത്തി ട്രഷറി ഉദ്യോഗസ്ഥരുടെ ജോലി ഭാരം കുറയ്ക്കുവാൻ നടപടി സ്വീകരിക്കുമോ?

## മാവേലിക്കര കോർട്ട് കോംപ്ലക്സ് നിർമ്മാണം

597 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര കോർട്ട് കോംപ്ലക്സ് നിർമ്മാണത്തിന് അനുവദിച്ച തുകയും ഇതിൽ കേന്ദ്ര-സംസ്ഥാന വിഹിതം എത്രയെന്ന വിവരവും ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ കേന്ദ്ര വിഹിതം ലഭ്യമായിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തി 2026 ഫെബ്രുവരി 15 ന് മുൻപ് പൂർത്തീകരിക്കുവാനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## സിവിൽ കേസുകളിലെ കാലതാമസം ഒഴിവാക്കാൻ നടപടി

598 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ്**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിവിൽ കേസുകൾ തീർപ്പു കല്പിക്കുന്നതിൽ വലിയ കാലതാമസം നേരിടുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) സിവിൽ കേസുകൾ വേഗം തീർപ്പു കല്പിക്കുന്നതിനു സ്ഥിരം അദാലത്തുകൾ നടത്താൻ നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഇത്തരം കേസുകൾ വേഗം തീർപ്പു കല്പിക്കുന്നതിന് ആവശ്യമായ കൂടുതൽ ജീവനക്കാരെയും മറ്റ് സൗകര്യങ്ങളും ലഭ്യമാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## നിയമങ്ങൾ പരിഷ്കരിക്കുന്നതിന് സർക്കാർ നടപടി

599 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റവാളികളായി ജയിലിലെത്തി വീണ്ടും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്ക് യഥേഷ്ടം പരോൾ അനുവദിക്കുന്നതിൽ അനുവർത്തിക്കുന്ന വിവേചനങ്ങൾ നിയമ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(ബി) ഇത്തരം നിയമലംഘനങ്ങൾ തടയുന്നതിനായി നിയമ വകുപ്പ് കൈക്കൊള്ളാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

## പൊതുമേഖലാ സ്ഥാപനങ്ങളിലെ പെൻഷൻ പ്രായം

600 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്തെ ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളിലാണ് പെൻഷൻ പ്രായം അറുപത് വയസ്സായി ഉയർത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പെൻഷൻ പ്രായം ഉയർത്തുന്നത് സംബന്ധിച്ച് ധനകാര്യവകുപ്പിന്റെ എതിർപ്പിനെ മറികടന്ന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ; വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലെ പെൻഷൻ പ്രായം ഉയർത്തുന്നതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ് നൽകിയ റിമാർക്ക്സിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## പൊതുമേഖല സ്ഥാപനങ്ങളുടെ ലാഭവിഹിതം

601 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലാഭത്തിൽ പ്രവർത്തിക്കുന്ന എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ആണുള്ളത്; ഇവയുടെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും സർക്കാരിന് ലാഭവിഹിതം ലഭിക്കുന്നുണ്ടോ; എങ്കിൽ 2021 മുതൽ ഓരോ വർഷവും സർക്കാരിന് ലാഭവിഹിതം നൽകിയ സ്ഥാപനങ്ങളുടെയും ലാഭവിഹിതത്തിന്റെയും വിവരം നൽകാമോ?

## ബാംബൂ കോർപ്പറേഷനിലെ ജീവനക്കാരുടെയും ഫാക്ടറി തൊഴിലാളികളുടെയും ആനുകൂല്യങ്ങൾ

602 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാംബൂ കോർപ്പറേഷനിലെ ജീവനക്കാർക്കും ഫാക്ടറി തൊഴിലാളികൾക്കും എത്രമാസമായി ശമ്പളം നൽകാനുണ്ടെന്നു വിശദമാക്കാമോ;

(ബി) ജീവനക്കാരുടെയും തൊഴിലാളികളുടെയും ഡി. എ. കുടിശ്ശിക, വിരമിച്ചവർക്ക് പി. എഫ്. , ഗ്രാറ്റുവിറ്റി ഉൾപ്പെടെ നൽകുന്നതിനായി എത്ര തുക വേണ്ടിവരുമെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച കണക്ക് വകുപ്പിന്റെ പക്കൽ ഉണ്ടോ; വിശദംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത കോർപ്പറേഷനിലെ തൊഴിലാളികൾക്കും ജീവനക്കാർക്കും നൽകേണ്ട കുടിശ്ശിക എന്ന് കൊടുക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) ജീവനക്കാരുടെയും തൊഴിലാളികളുടെയും ആനുകൂല്യം നൽകുന്നത് സംബന്ധിച്ച് ബഹു. വ്യവസായ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗങ്ങളിൽ എന്തെല്ലാം തീരുമാനങ്ങൾ കൈക്കൊണ്ടുവെന്നും അതിൽ ഏതെല്ലാം തീരുമാനമാണ്

നടപ്പിലാക്കിയത് എന്നും ഇനം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രസ്തുത കോർപ്പറേഷൻ നവീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും പുതിയതായി നടപ്പിലാക്കിയ പദ്ധതികളുടെയും അനുവദിച്ച തുകയുടെയും വിവരം ലഭ്യമാക്കാമോ?

**വടക്കാഞ്ചേരി മണ്ഡലത്തിലെ കെൽട്രോൺ ഉപകമ്പനികളുടെ ലിക്വിഡേഷൻ**

603 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ മുളങ്കുന്നത്തുകാവിൽ കെൽട്രോൺ ഉപകമ്പനികളുടെ ലിക്വിഡേഷനിലുള്ള ഭൂമി വ്യവസായ വികസനത്തിന് ഉപയോഗപ്രദമാക്കുന്നതിനായി കെൽട്രോണും സി-മെറ്റും സംയുക്ത സംരംഭമെന്ന നിലയിൽ സെൻസർ -ഇലക്ട്രോണിക് കംപോണന്റ്സ് എന്നിവയുടെ ഉത്പാദനത്തിനായി ഒരു കോമൺ ഫെസിലിറ്റി സെന്റർ ആരംഭിക്കാനുള്ള പ്രൊപ്പോസലിന്റെ നിലവിലെ പുരോഗതി വിശദമാക്കാമോ;

(ബി) ഒഫിഷ്യൽ ലിക്വിഡേറ്ററുടെ കൈവശത്തു നിന്നും ഭൂമി വിട്ടുകിട്ടുന്നതിനുള്ള കോടതി നടപടികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

**ആറാലുംമൂട് കേരളാ ആട്ടോമൊബൈൽസിൽ അനുവദിച്ച പദ്ധതികൾ**

604 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ ആറാലുംമൂട് കേരളാ ആട്ടോമൊബൈൽസിൽ 2016-17 സാമ്പത്തിക വർഷം മുതൽ 2025-26 സാമ്പത്തിക വർഷം വരെ ഏതൊക്കെ പദ്ധതികൾക്കാണ് ഓരോ സാമ്പത്തിക വർഷത്തിലും ഫണ്ട് അനുവദിച്ചതെന്ന് വിശദമാക്കാമോ; ഫണ്ട് ലഭിച്ച പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

**കഞ്ചിക്കോട് വ്യവസായ മേഖലയുടെ വികസനം**

605 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കഞ്ചിക്കോട് വ്യവസായ മേഖലയുടെ അടിസ്ഥാന സൗകര്യങ്ങളും റോഡുകളും നവീകരിക്കുന്നതിന് വ്യവസായ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ; ഇതിനായി അനുവദിച്ച തുക, പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്നീ വിശദാംശം ലഭ്യമാക്കാമോ?

**കുറ്റ്യാടി മണ്ഡലത്തിലെ വ്യവസായ വകുപ്പ് പദ്ധതികൾ**

606 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിൽ 2021 മെയ് മാസം മുതൽ നാളിതുവരെയായി വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്;

വിശദമാക്കാമോ;

(ബി) ഈ പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ കുറ്റ്യാടി മണ്ഡലത്തിലെ വ്യവസായ രംഗത്ത് ഉണ്ടായ പുരോഗതി പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

**പയ്യന്നൂർ മണ്ഡലത്തിൽ പുതുതായി ആരംഭിച്ച സംരംഭങ്ങൾ**

607 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെയായി വ്യവസായ വകുപ്പിന്റെ സഹായത്തോടെ പയ്യന്നൂർ മണ്ഡലത്തിൽ പുതുതായി എത്ര സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും അവയുടെ പേര് വിവരവും വിശദമാക്കാമോ;

(ബി) ഇതിൽ ആകെ എത്ര കോടി രൂപയുടെ നിക്ഷേപം വന്നിട്ടുണ്ടെന്നും എത്ര പുതിയ തൊഴിലവസരങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞുവെന്നും വ്യക്തമാക്കാമോ;

(സി) ഈ കാലയളവിൽ പുതുതായി ആരംഭിച്ച സംരംഭങ്ങൾക്ക് സർക്കാർ ധനസഹായമായി എത്രകോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

**വാമനപുരം മണ്ഡലത്തിലെ വ്യവസായ വകുപ്പ് പദ്ധതികൾ**

608 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വാമനപുരം മണ്ഡലത്തിൽ വ്യവസായ വകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്നും എത്ര പേർക്ക് ആയതിന്റെ ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

**ചന്തിരൂർ ട്രീറ്റ്മെന്റ് പ്ലാന്റ്**

609 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ അരൂർ പഞ്ചായത്തിലെ ചന്തിരൂർ ട്രീറ്റ്മെന്റ് പ്ലാന്റിന് വ്യവസായ വകുപ്പ് നിർവ്വഹണ ഏജൻസിയായി ബഡ്ജറ്റിൽ അനുവദിച്ച 10 കോടി രൂപയുടെ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണ് എന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഡി.പി.ആർ. തയ്യാറാക്കിയോ എന്ന് വിശദമാക്കാമോ?

**കാഞ്ഞങ്ങാട് വ്യവസായ പാർക്ക്**

610 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് വ്യവസായ പാർക്ക് സ്ഥാപിക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) കാഞ്ഞങ്ങാട് വ്യവസായ പാർക്കുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും; ഇനിയും എന്തൊക്കെ നടപടികൾ പൂർത്തീകരിക്കാനുണ്ടെന്നും വിശദമാക്കാമോ?

## കിനാലൂർ വ്യവസായ പാർക്ക്

611 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിനാലൂരിൽ വ്യവസായ പാർക്ക് നിർമ്മിക്കുന്നതിന് സർക്കാർ ചെലവഴിച്ച തുക എത്രയാണെന്നും, ആകെ എത്ര വ്യവസായ സംരംഭങ്ങളാണ് കിനാലൂരിൽ നിലവിലുള്ളതെന്നും, ഈ സംരംഭങ്ങളിൽ നിന്നും സർക്കാരിന് ലഭിക്കുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്ന പൊതുമേഖലാ വ്യവസായങ്ങൾ ഏതൊക്കെയാണെന്നും, ഇവ പുനരുജ്ജീവിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള പുനരുജ്ജീവന നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(സി) കോഴിക്കോട് കോമൺ വെൽത്ത് ഫാക്ടറിയുടെ സ്ഥലം ഏറ്റെടുക്കുന്ന കാര്യം ആലോചനയിലുണ്ടോയെന്നും, എങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്നും വിശദമാക്കുമോ;

(ഡി) കോമൺ വെൽത്ത് ഫാക്ടറിക്കെട്ടിടത്തിലെ വിലപിടിപ്പുള്ള മെഷീനുകളും മരഉരുപ്പടികളും മറ്റ് സാധനങ്ങളും മഴയും വെയിലും കൊണ്ട് നശിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ പൈതൃക സംരക്ഷിത സ്മാരക പട്ടികയിൽ ഉൾപ്പെടുത്തി സംരക്ഷിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ ?

## പാറത്തോട് പഞ്ചായത്തിലെ മിനി വ്യവസായ എസ്റ്റേറ്റ്

612 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പാറത്തോട് ഗ്രാമപഞ്ചായത്തിൽ കോട്ടയം ജില്ലാ മിനി വ്യവസായ എസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് അനുവദിച്ച രണ്ട് ഏക്കർ സ്ഥലത്ത് മിനി വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ?

## ചങ്ങനാശ്ശേരി മണ്ഡലത്തിലെ വ്യവസായ വകുപ്പ് പ്രവൃത്തികൾ

613 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വ്യവസായ വകുപ്പ് മുഖാന്തിരം ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികളുടെ വിശദ വിവരം ലഭ്യമാക്കാമോ?

## പാറശ്ശാല മണ്ഡലത്തിലെ വ്യവസായ വകുപ്പ് പദ്ധതികൾ

614 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ വ്യവസായ വകുപ്പ് മുഖേന പാറശ്ശാല നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെയും

പ്രവൃത്തികളുടെയും വിശദാംശങ്ങൾ അവയ്ക്ക് നീക്കിവച്ചിട്ടുള്ള തുക സഹിതം ലഭ്യമാക്കാമോ;

(ബി) ഈ കാലയളവിൽ പ്രസ്തുത നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്നതിന് അനുമതി ലഭിച്ച ശേഷം നാളിതുവരെ നടപ്പാക്കാൻ കഴിയാത്തതും, ആരംഭിച്ച ശേഷം പൂർത്തീകരിച്ചിട്ടില്ലാത്തതുമായ പദ്ധതികളും പ്രവൃത്തികളും ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) പാറശ്ശാല മണ്ഡലത്തിലെ പരമ്പരാഗത വ്യവസായ മേഖലകളായ കൈത്തറി, പനമ്പ് നെയ്ത്ത്, കശുവണ്ടി വ്യവസായം എന്നിവയുടെ പുനരുദ്ധാരണത്തിനായി ഈ സർക്കാരിന്റെ കാലത്ത് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) മണ്ഡലത്തിലെ ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങളെ (MSME) പ്രോത്സാഹിപ്പിക്കുന്നതിനായി 'സംരംഭക വർഷം' പദ്ധതിയുടെ എത്ര യൂണിറ്റുകൾ പുതുതായി ആരംഭിച്ചുവെന്നും എത്രപേർക്ക് തൊഴിൽ ലഭ്യമാക്കിയെന്നും വിശദമാക്കാമോ;

(ഇ) പൂർത്തീകരിക്കാത്ത പ്രവൃത്തികൾ വേഗത്തിൽ പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ?

## മെഗാ ഇൻഡസ്ട്രിയൽ പ്രൊജക്ടുകൾ

615 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേരളത്തിൽ ആരംഭിച്ച മെഗാ ഇൻഡസ്ട്രിയൽ പ്രൊജക്ടുകളുടെ ജില്ല തിരിച്ചുള്ള കണക്കും വിശദാംശവും ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ ഓരോ ജില്ലയിലും എത്ര പേർക്ക് തൊഴിൽ ലഭിച്ചു എന്ന കണക്ക് ലഭ്യമാക്കുമോ?

## പാലക്കാട് ജില്ലയിലെ വ്യവസായ പദ്ധതികൾ

616 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയ പ്രധാന വ്യവസായ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതികളിലൂടെ എത്ര പേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ടെന്നും ഈ വ്യവസായ പദ്ധതികളിലൂടെ സർക്കാരിനുള്ള നേട്ടങ്ങൾ എന്തെല്ലാമെന്നും വിശദമാക്കുമോ?

## കോട്ടയം മണ്ഡലത്തിൽ വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ

617 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വ്യവസായ വകുപ്പ് മുഖേന കോട്ടയം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) 2021 മുതൽ നാളിതുവരെ സ്വയം സംരംഭകർക്കായി കോട്ടയം മണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ സഹായ പദ്ധതികൾ ഏതൊക്കെയെന്നും അതിനായി എത്ര തുക ചെലവഴിച്ചുവെന്നും അറിയിക്കാമോ?

## മിഷൻ 1000 പദ്ധതി

618 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് വ്യവസായ വകുപ്പ് നടപ്പിലാക്കിയ സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി എത്ര പുതിയ സംരംഭങ്ങൾ ആരംഭിക്കുവാൻ കഴിഞ്ഞു എന്നതിന്റെ കണക്കുകൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞു; ഇതിലൂടെ എത്ര കോടി രൂപയുടെ നിക്ഷേപം ഉണ്ടായി; വ്യക്തമാക്കാമോ;

(സി) സംരഭക വർഷത്തിൽ ആരംഭിച്ച എം. എസ്. എം. ഇ. കളെ വ്യവസായപരമായി ഉയർത്തിക്കൊണ്ടുവരുവാൻ ലക്ഷ്യമിട്ട് "മിഷൻ 1000 പദ്ധതി" വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ടോ; എങ്കിൽ അതിന്റെ പുരോഗതി വ്യക്തമാക്കാമോ?

## കോങ്ങാട് നിയോജക മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ

619 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കോങ്ങാട് നിയോജക മണ്ഡലത്തിൽ വ്യവസായ വകുപ്പ് നാളിതുവരെ നടപ്പാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ അറിയിക്കുമോ?

## ടെൽക്കിന്റെ പ്രവർത്തനം

620 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെൽക്കിന്റെ 2015-16 ലെ നെറ്റ്‌വർത്ത് വാല്യൂ എത്ര കോടിയായിരുന്നെന്ന് വ്യക്തമാക്കാമോ; 2016-17 മുതൽ 2022-23 വർഷം വരെയുള്ള ടേൺ ഓവറും അറ്റാദായവും എത്രയെന്ന് സാമ്പത്തികവർഷാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ബി) ടെൽക്കിൽ 2021-22, 2022-23 വർഷത്തിൽ എത്ര കോടിയുടെ ഓർഡർ ലഭിച്ചിരുന്നെന്നും അതിൽ എത്രയാണ് പൂർത്തീകരിച്ചതെന്നും വ്യക്തമാക്കാമോ;

(സി) ടെൽക്കിന് നാളിതുവരെയായി പിരിഞ്ഞ് കിട്ടാനുള്ള തുക എത്രയാണെന്ന് കണക്ക് ലഭ്യമാണോ; എങ്കിൽ പ്രസ്തുത തുക എത്രയാണെന്നും പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികളും വിശദമാക്കാമോ;

(ഡി) ടെൽക്കിലെ ജീവനക്കാരുടെ ഏതെങ്കിലും ആനുകൂല്യങ്ങൾ നൽകുന്നതിന് കുടിശ്ശികയുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഇ) ടെൽക്കിലെ ജീവനക്കാരുടെ മാസ പ്രൊഡക്ഷൻ ഇൻസെൻറീവ്, മറ്റ് ഇൻസെൻറീവ് എന്നിവ നൽകുന്നത് തടഞ്ഞ് വച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ?

## എല്ലാ നിയോജക മണ്ഡലങ്ങളിലും വ്യവസായ പാർക്കുകൾ

621 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ മാത്യു ടി. തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ ലഭ്യത ഉറപ്പാക്കുന്നതിനും പ്രാദേശികമായ വളർച്ച ലക്ഷ്യം വയ്ക്കുന്നതിനും ഓരോ നിയോജക മണ്ഡലങ്ങളിലും ഒരു വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ഇങ്ങനെ ആരംഭിക്കുന്ന എല്ലാ വ്യവസായ പാർക്കിലും ഐ.ടി. യ്ക്ക് പ്രത്യേക പ്രാധാന്യം കൊടുക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഇത്തരം വ്യവസായ പാർക്കുകളിൽ പ്രാദേശിക ഉൽപ്പന്നങ്ങളുടെ വിപണന കേന്ദ്രം ആരംഭിക്കുന്നതിനു നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## കുന്നത്തറ ടെക്സ്റ്റയിൽസിന്റെ കൈവശമുള്ള ഭൂമിയും കെട്ടിടവും

622 **ശ്രീ. ടി. പി .രാമകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കുന്നത്തറ ടെക്സ്റ്റയിൽസിന്റെ കൈവശമുള്ള ഭൂമിയും കെട്ടിടവും മറ്റേതെങ്കിലും വ്യവസായ പദ്ധതിക്ക് വേണ്ടി ഉപയോഗപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഭൂമിയും കെട്ടിടവും വ്യവസായ വകുപ്പിന്റെ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിന് തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ ഏതൊക്കെയാണ്?

## അമ്പലപ്പുഴ മണ്ഡലത്തിലെ വ്യവസായ വകുപ്പിന്റെ പദ്ധതികൾ

623 **ശ്രീ. എച്ച്. സലാം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ വ്യവസായ വകുപ്പ് മുഖാന്തിരം നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

## കുന്നത്തുനാട് മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന വ്യവസായ പദ്ധതികൾ

624 **ശ്രീ. പി.വി. ശ്രീനിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പ് വഴി കുന്നത്തുനാട് മണ്ഡലത്തിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

## ബാലുശ്ശേരി മണ്ഡലത്തിലെ വ്യവസായ സംരംഭങ്ങൾ

625 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ പുതുതായി എത്ര വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്; ഗ്രാമപഞ്ചായത്തുകൾ തിരിച്ച് അവ ഏതെല്ലാമെന്ന് വിശദമാക്കാമോ?

## മട്ടന്നൂർ കിൻഫ്ര വ്യവസായ പാർക്ക് - സ്ഥലം ഏറ്റെടുക്കൽ നടപടി

626 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ കിൻഫ്ര വ്യവസായ പാർക്കിനോട് അനുബന്ധിച്ചുള്ള സ്ഥലം ഏറ്റെടുക്കൽ നടപടിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) സ്ഥലം ഏറ്റെടുക്കൽ നടപടികൾ വേഗത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## സിഡ്കോയിലെ വേതന പരിഷ്കരണം

627 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സിഡ്കോയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സർക്കാരിന് സാധിച്ചിട്ടുണ്ടോ; കഴിഞ്ഞ മൂന്ന് വർഷത്തെ സിഡ്കോയുടെ പ്രവർത്തന ലാഭം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) സിഡ്കോയിൽ 2013-ൽ അവസാനിച്ചിട്ടുള്ള തൊഴിലാളികളുടെ ദീർഘകാല കരാർ നാളിതുവരെ പുതുക്കുകയോ തൊഴിലാളികളുടെ വേജ് റിവിഷൻ നടപ്പിലാക്കുകയോ ചെയ്തിട്ടില്ല എന്ന വസ്തുത സർക്കാർ ശ്രദ്ധിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് സിഡ്കോ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത വിഷയം പരിശോധിച്ച് തൊഴിലാളികളുടെ ദീർഘകാല കരാർ പുതുക്കാനും വേജ് റിവിഷൻ നടപ്പിലാക്കാനും നടപടി സ്വീകരിക്കുമോ;

(സി) സർക്കാർ ജീവനക്കാർക്ക് 01.07.2014 മുതൽ പ്രാബല്യത്തിൽ അനുവദിച്ചു നൽകിയ പത്താം ശമ്പള പരിഷ്കരണവും 01.07.2019 മുതൽ പ്രാബല്യത്തിൽ അനുവദിച്ചു നൽകിയ പതിനൊന്നാം ശമ്പള പരിഷ്കരണവും സിഡ്കോയിലെ ജീവനക്കാർക്ക് അനുവദിച്ചു നൽകിയിട്ടില്ല എന്നത് ശ്രദ്ധിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് സിഡ്കോ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത വിഷയം പരിശോധിച്ച് ജീവനക്കാർക്ക് ശമ്പള പരിഷ്കരണം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ഒളവണ്ണ ടൂൾ റൂം കം ട്രെയിനിങ് സെന്റർ യൂണിറ്റ് നവീകരണം

628 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സിഡ്കോയുടെ കീഴിൽ കോഴിക്കാട് ഒളവണ്ണയിൽ പ്രവർത്തിക്കുന്ന ടൂൾ റൂം കം ട്രെയിനിങ് സെന്റർ യൂണിറ്റിന്റെ നവീകരണത്തിനായി എന്തൊക്കെ പ്രവൃത്തികൾ ആണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത യൂണിറ്റിൽ മെഷീൻ ഓപ്പറേറ്റർ തസ്തികയിൽ ഉൾപ്പെടെ സ്ഥിരം ജീവനക്കാരുടെ കുറവ് കാരണം, ഐ. എസ്. ആർ. ഒ. യിൽ നിന്നും ഉൾപ്പെടെ ഏറ്റെടുത്തിട്ടുള്ള കരാറുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കുന്നില്ല എന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ; പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് യൂണിറ്റിന്റെ സ്റ്റാഫ് പാറ്റേൺ പുന:ക്രമീകരിച്ച് ആവശ്യം വേണ്ട തസ്തികകളിൽ സ്ഥിരം നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ;

(സി) 06.11.2020 തീയതിയിൽ മുൻ വ്യവസായ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനപ്രകാരം ടൂൾ റൂം കം ട്രെയിനിങ് സെന്റർ സ്റ്റാഫ് പാറ്റേൺ സിഡ്കോയുടെ സ്റ്റാഫ് പാറ്റേണിൽ ഉൾപ്പെടുത്തുന്നതിനും, സിഡ്കോ ജീവനക്കാർക്ക് അനുവദിച്ച നൽകിയ 2009-ലെ ശമ്പള പരിഷ്കരണം ടൂൾ റൂം കം ട്രെയിനിങ് സെന്റർ ജീവനക്കാർക്കും അനുവദിച്ച നൽകുന്നതിനും റിയാബ് സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത വിഷയത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത വിഷയത്തിൽ റിയാബ് സമർപ്പിച്ച റിപ്പോർട്ട് അടിസ്ഥാനമാക്കി ടൂൾ റൂം കം ട്രെയിനിങ് സെന്റർ സ്റ്റാഫ് പാറ്റേൺ സിഡ്കോയുടെ സ്റ്റാഫ് പാറ്റേണിൽ ഉൾപ്പെടുത്തുന്നതിനും, സിഡ്കോ ജീവനക്കാർക്ക് അനുവദിച്ച നൽകിയ 2009-ലെ ശമ്പള പരിഷ്കരണം ടൂൾ റൂം കം ട്രെയിനിങ് സെന്റർ ജീവനക്കാർക്ക് അനുവദിച്ച നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

## കൈപ്പമംഗലം മണ്ഡലത്തിലെ വ്യവസായവകുപ്പിന്റെ പ്രവർത്തനങ്ങൾ

629 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ കഴിഞ്ഞ അഞ്ചു വർഷക്കാലം വ്യവസായ വകുപ്പ് നടപ്പിലാക്കിയിട്ടുള്ള പ്രധാന വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) എടവിലങ്ങ് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന കൈതോല കൃഷി വ്യാപനവും, പുനരുദ്ധാരണവും എന്ന പ്രവൃത്തി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## കുന്നത്തറ ടെക്സ്റ്റൈൽസിന്റെ ഭൂമി ഏറ്റെടുക്കൽ

630 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കുന്നത്തറ ടെക്സ്റ്റൈൽസിന്റെ ഭൂമി ഏറ്റെടുക്കുന്നതിൽ എന്താണ് തടസ്സമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ നിലവിലെ ബാധ്യത തീർക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സ്റ്റേറ്റ് ഹൈവേയോട് ചേർന്നുള്ള കുന്നത്തറ ടെക്സ്റ്റൈലിന്റെ ഭൂമി ചുരുങ്ങിയ വിലയ്ക്ക് വിറ്റ് പോകാൻ കോടതി നടപടി സ്വീകരിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പുതിയ വ്യവസായ സംരംഭകർക്ക് ഏറ്റവും അനുയോജ്യമായ പ്രസ്തുത ഭൂമി കെ.എസ്.ഐ.ഡി.സി.-യ്ക്ക് ഏറ്റെടുക്കാൻ കഴിയുമോയെന്ന് വിശദമാക്കാമോ?

## കൊണ്ടോട്ടി മണ്ഡലത്തിൽ പുതുതായി തുടങ്ങിയ സംരംഭങ്ങൾ

631 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ 2025 ഡിസംബർ വരെ കൊണ്ടോട്ടി മണ്ഡലത്തിൽ എത്ര വ്യവസായ സംരംഭങ്ങൾ പുതുതായി ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പുതുതായി തുടങ്ങിയ സംരംഭങ്ങൾക്ക് എത്ര രൂപയുടെ നിക്ഷേപമാണ് ഉണ്ടായതെന്നും ഇതിലൂടെ നേരിട്ട് എത്ര പേർക്ക് തൊഴിൽ കിട്ടി എന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) സംരംഭം തുടങ്ങിയതിന് സബ്സിഡി ഇനത്തിൽ മണ്ഡലത്തിലെ സംരംഭകർക്ക് എത്ര രൂപ കൊടുക്കാനുണ്ടെന്നും അവ എന്നത്തേക്ക് അനുവദിക്കാനാവുമെന്നും വ്യക്തമാക്കുമോ?

## പരമ്പരാഗത വ്യവസായങ്ങളുടെ പ്രതിസന്ധി

632 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ പരമ്പരാഗത വ്യവസായത്തിന്റെ പുരോഗതിക്കായി ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും ചെലവഴിച്ചതുമായ തുക എത്രയെന്ന് വ്യക്തമാക്കാമോ;

(സി) പനയോല, ഈറ തുടങ്ങിയ വസ്തുക്കൾ ഉപയോഗിച്ചുള്ള പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധിയും തൊഴിലില്ലായ്മയും പരിഹരിക്കുന്നതിന് ഈ മേഖലയ്ക്ക് പ്രത്യേക പ്രാധാന്യം നൽകി പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ഡി) പരമ്പരാഗത വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനായി അസംസ്കൃത വസ്തുക്കൾ ശേഖരിക്കുന്നതിന് നിലവിലുള്ള നിയന്ത്രണങ്ങൾ മാറ്റുന്നതിനായി വനം വകുപ്പുമായി ചേർന്ന് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## പരമ്പരാഗത വ്യവസായങ്ങൾ

633 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീമതി സി. കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങൾ സംരക്ഷിക്കുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കയർ, കൈത്തറി, കശുവണ്ടി, ഖാദി ഉൾപ്പെടെയുള്ള പരമ്പരാഗത തൊഴിൽ മേഖലകളെ സംരക്ഷിക്കുന്നതിനും ഈ മേഖലകളിൽ വൈവിധ്യവൽക്കരണം കൊണ്ടുവരുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികൾക്ക് സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വിപുലമായ പിന്തുണ നൽകാനും, സ്ത്രീ സംരംഭകർ ഉൾപ്പെടുന്ന പ്രത്യേക വിഭാഗങ്ങൾക്ക് ബാങ്കുമായി ബന്ധപ്പെട്ട പദ്ധതികളിൽ ഉചിതമായ ഒറ്റത്തവണ സഹായം നൽകാനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പുതിയ തലമുറയെ പരമ്പരാഗത വ്യവസായ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## മാവേലിക്കര മണ്ഡലത്തിലെ കശുവണ്ടി വ്യവസായം

634 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ മാവേലിക്കര മണ്ഡലത്തിലെ കശുവണ്ടി വ്യവസായ മേഖലയുടെ വളർച്ചയ്ക്ക് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയെന്നും അനുവദിച്ച തുകയും വിശദമാക്കുമോ;

(ബി) മാവേലിക്കര മണ്ഡലത്തിൽ കശുവണ്ടി വ്യവസായ മേഖലയിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുവെന്നും അവ ഏതൊക്കെയെന്നും വിശദമാക്കുമോ?

## കൊച്ചി - ബംഗളൂരു വ്യവസായ ഇടനാഴി

635 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ സ്വപ്ന പദ്ധതിയായ കൊച്ചി - ബംഗളൂരു വ്യവസായ ഇടനാഴിയുടെ പ്രവർത്തനങ്ങൾ ഏതുഘട്ടം വരെയായെന്ന് വിശദമാക്കാമോ;

(ബി) ഇതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ഈ പദ്ധതി എന്ന് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## ബയോ കണക്ട് കോൺക്ലേവ് 3.0

636 **ശ്രീ ജി എസ് ജയലാൽ**
**ശ്രീ. വി. ആർ. സുനിൽകുമാർ**

**ശ്രീ . മുഹമ്മദ് മുഹസിൻ**

**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ സംഘടിപ്പിച്ച കോൺക്ലേവുകളും വ്യവസായ സംഗമങ്ങളും സംസ്ഥാനത്തിന്റെ വ്യവസായ പുരോഗതിക്ക് എത്രത്തോളം സഹായകരമായിട്ടുണ്ടെന്നത് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ലൈഫ് സയൻസസ് മേഖലയിൽ സംഘടിപ്പിച്ച ബയോ കണക്ടിന്റെ ആദ്യ രണ്ട് എഡിഷനുകൾക്കു ശേഷം തോന്നയ്ക്കൽ ലൈഫ് സയൻസസ് പാർക്കിൽ 180 കോടിയോളം രൂപയുടെ നിക്ഷേപവും ആയിരത്തോളം തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ലൈഫ് സയൻസസ് മേഖലയിൽ ബയോ കണക്ട് അന്താരാഷ്ട്ര കോൺക്ലേവ് മൂന്നാം എഡിഷൻ സംഘടിപ്പിച്ചിട്ടുണ്ടോ; കോൺക്ലേവിൽ രോഗനിർണയ സംവിധാനങ്ങളുമായി ബന്ധപ്പെട്ട സുപ്രധാന മേഖലകളിൽ നിക്ഷേപത്തിന് താത്പര്യപത്രം ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ബയോ കണക്ട് അന്താരാഷ്ട്ര കോൺക്ലേവിൽ ജീവശാസ്ത്രരംഗത്തെ വിദ്യാർത്ഥികൾക്കും ഗവേഷകർക്കും നൂതനാശയങ്ങൾ സാക്ഷാത്കരിക്കാൻ സജ്ജീകരിക്കുന്ന 'ക്ലിപ് ഡിഎൻഎ ഇൻക്യുബേഷൻ സെന്റർ' സംബന്ധിച്ച പ്രഖ്യാപനം നടന്നിട്ടുണ്ടോ; വിശദമാക്കാമോ?

## ലോജിസ്റ്റിക് പാർക്കുകൾ

637 **ശ്രീ വി ജോയി**

**ശ്രീ. എ. സി. മൊയ്തീൻ**

**ശ്രീ. കെ. പ്രേംകുമാർ**

**ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിച്ചിരിക്കുന്ന അനുകൂല സാഹചര്യം പ്രയോജനപ്പെടുത്തുന്നതിനായി സംസ്ഥാനത്ത് ലോജിസ്റ്റിക് മേഖലയിൽ നിക്ഷേപം നടത്തുന്നതിന് ആഗോള ലോജിസ്റ്റിക് കമ്പനികൾ തയ്യാറായിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) ലോജിസ്റ്റിക് പാർക്കുകളുടെ വികസനം ലക്ഷ്യമിട്ട് സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) വിഴിഞ്ഞം തുറമുഖം സൃഷ്ടിച്ചിട്ടുള്ള അവസരങ്ങൾ ലോജിസ്റ്റിക് മേഖലയിലുണ്ടാകുന്ന വളർച്ച കണക്കിലെടുത്ത് സർക്കാർ നടപ്പാക്കി വരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) 2023-ൽ പുറത്തിറക്കിയ വ്യവസായ നയത്തിനു പുറമെ പ്രഖ്യാപിച്ച ഉപമേഖലാ നയങ്ങളിലും ചട്ടക്കൂടിലും ലോജിസ്റ്റിക് പാർക്കുകളുടെ വികസനത്തിന് ഗതിവേഗം നൽകുന്ന എന്തൊക്കെ പരിപാടികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## പുതുവൈപ്പിൻ മെഗാ ഫുഡ് പാർക്ക് നിർമ്മാണം

638 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ പുതുവൈപ്പിൻ മെഗാ ഫുഡ് പാർക്കിന്റെ ഭാഗമായി നിർമ്മാണം ആരംഭിച്ചതും നിർമ്മാണം നിലച്ചിരുന്നതുമായ പ്രാഥമിക മത്സ്യസംസ്കരണ പ്ലാന്റിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തി പുനരാരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കരാർ ആരാണ് ഏറ്റെടുത്തിട്ടുള്ളതെന്നും പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ചുമുള്ള വിശദാംശം ലഭ്യമാക്കാമോ?

## കുന്നംകുളം മണ്ഡലത്തിൽ വ്യവസായ പാർക്ക് ആരംഭിക്കാൻ നടപടി

639 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മണ്ഡലത്തിലെ എരുമപ്പെട്ടി പഞ്ചായത്തിൽ വ്യവസായ പാർക്ക് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിൻമേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) വ്യവസായ പാർക്ക് ആരംഭിക്കുന്നതിനാവശ്യമായ സ്ഥലം പഞ്ചായത്ത് നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ വ്യവസായ വകുപ്പ് സ്ഥലം ഏറ്റെടുത്ത് പാർക്ക് എന്നത്തേക്ക് ആരംഭിക്കാനാകും എന്ന് വിശദമാക്കാമോ?

## പാലാ മണ്ഡലത്തിൽ ഫുഡ് പാർക്ക് നിർമ്മിക്കാൻ നടപടി

640 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ നിയോജക മണ്ഡലത്തിൽ കാർഷിക ഉല്പന്നങ്ങൾ കൂടുതലായി ഉല്പാദിപ്പിക്കപ്പെടുന്ന സാഹചര്യത്തിൽ പാലാ കേന്ദ്രമാക്കി കാർഷിക ഉല്പന്നങ്ങളുടെ സംഭരണത്തിനും, സംസ്കരണത്തിനും, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണ വിപണനത്തിനുമായി ഒരു ഫുഡ് പാർക്ക് തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## കുറ്റ്യാടി നാളികേര പാർക്ക്

641 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നാളികേര പാർക്കിൽ വ്യവസായങ്ങൾ ക്ഷണിക്കുന്നതിനായുള്ള നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) 2021 വർഷം മുതൽ ഇതുവരെയായി കുറ്റ്യാടി നാളികേര പാർക്കിൽ നടത്തിയ പ്രവൃത്തികൾ ഏതൊക്കെയെന്ന് അടങ്കൽ തുക സഹിതം വിശദമാക്കാമോ;

(സി) കുറ്റ്യാടി നാളികേര പാർക്കിന്റെ രണ്ടാം ഘട്ട പ്രവൃത്തി സംബന്ധിച്ച പുരോഗതി വിശദമാക്കാമോ?

## കണ്ണമ്പ്ര വ്യവസായ പാർക്ക് പ്രവർത്തന പുരോഗതി

642 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി- ബംഗളൂരു വ്യവസായ ഇടനാഴിയുടെ ഭാഗമായ തരൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന കണ്ണമ്പ്ര വ്യവസായ പാർക്ക് (300 ഏക്കർ) നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

## തിരുവമ്പാടിയിലെ സ്വകാര്യ വ്യവസായ പാർക്ക്

643 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ നിർദിഷ്ട സ്വകാര്യ വ്യവസായ പാർക്ക് പ്രവർത്തനം ആരംഭിക്കുന്നതിന് സജ്ജമായോയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ വ്യവസായ പാർക്കിൽ എന്തൊക്കെയാണ് വിഭാവനം ചെയ്യുന്നതെന്നും തൊഴിലവസരങ്ങൾ എത്രമാത്രം പ്രതീക്ഷിക്കുന്നുണ്ടെന്നും വിശദമാക്കാമോ?

## പാലക്കാട് ജില്ലയിലെ റൈസ് പാർക്ക്

644 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ റൈസ് പാർക്കിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) റൈസ് പാർക്കിനായി നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) റൈസ് പാർക്കിന്റെ പ്രവർത്തനം എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കാമോ?

## നെടുവാൻവിള വീവേഴ്സ് കോളനി നിവാസികൾക്ക് പട്ടയം നൽകാൻ നടപടി

645 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയിലുള്ള നെടുവാൻവിള വീവേഴ്സ് കോളനിയിൽ നിലവിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കുന്നതിന് വ്യവസായ വകുപ്പിന്റെ അനുമതി/ എൻ.ഒ.സി ആവശ്യമുണ്ടോ; എങ്കിൽ ഇത് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത്; വിശദമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് വ്യവസായ വകുപ്പിന് ലഭിച്ചിട്ടുള്ള അപേക്ഷകളിന്മേൽ/ നിവേദനങ്ങളിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വിശദമാക്കാമോ?

## മഞ്ചേശ്വരം മണ്ഡലത്തിലെ വ്യവസായ വകുപ്പിന്റെ പദ്ധതികൾ

646 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതു വരെയായി മഞ്ചേശ്വരം മണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയതും നടപ്പിലാക്കുന്നതുമായ പദ്ധതികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ?

## പൂഞ്ഞാറിൽ ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കാൻ നടപടി

647 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ ഐ.എച്ച്.ആർ.ഡി. കോളേജ് ഓഫ് എഞ്ചിനീയറിങ്ങിൽ ഒരു ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുന്നതിനുള്ള ഡെവലപ്പർ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) എപ്രകാരമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്നും എന്നത്തേയ്ക്ക് പ്രസ്തുത പദ്ധതി ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാക്കുമോ?

## കാട്ടാക്കട മണ്ഡലത്തിലെ കോമൺ ഫെസിലിറ്റി സെന്റർ

648 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിൽ മാറനല്ലൂർ പഞ്ചായത്തിൽ സ്ഥാപിക്കുന്ന ഈറ ഉല്പന്നങ്ങളുടെ സംസ്കരണത്തിനും വിപണനത്തിനും വൈവിദ്ധ്യവത്കരണത്തിനുമായുള്ള കോമൺ ഫെസിലിറ്റി സെന്ററിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എങ്ങനെ, എന്ന് പൂർത്തീകരിക്കാനാകും എന്നും ആയതിന്റെ നടത്തിപ്പും തുടർനടപടികളും എങ്ങനെ സാധ്യമാക്കാനാകും എന്നും വിശദമാക്കാമോ?

## കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ

649 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരിയിലും മഞ്ചേരിയിലും ഉള്ള കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററുകളെ സാങ്കേതിക സേവനങ്ങളുടെയും സംരഭകത്വത്തിന്റെയും മികവിന്റെ കേന്ദ്രങ്ങൾ ആക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കാമോ?

## ആലത്തൂർ മണ്ഡലത്തിലെ വ്യവസായ വകുപ്പിന്റെ പദ്ധതികൾ

650 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ആലത്തൂർ മണ്ഡലത്തിൽ എത്ര ചെറുകിട സംരംഭങ്ങൾക്ക് അനുമതിയും സഹായവും ലഭിച്ചിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ ആലത്തൂർ മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

## ചാത്തന്നൂർ മണ്ഡലത്തിലെ വ്യവസായ വകുപ്പിന്റെ പദ്ധതികൾ

651 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മെയ് മാസം മുതൽ 2021 ഏപ്രിൽ മാസം വരെയും 2021 മെയ് മാസം മുതൽ നാളിതുവരെയും വ്യവസായ വകുപ്പ് ചാത്തന്നൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്നും ആയതിന് എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) മേൽപ്പറഞ്ഞ കാലയളവിൽ ചാത്തന്നൂർ മണ്ഡലത്തിൽ ആരംഭിച്ച പുതിയ സംരംഭങ്ങൾ എന്തെല്ലാമെന്നും ആയതു വഴി എത്രപേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ടെന്നും അറിയിക്കാമോ;

(സി) ചാത്തന്നൂർ വഞ്ചി ക്ലേ മൈൻസിലെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ഭൂമി നിലവിൽ വ്യവസായ ആവശ്യങ്ങൾക്കായി നൽകിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എന്തെല്ലാം വ്യവസായ ആവശ്യങ്ങൾക്കാണ് നൽകിയിട്ടുള്ളതെന്നും അതുവഴി വ്യവസായ വകുപ്പിന് ലഭിക്കുന്ന വരുമാനം സംബന്ധിച്ചും വിശദമാക്കാമോ?

## ആലപ്പുഴ മണ്ഡലത്തിലെ ഇ.ഡി. ക്ലബ്ബുകൾ

652 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായ വകുപ്പിന് കീഴിൽ വരുന്ന സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ.ഡി. ക്ലബ്ബുകൾ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ ഏതൊക്കെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആണ് ഉള്ളതെന്നും അവയ്ക്കായി എത്ര രൂപയാണ് നാളിതുവരെ ചെലവഴിച്ചിട്ടുള്ളതെന്നും സ്ഥാപനങ്ങൾ തിരിച്ച് വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾക്കായി എത്ര തുകയാണ് അനുവദിക്കുന്നതെന്നും ഇനി പ്രസ്തുത സ്ഥാപനങ്ങളിൽ എത്ര തുക അനുവദിച്ചു നൽകുവാൻ ഉണ്ടെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത ക്ലബ്ബുകൾ മുഖേന ആലപ്പുഴ നിയോജക മണ്ഡലത്തിലെ പൊതുജനങ്ങൾക്ക് സംരംഭകത്വ ശീലം വളർത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## മലപ്പുറം സ്പിന്നിംഗ് മിൽ തൊഴിലാളികളുടെ വേതനവർദ്ധനവ്

653 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം സ്പിന്നിംഗ് മില്ലിൽ തൊഴിലാളികളുമായി നിലവിലുണ്ടായിരുന്ന ദീർഘകാല വേതന കരാർ അവസാനിച്ച് ഒരു വർഷമായിട്ടും, ഓഫീസർ തസ്തികകളിൽ ഒന്നര വർഷമായി വേതനവർദ്ധനവ് നടത്തിയിട്ടും നാളിതുവരെ തൊഴിലാളികൾക്ക് വേതനം വർദ്ധിപ്പിച്ച് നൽകിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൊഴിലാളികളുടെ ശമ്പള വർദ്ധനവ് അഞ്ച് വർഷത്തിലധികമായി നടപ്പിലാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ പുതിയ ശമ്പള കരാർ നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ;

(സി) പുതിയ ശമ്പള കരാർ അന്തിമമാകുന്നതുവരെ തൊഴിലാളികൾക്ക് ഇടക്കാല ആശ്വാസമായി വേതന വർദ്ധനവ് അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

## കളിമൺ - ഓട്ടുകമ്പനി വ്യവസായം നേരിടുന്ന പ്രതിസന്ധികൾ

654 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ഏറ്റവും വലിയ പരമ്പരാഗത വ്യവസായമായിരുന്ന കളിമൺ-ഓട്ടുകമ്പനി മേഖല നേരിടുന്ന പ്രതിസന്ധികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അസംസ്കൃത വസ്തുവായ കളിമണ്ണിന്റെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനും അവ ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) പൂട്ടിക്കിടക്കുന്ന ഓട്ടുകമ്പനികളുടെ സ്ഥലം പരിവർത്തനം നടത്തുന്നതിനും പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിയ്ക്കുന്നതിനും സഹായകരമായ നടപടികൾ സ്വീകരിക്കാമോ?

## വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ഭൂമി

655 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ഭൂമി നൽകുന്നതിന് വ്യവസായ വകുപ്പ് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ ഭൂമി അനുവദിക്കുന്നതിനായി എവിടെയെല്ലാമാണ് വകുപ്പ് ഭൂമി തയ്യാറാക്കി വച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

## കെ-സ്വിഫ്റ്റിന്റെ പ്രവർത്തനം

656 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പുതിയ സംരഭം തുടങ്ങുന്നവർക്കായി ആരംഭിച്ചിരിക്കുന്ന കെ-സ്വിഫ്റ്റ് പ്രകാരം അപേക്ഷിക്കുന്നവർക്ക് സ്ഥാപനങ്ങളുടെ ലൈസൻസ് ലഭിക്കുന്നതിന് നിർദ്ദേശിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതു പ്രകാരം ലഭിക്കുന്ന താൽക്കാലിക ലൈസൻസിന്റെ കാലാവധി എത്രയാണെന്ന് അറിയിക്കാമോ;

(സി) തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ലൈസൻസിന് തുല്യമായ ലൈസൻസ് ആണോ ഇത്തരത്തിൽ ലഭിക്കുന്നത്; വിശദാംശം നൽകാമോ?

## വടക്കാഞ്ചേരി മണ്ഡലത്തിൽ വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ

657 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് വടക്കാഞ്ചേരി മണ്ഡലത്തിൽ വ്യവസായ വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഇക്കാലയളവിൽ വടക്കാഞ്ചേരി മണ്ഡലത്തിലെ അയ്യൻകുന്ന്, മുണ്ടൂർ, വേളക്കോട്, അത്താണി എന്നീ വ്യവസായ എസ്റ്റേറ്റുകളിലായി വിവിധ പദ്ധതികൾക്ക് എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് വടക്കാഞ്ചേരി മണ്ഡലത്തിൽ വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന എസ്. ഐ. എഫ്. എൽ. (Steel & Industrial Forgings Limited), എസ്. ഐ. എൽ. കെ. (Steel Industries Kerala Limited) തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളിൽ നടത്തിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ ?

## തിരൂരങ്ങാടി മണ്ഡലത്തിലെ വ്യവസായ സ്ഥാപനങ്ങൾ

658 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ രണ്ട് വ്യവസായ സ്ഥാപനങ്ങളായ എടരിക്കോട് ടെക്സ്റ്റൈൽസ്, എടരിക്കോട് കെ.ഇ.എൽ. യൂണിറ്റ് എന്നിവയുടെ നിലവിലെ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഈ രണ്ടുസ്ഥാപനങ്ങളെയും പ്രവർത്തനമികവിലേക്ക് നയിക്കുന്നതിനും കൂടുതൽ ലാഭകരമാക്കുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) ഈ സ്ഥാപനങ്ങളിൽ നിന്നും പിരിഞ്ഞുപോകുന്ന ജീവനക്കാരുടെ ആനുകൂല്യങ്ങൾ നല്കാൻ ബാക്കിയുണ്ടോ; വിശദമാക്കാമോ?

## അയ്യമ്പുഴ പഞ്ചായത്തിൽ ഗിഫ്റ്റ് സിറ്റിക്കായി ഭൂമി ഏറ്റെടുക്കൽ

659 **ശ്രീ. റോജി എം. ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിൽ അയ്യമ്പുഴ പഞ്ചായത്തിൽ ഗിഫ്റ്റ് സിറ്റിക്കായി ഏറ്റെടുത്ത ഭൂമിയുടെ വില ഭൂവുടമകൾക്ക് നൽകിയോ; ഇല്ലെങ്കിൽ തുക എന്ന് നൽകുമെന്ന് വ്യക്തമാക്കാമോ;

(ബി) അയ്യമ്പുഴ പഞ്ചായത്തിൽ പ്രസ്തുത പദ്ധതിക്കായി ഏറ്റെടുത്ത ഭൂമിയുടെ വില ഭൂവുടമകൾക്ക് ലഭിക്കാത്തതിനാൽ അവർക്കുണ്ടായിട്ടുള്ള പ്രയാസവും ദുരിതവും

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഗിഫ്റ്റ് സിറ്റിക്ക് ഭൂമി ഏറ്റെടുക്കുന്ന കാലഘട്ടത്തിൽ ജനകീയ പ്രതിഷേധങ്ങൾക്കെതിരെ പള്ളിവികാരി ഉൾപ്പെടെ സ്ഥല ഉടമകൾക്കെതിരെ എടുത്ത കേസുകൾ പിൻവലിക്കുമെന്ന് ഉറപ്പുനൽകിയിരുന്നോയെന്ന് വ്യക്തമാക്കാമോ; നാളിതുവരെയായി കേസ് പിൻവലിക്കാതെയിരിക്കുകയും ഭൂവുടമകൾക്ക് ഭൂമിയുടെ വില നൽകാതിരിക്കുകയും ചെയ്യുന്നത് ഭൂവുടമകളോട് കാണിക്കുന്ന നീതിനിഷേധമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) കേസുകൾ പിൻവലിക്കാനും ഭൂമിയുടെ വില എത്രയും വേഗം നൽകുന്നതിനും അടിയന്തര ഇടപെടൽ നടത്തുമോ; ഭൂവുടമകൾക്ക് എന്ന് മുതൽ ഭൂമിയുടെ വില നൽകി തുടങ്ങുമെന്ന് അറിയിക്കാമോ; വിശദാംശം ലഭ്യമാക്കുമോ?

## <u>പി.എം.ഇ.ജി.പി. സബ്സിഡി</u>

660 **ശ്രീ ഡി കെ മുരളി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും വനിതകൾക്കും സ്വയംതൊഴിൽ കണ്ടെത്താൻ സഹായം നൽകുന്ന കേന്ദ്ര പദ്ധതിയായ പി.എം.ഇ.ജി.പി. മുഖാന്തിരമുള്ള സബ്സിഡി സഹായം ഇപ്പോൾ ലഭ്യമാകുന്നില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ആർക്കെല്ലാമാണ് സഹായധനം ലഭിച്ചിരുന്നതെന്നും, എത്ര കുടിശ്ശികയാണ് കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കാനുള്ളതെന്നും, എന്ന് മുതൽക്കാണ് ഇവ ലഭ്യമാകാതെ വന്നതെന്നും അറിയിക്കാമോ?

## <u>വാണിജ്യ-വ്യവസായ മേഖലയിലെ നിക്ഷേപ സമാഹരണം</u>

661 **ശ്രീ. കെ. ജെ. മാക്സി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാണിജ്യ-വ്യവസായ മേഖലയിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെയും പരിപാടികളുടെയും ഭാഗമായി ഈസ് ഓഫ് ഡ്യൂയിംഗ് ബിസിനസ്സ് റീഫോംസിൽ സംസ്ഥാനം നേടിയെടുത്ത പുരോഗതി നിക്ഷേപ സമാഹരണ രംഗത്ത് ഗുണകരമായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ ആവിഷ്കരിച്ച വ്യവസായ വികസന പരിപാടികളുടെ ഭാഗമായി ഐ.ടി., ഐ.ടി. ഇതര, നൂതന സാങ്കേതിക വിദ്യാ മേഖലകളിൽ നിരവധി ആഭ്യന്തര-വിദേശ കമ്പനികൾ സംസ്ഥാനത്ത് നിക്ഷേപം നടത്തുവാൻ എത്തിച്ചേർന്നിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## <u>ക്വാറി/ക്രഷർ മേഖലയിലെ പ്രതിസന്ധികൾ</u>

662 **ശ്രീ. പി. ടി. എ. റഹീം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്വാറി/ക്രഷർ മേഖലയിലെ പ്രതിസന്ധി സംസ്ഥാനത്തെ നിർമ്മാണ മേഖലയെ സാരമായി ബാധിക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ക്വാറി/ക്രഷർ പ്രവർത്തനങ്ങളുടെ മേൽ അമിതമായ നിയന്ത്രണങ്ങൾ കൊണ്ടുവരുന്നത് ഈ മേഖലയിൽ വൻ വിലക്കയറ്റത്തിനും നിർമ്മാണ സാമഗ്രികൾ ലഭ്യമാകാത്ത സാഹചര്യം സൃഷ്ടിക്കുന്നതിനും ഇടയാക്കുന്നുവെന്ന വിഷയം പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

## <u>മണൽ, ചെമ്മണ്ണ് ഖനനം നടത്തുന്നതിനുള്ള മാനദണ്ഡങ്ങൾ</u>

663 **ശ്രീ . മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മണൽ, ചെമ്മണ്ണ് എന്നിവ ഖനനം ചെയ്യുന്നതിന് പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

## <u>മൈനിംഗ് & ജിയോളജി ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥൻ</u>

664 **ശ്രീ. എം. വിൻസെന്റ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മൈനിംഗ് & ജിയോളജി ഡയറക്ടറേറ്റിലെ എം. സി. കിഷോർ എന്ന ഉദ്യോഗസ്ഥൻ ഏതെല്ലാം ജില്ലാ ഓഫീസുകളിൽ ജോലി ചെയ്തിട്ടുണ്ട്; അവിടങ്ങളിൽ ജോലി ചെയ്ത വർഷം വ്യക്തമാക്കുമോ;

(ബി) മേൽ പറഞ്ഞ ഉദ്യോഗസ്ഥനെതിരെ ഏതൊക്കെ ജില്ലകളിലായി എത്ര വിജിലൻസ് കേസുകൾ ഉണ്ട്; നിലവിൽ ജോലി ചെയ്യുന്ന തസ്തിക അറിയിക്കാമോ;

(സി) പ്രസ്തുത ഉദ്യോഗസ്ഥന് ഏറ്റവും ഒടുവിൽ പ്രൊമോഷൻ കൊടുത്ത തീയതി അറിയിക്കാമോ; ഇത്രയും കേസ്സുകൾ ഉണ്ടായിട്ടും പ്രൊമോഷൻ കൊടുക്കാനുണ്ടായ കാരണം വ്യക്തമാക്കാമോ?

## <u>ഖനന ലൈസൻസുകൾ</u>

665 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ അനുവദിച്ചിട്ടുള്ള ഖനന ലൈസൻസുകളുടെ എണ്ണം എത്രയാണ്; ഇതിൽ പാലക്കാട് ജില്ലയിൽ മാത്രം എത്ര എണ്ണം; എവിടെയൊക്കെ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഖനനാനുമതി നൽകുന്നതിൽ കാലതാമസം സംഭവിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ ?

## <u>കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ</u>

666 **ശ്രീ. സണ്ണി ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാൻവീവ് ജീവനക്കാർക്ക് ശമ്പളം കുടിശ്ശികയായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര മാസത്തെയെന്ന് വ്യക്തമാക്കുമോ; കുടിശിക കൊടുത്തുതീർക്കാൻ ആവശ്യമായ

നടപടി സ്വീകരിക്കുമോ;

(ബി) സ്ഥാപനത്തിൽ നിന്നും വിരമിച്ച എത്ര ജീവനക്കാർക്ക് വിരമിക്കൽ ആനുകൂല്യം നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ; വിരമിച്ച ജീവനക്കാരുടെ പി.എഫ്. അടച്ചുതീർക്കാനുണ്ടോ; ഉണ്ടെങ്കിൽ എന്ന് മുതലുള്ളതെന്ന് വ്യക്തമാക്കുമോ; ആയത് അടച്ചുതീർക്കാൻവേണ്ട നടപടികൾ സ്വീകരിക്കുമോ;

(സി) പുതിയ തസ്തിക അനുവദിക്കാൻ സ്ഥാപനം സർക്കാരിന് അപേക്ഷ നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) സ്ഥാപനത്തിന് സ്റ്റാറ്റ്യൂട്ടറി ആവശ്യങ്ങൾക്ക് ഫണ്ട് അനുവദിക്കുമോ; വിശദമാക്കാമോ; സർക്കാർ ഹാൻവീവിന് നൽകാനുള്ള തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

## <u>കൈത്തറി നെയ്ത്ത് സഹകരണ സംഘം</u>

667 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ ആലംകോട് കേന്ദ്രീകരിച്ച് പ്രവർത്തിച്ചിരുന്ന വീക്ഷണം കൈത്തറി നെയ്ത്ത് സഹകരണ സംഘത്തിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിനും സംഘത്തെ പുനരുജ്ജീവിപ്പിക്കുന്നതിനുമായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

## <u>അളഗപ്പ ടെക്സ്റ്റൈൽ മിൽ</u>

668 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ അളഗപ്പ ടെക്സ്റ്റൈൽ മില്ലിന്റെ പ്രവർത്തനം നിലച്ചിട്ട് വർഷങ്ങൾ പിന്നിടുകയും അടച്ചുപൂട്ടപ്പെടുകയും ചെയ്യപ്പെട്ട സാഹചര്യത്തിൽ പ്രസ്തുത സ്ഥാപനം വീണ്ടും തുറന്ന് പ്രവർത്തിപ്പിക്കുന്നതിനായി ഏതെങ്കിലും ഇടപെടലുകളോ നടപടികളോ സർക്കാർ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എൻ.ടി.സി.ക്ക് കൈമാറിയ പ്രസ്തുത സ്ഥലം തിരിച്ചെടുത്ത് കിൻഫ്ര പാർക്ക് പോലുള്ള സംരംഭങ്ങൾ അവിടെ സ്ഥാപിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സഹായകരമായ നടപടികൾ സ്വീകരിക്കുമോ?

## <u>കോട്ടയം ടെക്സ്റ്റൈൽസ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി</u>

669 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ടെക്സ്റ്റൈൽസ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പ്രവർത്തനം നിർത്തിവെക്കാൻ കാരണമായ സാഹചര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച് സർക്കാർ നടത്തിയ പരിശോധനകളുടെ വിശദാംശം വിവരിക്കുമോ;

(ബി) ഐ. എൻ. 1250800204 നമ്പർ നിവേദനത്തിൽ ഉന്നയിച്ച പരാതികളിന്മേൽ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ സമർപ്പിക്കേണ്ട റിപ്പോർട്ട്

ഇതുവരെ ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ റിപ്പോർട്ട് വൈകുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) സൊസൈറ്റിയിലെ നിക്ഷേപകരുടെ തുക തിരികെ നൽകുന്നതിന് സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; എത്ര നിക്ഷേപകർക്ക് എത്ര തുകയാണ് കുടിശികയായിട്ടുള്ളതെന്നതും അറിയിക്കുമോ;

(ഡി) സൊസൈറ്റിയുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിനായി തയ്യാറാക്കിയ ഹ്രസ്വകാല-ദീർഘകാല പദ്ധതികൾ എന്തൊക്കെയെന്നും ഇതിനായി ബജറ്റിൽ വകയിരുത്തൽ പരിഗണിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(ഇ) നിക്ഷേപകരുടെ തുക നഷ്ടപ്പെടാൻ കാരണമായ ഭരണപരമായ വീഴ്ചകളോ അഴിമതിയോ ഉണ്ടായിട്ടുണ്ടെങ്കിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

## <u>പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് ഈറ്റ ലഭ്യത ഉറപ്പാക്കൽ</u>

670 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് മതിയായ ഈറ്റ ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പരമ്പരാഗത ഈറ്റ തൊഴിലാളികൾ പണിയെടുക്കുന്ന പനമ്പ് നെയ്ത്ത് കേന്ദ്രങ്ങളിൽ ഈറ്റ ലഭ്യത ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ ഏതെല്ലാമെന്ന് അറിയിക്കുമോ?

## <u>പുനലൂർ മണ്ഡലത്തിലെ ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് പ്രവൃത്തികൾ</u>

671 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, പുനലൂർ നിയോജക മണ്ഡലത്തിലെ ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് മേഖലയിൽ അനുവദിച്ച വിവിധ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശം ലഭ്യമാക്കാമോ;

(ബി) ഓരോ പ്രവൃത്തികളുടെ പേരും അനുവദിച്ച തുകയും പദ്ധതി നിർവഹണ ഏജൻസിയുടെ വിവരങ്ങളും ലഭ്യമാക്കാമോ?

## <u>ഖാദി യൂണിറ്റുകളുടെ പുനർജീവനം</u>

672 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകൾ വിട്ടു നല്കിയ സ്ഥലത്ത് പ്രവൃത്തിച്ചുവരുന്ന ഖാദി യൂണിറ്റുകൾ പലതും പ്രവർത്തനം നിലച്ച് കെട്ടിടങ്ങൾ ഉപയോഗശൂന്യമായും സ്ഥലം കാടുപിടിച്ചും കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ഖാദി-വ്യവസായ യൂണിറ്റുകൾ പുനർജീവിപ്പിക്കുന്നതിനും പ്രവർത്തനക്ഷമമാക്കുന്നതിനും ഒരു കർമ്മപദ്ധതി തയ്യാറാക്കി നടപ്പാക്കുമോ;

(സി) ഖാദി യൂണിറ്റുകളുടെ പുനർജീവനം സാധ്യമല്ലാത്ത സാഹചര്യത്തിൽ വിവിധ വികസന പ്രവർത്തനങ്ങൾക്കായി പ്രസ്തുത സ്ഥലങ്ങൾ പഞ്ചായത്തുകൾക്ക് തിരികെ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

## കയർവ്യവസായ മേഖലയിൽ തൊഴിൽ ദിനങ്ങൾ

673 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയർ മേഖലയിൽ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) കയർ വ്യവസായം സംരക്ഷിക്കുന്നതിന് പ്രസ്തുത മേഖലയിൽ ഈ നൽകുന്ന സാമ്പത്തിക സഹായം എത്രയെന്ന് വിശദമാക്കാമോ?

## കയർ മേഖലയിലെ തൊഴിലാളികളുടെ വേതനം പരിഷ്കരിക്കാൻ നടപടി

674 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയർ മേഖലയിലെ തൊഴിലാളികൾക്ക് ലഭിക്കുന്ന ശരാശരി ദിവസവേതനം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് അവസാനമായി പരിഷ്കരിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ;

(സി) കയർ മേഖലയിലെ തൊഴിലാളി വേതനം പരിഷ്കരിക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## പ്ലാന്റേഷൻ മേഖലയിൽ അനുവദിച്ച പദ്ധതികൾ

675 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുനലൂർ നിയോജക മണ്ഡലത്തിൽ പ്ലാന്റേഷൻ മേഖലയിൽ വകുപ്പ് അനുവദിച്ച വിവിധ പ്രവൃത്തികളുടെ/ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പേരും അനുവദിച്ച തുകയും പദ്ധതി നിർവഹണ ഏജൻസിയുടെ വിവരങ്ങളും ലഭ്യമാക്കാമോ;

(സി) സംസ്ഥാന ബജറ്റുകളിൽ തൊഴിലാളി ലയങ്ങളുടെ പുനരുദ്ധാരണത്തിനായി അനുവദിച്ച തുക ചെലവഴിച്ചിട്ടുണ്ടോ; മേൽ വിഷയത്തിൽ എന്തെങ്കിലും പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; തൊഴിലാളി ലയങ്ങളുടെ പുനരുദ്ധാരണത്തിനായി പ്രൊപ്പോസലുകൾ ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ?

## ചങ്ങനാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ

676 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വൈദ്യുതി വകുപ്പ് മുഖാന്തിരം ചങ്ങനാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി, അനുവദിച്ച തുക എന്നിവ വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

## സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനം എന്ന പദവി നിലനിർത്തുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ

677 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ വീടുകളിലും വൈദ്യുതി എത്തുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമെന്ന പദവി നിലനിർത്തുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങളുടെ ഭാഗമായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഉണഭോക്താക്കളെ കണ്ടെത്തി അവർക്ക് വൈദ്യുതി ലഭ്യമാക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരം ലഭ്യമാക്കുമോ;

(സി) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് വൈദ്യുതിയ്ക്ക് പുറമെ വരുമാനം കൂടി ലഭ്യമാകുന്ന ഹരിത ഊർജ്ജ വരുമാന പദ്ധതി വിജയകരമായി നടപ്പാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന വികേന്ദ്രീകൃത വൈദ്യുത ഉല്പാദന പദ്ധതികൾ മേൽ ലക്ഷ്യം നേടുന്നതിന് പര്യാപ്തമായിരുന്നോ; അറിയിക്കാമോ?

## വൈദ്യുതി വാങ്ങൽ കരാറുകൾ

678 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ആഭ്യന്തര വൈദ്യുതി ഉൽപ്പാദനം കുറയുന്ന അവസരത്തിൽ പ്രതിദിനം ശരാശരി എത്ര രൂപയുടെ വൈദ്യുതിയാണ് പുറത്ത് നിന്ന് വാങ്ങാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) നിലവിലെ സർക്കാരിന്റെ കാലയളവിൽ വൈദ്യുതി വാങ്ങൽ കരാറുകൾ (പി.പി.എ)വഴി കെ.എസ്.ഇ.ബി.ക്ക് അധിക ബാധ്യത ഉണ്ടായിട്ടുണ്ടോ; എങ്കിൽ എത്രയാണെന്ന് വിശദമാക്കാമോ;

(സി) കേന്ദ്ര സർക്കാരിന്റെ ആർ.ഡി.എസ്.എസ്. പദ്ധതി പ്രകാരമുള്ള സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്ന നടപടികൾ സംസ്ഥാനത്ത് ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ഡി) സ്വന്തം നിലയിൽ മീറ്ററുകൾ നിർമ്മിക്കുമെന്ന കെ.എസ്.ഇ.ബി.യുടെ പ്രഖ്യാപനം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന്

വിശദമാക്കാമോ?

## വൈദ്യുതി കരാർ നീട്ടി നൽകാത്തതിന് നഷ്ടപരിഹാരം

679 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി കരാർ നീട്ടി നൽകാത്തതിന് നഷ്ടപരിഹാരം നൽകണമെന്ന് റിലയൻസ് ഗ്രൂപ്പ് കമ്പനി കെ.എസ്.ഇ.ബി.യോട് ആവശ്യപ്പെട്ടിരുന്നോ;

(ബി) ഇക്കാര്യത്തിൽ കേന്ദ്ര ഇലക്ട്രിസിറ്റി അപ്പലേറ്റ് ട്രിബ്യൂണൽ വിധി പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിധി പ്രകാരം കെ.എസ്.ഇ.ബി.യ്ക്കുണ്ടാകുന്ന ബാധ്യത എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) വിധിക്കെതിരെ എന്തെല്ലാം നിയമ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

## പവർകട്ടില്ലാത്ത പത്ത് വർഷങ്ങൾ

680 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. എ. രാജ**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒൻപതര വർഷമായി രാജ്യത്ത് പവർകട്ടില്ലാത്ത ഏക സംസ്ഥാനമെന്ന ഖ്യാതി നിലനിർത്തുന്നതിനായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

(ബി) സംസ്ഥാനത്ത് വൈദ്യുതി ഉല്പാദനം ഗണ്യമായി വർദ്ധിപ്പിക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ ഈ നേട്ടം കൈവരിക്കുന്നതിന് സഹായകമായിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) വൈദ്യുതി പ്രസരണത്തിലും വിതരണത്തിലും ഉണ്ടാകുന്ന നഷ്ടം കുറയ്ക്കുന്നതിനും സംസ്ഥാനത്തൊട്ടാകെ തടസ്സരഹിതമായി ഗുണമേന്മയുള്ള വൈദ്യുതി എത്തിക്കുന്നതിനും നടപ്പാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ;

(ഡി) ഏറെക്കാലമായി മുടങ്ങിക്കിടക്കുന്ന ഏതെല്ലാം പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ?

## വണ്ടൂർ മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ

681 **ശ്രീ. എ. പി. അനിൽ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 സാമ്പത്തിക വർഷം മുതൽ നാളിതു വരെ വണ്ടൂർ മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ?

## വൈദ്യുതി ബോർഡിനെ ലാഭത്തിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

682 **ഡോ. കെ. ടി. ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിനെ ലാഭത്തിലാക്കാൻ നടപ്പ് സർക്കാർ നടപ്പിലാക്കിയ പ്രവർത്തനത്തിന്റെ ഫലമായി 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ എത്ര തുകയുടെ ലാഭം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## വൈദ്യുതിമേഖലയിലെ പദ്ധതി നിർവഹണം

683 **ഡോ. കെ. ടി. ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പവർകട്ടും ലോഡ്ഷെഡിങ്ങുമില്ലാതാക്കാനായി വൈദ്യുതി മേഖലയിലെ പദ്ധതി നിർവഹണത്തിനായി 2016 മെയ് മുതൽ നാളിതു വരെയായി ചെലവഴിച്ച തുകയുടെ വിശദാംശം വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ബി) 2011 മുതൽ 2025 വരെ വൈദ്യുതി മേഖലയിലെ പദ്ധതി നിർവഹണത്തിനായി ചെലവഴിച്ച തുകയുടെ വിശദാംശം വർഷം തിരിച്ച് ലഭ്യമാക്കാമോ?

## ഇടമലക്കുടി വൈദ്യുതീകരണം

684 **ഡോ. കെ. ടി. ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടമലക്കുടിയിൽ വൈദ്യുതി എത്തിക്കുന്നതിനായി നടപ്പ് സർക്കാരിന്റെ കാലയളവിൽ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നു;

(ബി) പ്രസ്തുത മേഖലയിൽ വൈദ്യുതി എത്തിക്കുന്നതിനായി 2016 മുതൽ 2025 വരെ എന്തെല്ലാം പ്രവൃത്തികൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്; വൈദ്യുതി എത്തിക്കുന്നതിനായി എന്തെല്ലാം മാർഗ്ഗങ്ങളാണ് പിന്തുടർന്നതെന്നും ആയതിനായി എത്ര തുക ചെലവായിട്ടുണ്ടെന്നും വിശദമാക്കാമോ ?

## മലമ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പ്രവൃത്തികൾ

685 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മലമ്പുഴ മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ വികസന പ്രവൃത്തികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; ഓരോ പ്രവർത്തിക്കും അനുവദിച്ച തുക, പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്നീ വിശദാംശം ലഭ്യമാക്കാമോ?

## മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ

686 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ മാവേലിക്കര മണ്ഡലത്തിൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി അനുവദിച്ചതും നടപ്പിലാക്കിയതുമായ വൈദ്യുതി വകുപ്പിന്റെ പ്രവൃത്തികൾ

എന്തൊക്കെയെന്നും തുക എത്രയെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ?

**വാമനപുരം മണ്ഡലത്തിലെ വൈദ്യുത വകുപ്പിന്റെ പദ്ധതികൾ**

687 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് വാമനപുരം മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖാന്തിരം നടപ്പാക്കിയിട്ടുള്ള പ്രധാന പദ്ധതികളെന്തെല്ലാമാണെന്നും അവയ്ക്കായി ചെലവാക്കിയ തുക എത്രയാണെന്നും വിശദമാക്കാമോ?

**ഞാറയ്ക്കൽ സബ് സ്റ്റേഷന്റെ ശേഷി**

688 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ ചെറായി - ഞാറയ്ക്കൽ 110 കെ.വി. ഡി.സി. ലൈൻ നിർമ്മാണ പ്രവൃത്തിക്കും ഞാറയ്ക്കലുള്ള 66 കെ.വി. സബ് സ്റ്റേഷന്റെ ശേഷി 110 കെ.വി. ആയി വർദ്ധിപ്പിക്കുന്ന പ്രവൃത്തിക്കും ഭരണാനുമതി നൽകിയതെന്നാണെന്നും ഭരണാനുമതി തുക എത്രയാണെന്നും വിശദമാക്കാമോ; പ്രസ്തുത ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഞാറയ്ക്കൽ 66 കെ.വി. സബ് സ്റ്റേഷന്റെ ശേഷി 110 കെ.വി. ആയി ഉയർത്തുന്ന പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളതാരാണെന്നും പ്രസ്തുത പ്രവൃത്തിയുടെ കരാർ കാലാവധി എന്നു വരെയാണെന്നും പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

**സമ്പൂർണ്ണ വൈദ്യുതീകരണം**

689 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി 2016 മുതൽ നാളിതു വരെ എത്ര വൈദ്യുതി കണക്ഷനുകൾ നൽകാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) വൈദ്യുതി കണക്ഷൻ അതിവേഗം ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് നിലവിൽ സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ ?

**പട്ടാമ്പി മണ്ഡലത്തിലെ വൈദ്യുതി വകുപ്പ് പദ്ധതികൾ**

690 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പു സർക്കാരിന്റെ കാലയളവിൽ പട്ടാമ്പി മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന പൂർത്തിയായ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; നിലവിൽ നടന്നുവരുന്ന പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ;

(ബി) പട്ടാമ്പി മണ്ഡലത്തിൽ ഇനി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

## വൈദ്യുതി മേഖലയിൽ വിനിയോഗിച്ച തുക

691 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ സംസ്ഥാനത്തെ വൈദ്യുതി മേഖലയിൽ എത്ര തുകയാണ് വിനിയോഗിച്ചതെന്ന് അറിയിക്കാമോ;

(ബി) ഇതിന്റെ ഫലമായി ജലവൈദ്യുത മേഖലയിൽ എത്ര പദ്ധതികൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്; ഓരോ പദ്ധതിയുടെയും വിശദാംശങ്ങളും നിലവിലെ പുരോഗതിയും വ്യക്തമാക്കാമോ?

## കാട്ടാക്കട മണ്ഡലത്തിന്റെ സമ്പൂർണ്ണ വൈദ്യുതീകരണം

692 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജക മണ്ഡലം സമ്പൂർണ്ണ വൈദ്യുതീകരണ മണ്ഡലമായി പ്രഖ്യാപിച്ചത് എന്നെന്നും എവിടെ വച്ചെന്നും വ്യക്തമാക്കാമോ; ഇതിന്റെ ഭാഗമായി എത്ര വീടുകളിലാണ് വൈദ്യുതി എത്തിക്കാനായതെന്നും എത്ര രൂപയാണ് ചെലവായിട്ടുള്ളതെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കഴിഞ്ഞ പത്തു വർഷമായി വൈദ്യുതി വകുപ്പിന്റെ കീഴിൽ കാട്ടാക്കട നിയോജക മണ്ഡലത്തിൽ നടന്നിട്ടുള്ള പ്രവൃത്തികൾ എന്തൊക്കെയാണെന്നും ഇതിനായി ചെലവഴിച്ച തുക, ലക്ഷ്യങ്ങൾ, നടന്നുവരുന്ന പ്രവൃത്തികൾ എന്നിവയും വിശദമാക്കാമോ?

## ചിറയിൻകീഴ് മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

693 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മെയ് മുതൽ ചിറയിൻകീഴ് മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പാക്കിയ പദ്ധതികൾ വിശദമാക്കാമോ; ഓരോ പദ്ധതികൾക്കും അനുവദിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) മണ്ഡലത്തിൽ പുതുതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

## കാസർകോട് മൈലാട്ടി വിദ്യാനഗർ ലൈൻ

694 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് മൈലാട്ടി വിദ്യാനഗർ ലൈൻ ശക്തിപ്പെടുത്തുന്ന പ്രവൃത്തി തുടങ്ങിയത് എപ്പോഴാണെന്നും ആയത് ഇപ്പോൾ ഏത് അവസ്ഥയിലാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആവശ്യമായ തുക എത്രയാണെന്നും എത്ര തുക ഇതുവരെ ചെലവഴിച്ചെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ ഫണ്ടിന്റെ സ്രോതസ്സ് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**<u>ഒറ്റപ്പാലം മണ്ഡലത്തിലെ മിനി മാസ്റ്റ് ലൈറ്റുകൾക്ക് സർവ്വീസ് കണക്ഷൻ</u>**

695 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് പ്രവൃത്തി നടത്തുന്ന മിനി മാസ്റ്റ് ലൈറ്റുകൾക്ക് സർവ്വീസ് കണക്ഷൻ ലഭിക്കുന്നതിന് കോങ്ങാട് കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിൽ ഏതെങ്കിലും അപേക്ഷകൾ ഉണ്ടോ; ഉണ്ടെങ്കിൽ എത്രയെണ്ണമാണ് ഉള്ളതെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കണക്ഷനുകൾക്ക് പണം അടയ്ക്കുന്നതിനായി 'ഡിമാന്റ്' ചെയ്ത് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്നുള്ള വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

**<u>ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ഹൈമാസ്റ്റ്, മിനിമാസ്റ്റ് എന്നിവ സ്ഥാപിക്കുന്നതിനുള്ള നിബന്ധനകൾ</u>**

696 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട്, പ്രാദേശിക വികസന ഫണ്ട് എന്നിവ ഉപയോഗിച്ച് നിയോജക മണ്ഡലങ്ങളിൽ ഹൈമാസ്റ്റ്, മിനിമാസ്റ്റ് വിളക്കുകൾ സ്ഥാപിക്കുന്നതിന് അധിക പോസ്റ്റ് ആവശ്യമാണെന്ന് കെ.എസ്.ഇ.ബി. നിർദ്ദേശിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇത്തരത്തിൽ കണക്ഷൻ നൽകുന്നതിന് അധിക പോസ്റ്റ് ആവശ്യപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; ഇത് സംബന്ധിച്ച ഉത്തരവുകളുടെയും നിർദ്ദേശങ്ങളുടെയും സർക്കുലറുകളുടെയും പകർപ്പുകൾ ലഭ്യമാക്കാമോ;

(സി) കണക്ഷൻ നൽകുന്നതിന് അധിക പോസ്റ്റ് ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ, ഒരു വൈദ്യുത പോസ്റ്റിന് ഈടാക്കുന്ന തുക എത്രയാണ്; വിശദമാക്കാമോ?

**<u>വോൾട്ടേജ് ക്ഷാമം</u>**

697 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ നിയോജക മണ്ഡലത്തിൽ രാമപുരം കൊണ്ടാട് പ്രദേശവാസികൾക്ക് വോൾട്ടേജ് ക്ഷാമംമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനുവേണ്ടി നല്കിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ടി വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയം പരിഹരിച്ചിട്ടില്ലെങ്കിൽ സമയബന്ധിതമായി വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>വർക്കല മണ്ഡലത്തിൽ കെ.എസ്.ഇ.ബി. നടപ്പിലാക്കിയ പദ്ധതികൾ</u>**

698 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മെയ് മുതൽ നാളിതുവരെ വർക്കല മണ്ഡലത്തിൽ കെ.എസ്.ഇ.ബി. എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നും അവ എത്ര രൂപയുടേതാണെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ പുതുതായി നടപ്പാക്കുന്നതിന് അനുമതി ലഭിച്ച പദ്ധതികളുടെ വിശദാംശം നൽകാമോ?

**<u>കായംകുളം മണ്ഡലത്തിലെ വൈദ്യുതി ചാർജ്ജിംഗ് സ്റ്റേഷനുകൾ</u>**

699 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ വൈദ്യുതി ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളുടെ വിശദ വിവരം നഗരസഭ, പഞ്ചായത്ത് അടിസ്ഥാനത്തിൽ വേർതിരിച്ച് ലഭ്യമാക്കാമോ?

**<u>വർക്കല മണ്ഡലത്തിലെ ഇ.വി. ചാർജ്ജിംഗ് സ്റ്റേഷനുകൾ</u>**

700 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ കെ. എസ്. ഇ. ബി. മുഖേന എത്ര ഇലക്ട്രിക് വെഹിക്കിൾ ചാർജ്ജിംഗ് സ്റ്റേഷനുകളാണ് സ്ഥാപിച്ചിട്ടുള്ളത് ; അവയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**<u>കെ.എസ്.ഇ.ബി.യുടെ "സേവനങ്ങൾ വാതിൽപ്പടിയിൽ" പദ്ധതി</u>**

701 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യുടെ " സേവനങ്ങൾ വാതിൽപ്പടിയിൽ" പദ്ധതി എന്നു മുതലാണ് നടപ്പിലാക്കിയത്; ഈ പദ്ധതിയിലൂടെ എന്തെല്ലാം സേവനങ്ങളാണ് ഉപഭോക്താവിനു ലഭിക്കുന്നത്; വിശദമാക്കാമോ?

**<u>ആറ്റിങ്ങൽ മണ്ഡലത്തിൽ ഏരിയൽ ബഞ്ച് കേബിൾ സംവിധാനം</u>**

702 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിൽ എവിടെയെല്ലാമാണ് കെ.എസ്.ഇ.ബി.യുടെ ഏരിയൽ ബഞ്ച് കേബിൾ സംവിധാനം സ്ഥാപിക്കാൻ സാധിച്ചിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കാമോ;

(ബി) നിലവിൽ തെരുവുവിളക്കുകൾ സ്ഥാപിച്ചിരുന്ന സ്ഥലങ്ങളിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്താനായി നടപ്പിലാക്കിയ പുനഃക്രമീകരണം വിശദമാക്കാമോ?

## ഓവർഹെഡ് ലൈൻ വീടിന്റെ മേൽക്കൂരയ്ക്കു മുകളിലൂടെ പോകുന്ന സാഹചര്യം

703 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം താലൂക്കിലെ കോതനല്ലൂർ ഗ്രാമത്തിൽ കാഞ്ഞിരത്താനം-ഓമല്ലൂർ പ്രദേശത്ത് സ്വകാര്യവാസ സ്ഥലത്തിനുള്ളിൽ സ്ഥാപിച്ച വൈദ്യുതി പോസ്റ്റിൽ നിന്നും വലിച്ചിരിക്കുന്ന ഓവർഹെഡ് ലൈൻ വീടിന്റെ മേൽക്കൂരയ്ക്കു മുകളിലൂടെ കടന്നുപോകുന്ന സാഹചര്യം സംബന്ധിച്ച് ബന്ധപ്പെട്ട വ്യക്തി നൽകിയ പരാതികൾ സർക്കാരിന്റെയും വൈദ്യുതി ബോർഡിന്റെയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) സ്വകാര്യവാസസ്ഥലങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന വൈദ്യുതി പോസ്റ്റുകളും മേൽക്കൂരകൾക്കു മുകളിലൂടെ കടന്നുപോകുന്ന ഓവർഹെഡ് ലൈനുകളും ജീവനും സ്വത്തിനും സുരക്ഷാഭീഷണിയാകുന്ന സാഹചര്യങ്ങളിൽ, നിലവിലുള്ള നിയമങ്ങളും സുരക്ഷാ മാനദണ്ഡങ്ങളും പ്രകാരം അവ മാറ്റി സ്ഥാപിക്കുന്നതിന് വൈദ്യുതി ബോർഡ് പിന്തുടരുന്ന നടപടിക്രമങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ;

(സി) കാഞ്ഞിരത്താനം-ഓമല്ലൂർ പ്രദേശത്തെ പരാതിക്കാരന്റെ സ്ഥലത്ത് അടിയന്തരമായി സൈറ്റ് ഇൻസ്പെക്ഷൻ നടത്തി, വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കുകയും ഓവർഹെഡ് ലൈൻ സുരക്ഷിതമായ മറ്റൊരു വഴിയിലേക്ക് മാറ്റുകയും ചെയ്യുന്നതിനായി സർക്കാർ നിർദേശം നൽകുന്നത് പരിഗണിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണ്; ഈ വിഷയത്തിൽ ബഹു. മന്ത്രിക്ക് നൽകിയ പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## കെ.എസ്.ഇ.ബി.-ക്ക് ലഭിച്ചിട്ടുള്ള അംഗീകാരങ്ങൾ

704 **ഡോ. കെ. ടി. ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. നടത്തിയ പ്രവർത്തനങ്ങൾക്ക് 2016 മുതൽ ലഭിച്ചിട്ടുള്ള അംഗീകാരങ്ങൾ എന്തെല്ലാം; വ്യക്തമാക്കാമോ?

## കയ്പമംഗലം മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം

705 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം നിയോജക മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിരിക്കുന്നത്; വിശദമായ റിപ്പോർട്ട് ലഭ്യമാക്കാമോ?

## വൈദ്യുതി ഉപഭോക്താക്കളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ അദാലത്തുകൾ

706 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. കെ.പി.മോഹനൻ**

**ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി ഉപഭോക്താക്കളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ അദാലത്തുകൾ നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) വൈദ്യുതി ഉപഭോക്താക്കൾ നേരിടുന്ന പ്രശ്നങ്ങൾക്ക് ഉടനടി പരിഹാരം കാണുന്നതിന് പ്രത്യേക സ്ഥിരം സംവിധാനം ഏർപ്പെടുത്തുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

## കുറ്റ്യാടി നിയോജക മണ്ഡലത്തിലെ പദ്ധതികൾ

707 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മെയ് മാസം മുതൽ നാളിതുവരെയായി കുറ്റ്യാടി നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും പ്രവൃത്തിയുടെ പേരും അടങ്കൽ തുക സഹിതം വ്യക്തമാക്കാമോ;

(ബി) മേൽ പദ്ധതികൾ നടപ്പിലാക്കിയതിലൂടെ മണ്ഡലത്തിലെ ഏതൊക്കെ പ്രദേശത്ത്, എന്തൊക്കെ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## സംസ്ഥാനത്തെ സമ്പൂർണ്ണ വൈദ്യുതീകരണം

708 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലയളവിൽ സംസ്ഥാനത്ത് നടപ്പാക്കിയ പവർകട്ടിന്റെയും ലോഡ്ഷെഡിംഗിന്റെയും കാരണങ്ങൾ നടപ്പു സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം സമയങ്ങളിൽ എത്ര തവണ വീതമായിരുന്നു അവ നടപ്പിലാക്കിയിരുന്നതെന്നു വ്യക്തമാക്കുമോ ;

(സി) 2016-21 കാലയളവിൽ സംസ്ഥാനത്തിനെ സമ്പൂർണ്ണ വൈദ്യുതീകരണത്തിലേയ്ക്ക് എത്തിക്കുന്നതിനായി നടപ്പാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ഡി) 2016 മുതൽ 2026 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് പവർകട്ടും ലോഡ്ഷെഡിംഗും ഉണ്ടാകാതിരിക്കാനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

## റീവാംപെഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം

709 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റീവാംപെഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ (നവീകരിച്ച വിതരണ മേഖല ) പദ്ധതിയിലേക്ക് വടക്കാഞ്ചേരി മണ്ഡലത്തിൽ നിന്നും ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ നിലവിലെ പുരോഗതി അറിയിക്കുമോ;

(ബി) പദ്ധതിയിലുൾപ്പെടുത്തിയ 11 കെ.വി. ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്ന പ്രവൃത്തി, ലൈൻ റീ കണ്ടക്റ്ററിംഗ് ചെയ്യുന്ന പ്രവൃത്തി എന്നിവ ഏതൊക്കെ സെക്ഷനുകളുടെ പരിധിയിൽ ഏതൊക്കെ പ്രദേശത്താണ് അനുവദിച്ചിരിക്കുന്നതെന്നും ആയതിന്റെ നിലവിലെ പുരോഗതിയും വ്യക്തമാക്കാമോ?

## അരുവിക്കര മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

710 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സർക്കാരിന്റെ കാലയളവിൽ അരുവിക്കര മണ്ഡലത്തിൽ വൈദ്യുതി വകുപ്പിന് കീഴിൽ നടപ്പിലാക്കിയ പദ്ധതികൾ, അവയുടെ അടങ്കൽ തുക, ഇപ്പോഴത്തെ സ്ഥിതി എന്നിവ തരം തിരിച്ച് ലഭ്യമാക്കാമോ?

## മാർമല ചെറുകിട ജലവൈദ്യുത പദ്ധതി

711 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ മാർമല ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## പുനലൂർ മണ്ഡലത്തിലെ വൈദ്യുതി വകുപ്പ് പദ്ധതികൾ

712 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുനലൂർ നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് അനുവദിച്ച വിവിധ പ്രവൃത്തികളുടെ/പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഓരോ പ്രവൃത്തികളുടെയും പേരും അനുവദിച്ച തുകയും പദ്ധതി നിർവഹണ ഏജൻസിയുടെ വിവരങ്ങളും ലഭ്യമാക്കാമോ?

## ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം

713 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. മഞ്ഞളാംകുഴി അലി**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പകൽ സമയത്ത് സോളാർ ഉൾപ്പെടെയുള്ള സ്രോതസ്സുകൾ വഴി ഉല്പാദിപ്പിക്കുന്ന വൈദ്യുതി പിന്നീടുള്ള ഉപയോഗത്തിനായി ശേഖരിക്കുന്ന ബാറ്ററി എനർജി

സ്റ്റോറേജ് സിസ്റ്റം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇപ്രകാരം എത്ര മെഗാവാട്ട് വൈദ്യുതി ശേഖരിക്കാമെന്നാണ് കരുതുന്നത്;

(സി) ഇതിനാവശ്യമായി വരുന്ന ചെലവ് എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; ഈ പദ്ധതിക്ക് കേന്ദ്ര സഹായം ലഭ്യമാണോ; വിശദമാക്കുമോ?

## മഞ്ചേശ്വരം മണ്ഡലത്തിലെ വൈദ്യുത പദ്ധതികൾ

714 **ശ്രീ. എ. കെ. എം. അഷ്‌റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മഞ്ചേശ്വരം നിയോജക മണ്ഡലത്തിൽ വൈദ്യുതി മേഖലയിൽ നടപ്പിലാക്കിയ വിവിധ പദ്ധതികൾക്കായി അനുവദിച്ച തുക, പദ്ധതി പൂർത്തീകരിക്കുമ്പോൾ ലഭിക്കുന്ന ഭൗതിക നേട്ടം, ഓരോ പദ്ധതിയുടേയും നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) വരും വർഷങ്ങളിൽ മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ?

## ഹൈഡൽ ടൂറിസം സെന്റർ

715 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. യു. ആർ. പ്രദീപ്**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന അണക്കെട്ടുകളുമായും ജലാശയങ്ങളുമായും ബന്ധപ്പെട്ട പ്രദേശങ്ങൾ വിനോദസഞ്ചാര യോഗ്യമാക്കുന്നതിന് രൂപീകരിച്ച കേരള ഹൈഡൽ ടൂറിസം സെന്ററിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഹൈഡൽ ടൂറിസം സെന്ററിന് വിനോദസഞ്ചാര ഭൂപടത്തിൽ സുപ്രധാന സ്ഥാനം കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഹൈഡൽ ടൂറിസത്തെ നവീകരിക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കാമോ;

(ഡി) ഹൈഡൽ ടൂറിസവുമായി ബന്ധപ്പെട്ട വിനോദസഞ്ചാര മേഖലകളുടെ ഭാവിവികസനത്തിനായി ഏതെല്ലാം പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നുണ്ടെന്ന് വിശദമാക്കാമോ?

## മങ്കട നിയോജകമണ്ഡലത്തിലെ വൈദ്യുതവകുപ്പ് പദ്ധതികൾ

716 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും

അതിൽ പൂർത്തിയായ പ്രവൃത്തികൾ , പുരോഗമിച്ചു കൊണ്ടിരിക്കുന്ന പ്രവൃത്തികൾ , ഇനിയും ആരംഭിക്കാത്ത പ്രവൃത്തികൾ എന്നിവ ഏതെല്ലാമെന്നും വിശദമാക്കാമോ;

(ബി) മങ്കട നിയോജകമണ്ഡലത്തിൽ ഏറ്റവും അടിയന്തരമായി വകുപ്പ്നടപ്പിലാക്കേണ്ട മറ്റ് പ്രവൃത്തികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) മക്കരപ്പറമ്പ് ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് കൂട്ടിലങ്ങാടി ആസ്ഥാനമാക്കി ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി എന്താണെന്ന് അറിയിക്കുമോ; ഈ ആവശ്യം പരിഗണിയ്ക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

## പാറശ്ശാല നിയോജകമണ്ഡലത്തിലെ വൈദ്യുതി വകുപ്പ് പദ്ധതികൾ

717 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പാറശ്ശാല നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിശദവിവരങ്ങളും ഓരോ പദ്ധതിക്കുമായി ചെലവഴിച്ച തുകയുടെ വിവരങ്ങളും പട്ടിക തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഇക്കാലയളവിൽ പ്രസ്തുത മണ്ഡലത്തിൽ ട്രാൻസ്ഗ്രിഡ് പദ്ധതി, ദ്യുതി പദ്ധതി, എന്നിവയിൽ ഉൾപ്പെടുത്തി നടത്തിയ സബ്സ്റ്റേഷൻ നവീകരണം, ലൈൻ മാറ്റം, പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ എന്നിവയുടെ വിശദാംശം നൽകാമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ ഇക്കാലയളവിൽ സൗജന്യ വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കും ബി.പി.എൽ. വിഭാഗങ്ങൾക്കുമായി എത്ര കണക്ഷനുകൾ വീതമാണ് നൽകിയതെന്ന് വ്യക്തമാക്കുമോ;

(ഡി) നിലവിൽ മണ്ഡലത്തിൽ അനുമതി ലഭിച്ചതും എന്നാൽ പ്രവൃത്തി ആരംഭിക്കാത്തതുമായ വൈദ്യുതീകരണ പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(ഇ) പാറശ്ശാല നിയോജക മണ്ഡലത്തിലെ ആര്യൻകോട്, കള്ളിക്കാട്, പെരുങ്കടവിള, വെള്ളറട, ഒറ്റശേഖരമംഗലം, അമ്പൂരി എന്നീ മലയോര പഞ്ചായത്തുകളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ഒറ്റശേഖരമംഗലം കേന്ദ്രമാക്കി 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കണം എന്ന് ആവശ്യപ്പെട്ട് സമർപ്പിച്ചിരുന്ന പ്രൊപ്പോസലിൻമേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

## ഓളിക്കൽ, പൂവാറൻതോട് വൈദ്യുത പദ്ധതികൾ

718 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിൽ പ്രവൃത്തി പുരോഗമിക്കുന്ന ഓളിക്കൽ, പൂവാറൻതോട് ജലവൈദ്യുത പദ്ധതികളുടെ വിശദാംശവും പദ്ധതി അടങ്കലും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ എന്ന് കമ്മീഷൻ ചെയ്യുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## മലപ്പുറം പാക്കേജ്

719 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വൈദ്യുതി വിതരണ മേഖലയിലെ സമഗ്രപുരോഗതി ലക്ഷ്യമിട്ട് പ്രഖ്യാപിച്ച മലപ്പുറം പാക്കേജിന്റെ നിലവിലെ പുരോഗതി വെളിപ്പെടുത്തുമോ;

(ബി) മലപ്പുറം പാക്കേജിന്റെ കാര്യക്ഷമമായ നടത്തിപ്പിന്റെ ഭാഗമായി വകുപ്പ് മന്ത്രി കഴിഞ്ഞ നിയമസഭ കാലയളവിൽ മലപ്പുറം ജില്ലയിലെ നിയമസഭ സാമാജികരെ ഉൾപ്പെടുത്തി നടത്തിയ അവലോകന യോഗത്തിൽ കൈകൊണ്ട തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) പാക്കേജിലെ വിവിധ പദ്ധതികൾക്ക് മുൻഗണനാ ക്രമം നിശ്ചയിച്ചിട്ടുണ്ടോ; പാക്കേജ് പരിപൂർണ്ണമായും എന്നത്തേക്ക് യാഥാർത്ഥ്യമാകുമെന്ന് വെളിപ്പെടുത്തുമോ?

## വടക്കാഞ്ചേരി മണ്ഡലത്തിലെ വൈദ്യുതി വകുപ്പിന്റെ പദ്ധതികൾ

720 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് വടക്കാഞ്ചേരി മണ്ഡലത്തിൽ വകുപ്പ് അനുവദിച്ചതും ആവിഷ്കരിച്ച് നടപ്പിലാക്കിയതും, നടപ്പിലാക്കി വരുന്നതുമായ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഓരോ പദ്ധതിയ്ക്കും അനുവദിച്ചിട്ടുള്ള തുക എത്ര; പൂർത്തീകരിച്ച പ്രവൃത്തികൾ എത്ര; പുരോഗമിക്കുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് വടക്കാഞ്ചേരി മണ്ഡലത്തിൽ സൗജന്യ വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദ വിവരം ലഭ്യമാക്കാമോ?

## മലപ്പുറം പാക്കേജിന്റെ ഭാഗമായി നിലമ്പൂർ മണ്ഡലത്തിൽ നടപ്പാക്കുന്ന പ്രവൃത്തികൾ

721 **ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം പാക്കേജിന്റെ ഭാഗമായി നിലമ്പൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന വോൾട്ടേജ് ഇമ്പ്രൂവ്മെന്റ്, പുതിയ ഫീഡർ ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; ആയതിന്റെ വിശദാംശങ്ങൾ തുക സഹിതം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാക്കേജിന്റെ നിലമ്പൂർ മണ്ഡലത്തിലെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

## മലപ്പുറം പാക്കേജിന്റെ പുരോഗതി

722 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വൈദ്യുത വിതരണ മേഖലയിലെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് സർക്കാർ പ്രഖ്യാപിച്ച മലപ്പുറം പാക്കേജിന്റെ പുരോഗതികൾ വെളിപ്പെടുത്താമോ;

(ബി) പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള ഹ്രസ്വകാല - ദീർഘകാല പദ്ധതികളുടെ വിശദാംശം നൽകാമോ;

(സി) ജില്ല നേരിടുന്ന വോൾട്ടേജ് ക്ഷാമം, അടിക്കടിയുള്ള വൈദ്യുതി തടസ്സങ്ങൾ എന്നിവയ്ക്ക് ശാശ്വതമായ പരിഹാരമാവാൻ പാക്കേജിലൂടെ സാധിക്കുമോ എന്ന് വ്യക്തമാക്കാമോ;

(ഡി) പാക്കേജിലെ വിവിധ പദ്ധതികൾക്ക് മുൻഗണനാ ക്രമം നിശ്ചയിച്ചിട്ടുണ്ടോ; പാക്കേജ് പരിപൂർണ്ണമായും എന്നത്തേക്ക് യാഥാർത്ഥ്യമാകും എന്ന് വ്യക്തമാക്കാമോ?

## പയ്യന്നൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

723 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സർക്കാരിന്റെ കാലയളവിൽ നാളിതുവരെയായി പയ്യന്നൂർ നിയോജക മണ്ഡല പരിധിയിൽ വൈദ്യുതി വകുപ്പിന് കീഴിൽ നടപ്പിലാക്കിയ പദ്ധതികളും അനുവദിച്ച തുകയും എത്രയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതിയും പൂർത്തിയാക്കാൻ ബാക്കിയുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ?

## കുറ്റിക്കോൽ സബ്സ്റ്റേഷൻ പ്രവൃത്തി

724 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ നിയോജകമണ്ഡലത്തിലെ കുറ്റിക്കോൽ സബ്സ്റ്റേഷന്റെ പ്രവൃത്തി പൂർത്തീകരിച്ച്എന്ന് പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിലെ മൈലാടി-വിദ്യാനഗർ മൾട്ടി സർക്യൂട്ട് മൾട്ടി വോൾട്ടേജ് ലൈൻ പ്രവൃത്തിയുടെ നിലവിലെ പുരോഗതി റിപ്പോർട്ട് ലഭ്യമാക്കാമോ; പദ്ധതി എന്ന് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ ?

## കല്ല്യാശ്ശേരി മണ്ഡലത്തിൽ വൈദ്യുതി വകുപ്പിന്റെ പ്രവൃത്തികൾ

725 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന പൂർത്തിയാക്കിയ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; നിലവിൽ നടന്നുവരുന്ന പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ;

(ബി) പൂർത്തീകരിക്കാത്ത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; മുഴുവൻ പ്രവൃത്തികളും വേഗത്തിൽ പൂർത്തീകരിക്കുവാനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കല്ല്യാശ്ശേരി മണ്ഡലത്തിൽ സൗജന്യ വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ടെങ്കിൽ അവയുടെ വിശദവിവരം ലഭ്യമാക്കാമോ?

## <u>ഹരിത ഹൈഡ്രജൻ മിഷൻ</u>

726 **ശ്രീ ജി എസ് ജയലാൽ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുത ഉല്പാദന രംഗം കാർബൺ ന്യൂട്രൽ ആയി മാറ്റാൻ ലക്ഷ്യമിട്ട് പുനരുപയോഗ ഊർജ്ജോല്പാദനം പടിപടിയായി ഉയർത്തിക്കൊണ്ട് വരുന്നതിനായി നടപ്പാക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വാണിജ്യാടിസ്ഥാനത്തിൽ ഹരിത ഹൈഡ്രജൻ ഉല്പാദിപ്പിക്കുന്ന വൻകിട പദ്ധതികൾക്കുള്ള നിർദ്ദേശങ്ങൾ വിവിധ സംരംഭകരിൽ നിന്ന് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രാദേശിക ഹൈഡ്രജൻ ആവാസവ്യവസ്ഥയെ വികസിപ്പിക്കുന്നതിനും സുസ്ഥിര ഊർജ്ജത്തിലേക്കുള്ള സംസ്ഥാനത്തിന്റെ പരിവർത്തനത്തിനുമായി 'ഹൈഡ്രജൻ വാലി ഇന്നൊവേഷൻ ക്ലസ്റ്റർ–കേരള' എന്ന പ്രത്യേക ഉദ്ദേശ്യ കമ്പനി രജിസ്റ്റർ ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ദേശീയ ഹരിത ഹൈഡ്രജൻ മിഷന്റെ ഭാഗമായി ഓട്ടോമോട്ടീവ് റിസർച്ച് അസോസിയേഷൻ ഓഫ് ഇന്ത്യ മുഖേന നടപ്പാക്കുന്ന ഹൈഡ്രജൻ ട്രക്കുകൾ പൈലറ്റടിസ്ഥാനത്തിൽ ഓടിക്കാനുള്ള പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## <u>കുന്നത്തുനാട് മണ്ഡലത്തിൽ വൈദ്യുതി വകുപ്പിന്റെ പദ്ധതികൾ</u>

727 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി വകുപ്പിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി കുന്നത്തുനാട് മണ്ഡലത്തിൽ നടപ്പിലാക്കിയതും, നടപ്പിലാക്കി വരുന്നതുമായ പ്രവ്യത്തികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഓരോ പ്രവൃത്തിയുടേയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

## <u>പഴശ്ശി സാഗർ ജലവൈദ്യുതി പദ്ധതി</u>

728 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പഴശ്ശി സാഗർ ജലവൈദ്യുതി പദ്ധതിയുടെ നിർമ്മാണ പുരോഗതിയും വിശദാംശവും ലഭ്യമാക്കാമോ?

**നെയ്യാറ്റിൻകര മണ്ഡലത്തിലെ വൈദ്യുത പദ്ധതികൾ**

729 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2026 വരെയുള്ള കാലയളവിൽ നെയ്യാറ്റിൻകര മണ്ഡലത്തിൽ വൈദ്യുതി മേഖലയിൽ അനുവദിച്ച പദ്ധതികൾ വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും വിനിയോഗിച്ച തുക, പദ്ധതിയുടെ പേരുവിവരവും സ്ഥലവും സഹിതം വിശദമാക്കാമോ;

(സി) വൈദ്യുതി മേഖലയിൽ പുതിയതായി അനുവദിക്കുന്ന പദ്ധതികൾ, അവയ്ക്ക് വിനിയോഗിക്കുന്ന തുക എന്നിവ വിശദമാക്കാമോ?

**ആർ. ഡി. എസ്. എസ്. ന്റെ ഭാഗമായി നിലമ്പൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന പ്രവൃത്തികൾ**

730 **ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.ഡി.എസ്.എസ്. (റിവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം) -ന്റെ ഭാഗമായി നിലമ്പൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന പ്രവൃത്തികൾക്ക് എത്ര തുക വകയിരുത്തിയിട്ടുണ്ട്; ആയതിന്റെ പുരോഗതി വ്യക്തമാക്കാമോ?

**കോങ്ങാട് മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

731 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മെയ് മുതൽ നാളിതുവരെ കോങ്ങാട് നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ വിവിധ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ?

**ഭൂതത്താൻകെട്ട് മിനി ജലവൈദ്യുതി പദ്ധതി**

732 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂതത്താൻകെട്ട് മിനി ജലവൈദ്യുതി പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രവൃത്തികൾ പൂർത്തീകരിച്ച് പദ്ധതി കമ്മീഷൻ ചെയ്യുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## കൊണ്ടോട്ടി മണ്ഡലത്തിലെ ദ്യുതി പദ്ധതി

733 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ഊർജ്ജ ആവശ്യകത നിറവേറ്റുവാൻ ദ്യുതി 2.0 എന്ന പേരിൽ മലപ്പുറം പാക്കേജിന് അധികമായി തുക വകയിരുത്തി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) മേൽ സൂചിപ്പിച്ച പദ്ധതിയുടെ ടെണ്ടർ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിൽ ആണെന്ന് വ്യക്തമാക്കാമോ; ടെണ്ടർ പ്രക്രിയകൾ കഴിഞ്ഞിട്ടുണ്ടെങ്കിൽ ഓരോ പ്രവർത്തികളും എന്ന് തുടങ്ങുമെന്ന വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം പ്രവർത്തികളാണ് കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ നടത്താൻ ഉദ്ദേശിക്കുന്നതെന്ന് മണ്ഡലത്തിലെ ഇലക്ട്രിക്കൽ സെക്ഷൻ തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

## ആലത്തൂർ മണ്ഡലത്തിലെ വിവിധ പദ്ധതികൾ

734 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ ആലത്തൂർ നിയോജകമണ്ഡലത്തിൽ വൈദ്യുതി വിതരണ-പ്രസരണ മേഖലയിലും, മറ്റ് മേഖലകളിലും നടപ്പാക്കി വരുന്ന വിവിധ പദ്ധതികളുടെ വിശദാംശം, ചെലവഴിച്ച തുക, പ്രവർത്തന പുരോഗതി എന്നിവ സെക്ഷൻ തിരിച്ച് ലഭ്യമാക്കാമോ?

## മണ്ണാർക്കാട് മണ്ഡലത്തിലെ വൈദ്യുതി-വോൾട്ടേജ് ക്ഷാമം

735 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് മണ്ഡലത്തിലെ വൈദ്യുതിക്ഷാമവും വോൾട്ടേജ് ക്ഷാമവും പരിഹരിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികളും തുടർന്നും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികളും സംബന്ധിച്ച വിശദവിവരം നൽകാമോ?

## വൈദ്യുതി പ്രസരണ-വിതരണ ശൃംഖല ശക്തിപ്പെടുത്താൻ നടപടി

736 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീമതി സി. കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് പുറത്തുനിന്നും വൈദ്യുതി എത്തിക്കുന്നതിനുള്ള ലൈനുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനും ലഭ്യമായ വൈദ്യുതി സംസ്ഥാനത്തുടനീളം സുഗമമായി എത്തിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) തനത് പദ്ധതികളും ട്രാൻസ്ഗ്രിഡ് പദ്ധതിയും നടപ്പിലാക്കിയത് വഴി കഴിഞ്ഞ പത്ത് വർഷക്കാലം കൊണ്ട് വൈദ്യുതി പ്രസരണ രംഗത്ത് സംസ്ഥാനം

വളരെയേറെ മുന്നേറിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സംസ്ഥാനത്തിന്റെ വൈദ്യുതി ഇറക്കുമതി ശേഷി വർദ്ധിപ്പിക്കുന്നതിനും അതോടൊപ്പം അത്രയും വൈദ്യുതി സംസ്ഥാനത്തുടനീളം തടസ്സരഹിതമായി എത്തിക്കുന്ന രീതിയിൽ പ്രസരണ-വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനും ലക്ഷ്യമിടുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നടപ്പിലാക്കികൊണ്ടിരിക്കുന്ന ദ്യുതി 2 , റീവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം എന്നീ പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

## <u>വൈദ്യുതി പ്രസരണ-വിതരണ മേഖലയുടെ നവീകരണം</u>

737 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ എം രാജഗോപാലൻ**
**ശ്രീമതി ശാന്തകുമാരി കെ.** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി പ്രസരണ-വിതരണ മേഖലയിൽ നിലവിലെ സർക്കാരിന്റെ ഇടപെടലുകൾ കൊണ്ട് ഉണ്ടായിട്ടുള്ള മാറ്റങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) നിലവിൽ വൈദ്യുതി പ്രസരണ നഷ്ടം എത്രയാണെന്നും ഈ രംഗത്ത് നടപ്പാക്കുന്ന പദ്ധതികൾ പൂർത്തിയാകുന്നതോടെ പ്രസരണ നഷ്ടം എത്രയായി കുറയ്ക്കാമെന്നാണ് കണക്കാക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) ട്രാൻസ് ഗ്രിഡ് പദ്ധതിയുടെ വിവിധഘട്ടങ്ങളുടെ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഡി) ഈ സർക്കാരിന്റെ കാലയളവിൽ ഈയിനത്തിൽ ചെലവഴിച്ച തുകയെത്രയാണെന്ന് വ്യക്തമാക്കാമോ?

## <u>സംസ്ഥാനത്തെ ആശുപത്രികളിൽ ഈടാക്കുന്ന വൈദ്യുതി നിരക്ക്</u>

738 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾ, സഹകരണ ആശുപത്രികൾ, സ്വകാര്യ ആശുപത്രികൾ എന്നിവയിൽ നിന്നും ഈടാക്കുന്ന വൈദ്യുതി നിരക്ക് യൂണിറ്റ് എത്രയെന്ന് സ്ലാബ് തിരിച്ച് പ്രത്യേകം വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ നിലവിൽ വൈദ്യുതി നിരക്ക് കുടിശികയുള്ളവയുണ്ടെങ്കിൽ അവ ഏതെല്ലാമാണെന്നും കുടിശ്ശിക എത്രയെന്നും അറിയിക്കാമോ;

(സി) സംസ്ഥാനത്തെ സഹകരണ ആശുപത്രികളിൽ നിലവിൽ വൈദ്യുതി നിരക്ക് കുടിശികയുള്ളവയുണ്ടെങ്കിൽ അവ ഏതെല്ലാമാണെന്നും കുടിശ്ശിക എത്രയെന്നും അറിയിക്കാമോ;

(ഡി) വൈദ്യുത കുടിശ്ശിക നിലവിലുള്ളത് കാരണം വൈദ്യുത ബന്ധം വിച്ഛേദിക്കപ്പെട്ട സർക്കാർ ആശുപത്രി,സഹകരണ ആശുപത്രി,സ്വകാര്യ ആശുപത്രി എന്നിവയുടെ വിവരവും പ്രസ്തുത ആശുപത്രികൾ വരുത്തിയ കുടിശ്ശിക എത്രയാണെന്നും പ്രത്യേകം അറിയിക്കാമോ;

(ഇ) പൊതുജനാരോഗ്യം മുൻനിർത്തി പ്രവൃത്തിക്കുന്ന ആശുപത്രികളുടെ വൈദ്യുതനിരക്ക് ഇളവ് ചെയ്യുന്നതിന് വേണ്ടി സർക്കാരിന്റെ ഭാഗത്തുനിന്ന് നടപടി ഉണ്ടാകുമോയെന്ന് അറിയിക്കാമോ?

## സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാന പദവി നിലനിർത്താൻ നടപടി

739 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-ൽ രാജ്യത്തെ ആദ്യത്തെ സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാന പദവി നേടിയ കേരളം ആയത് നിലനിർത്തുന്നതിന്റെ ഭാഗമായി കഴിഞ്ഞ വർഷങ്ങളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വന്നിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഇതുപ്രകാരം എത്രപേർക്ക് വൈദ്യുതി കണക്ഷനുകൾ നൽകി; 2018 മുതൽ 2025 വരെയുള്ള കണക്ക് വർഷം തിരിച്ച് വ്യക്തമാക്കാമോ;

(സി) സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി 2018 മുതൽ 2025 വരെയുള്ള വർഷങ്ങളിൽ എത്ര ബി.പി.എൽ. കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

## മലപ്പുറം മണ്ഡലത്തിലെ വൈദ്യുതി വകുപ്പിന്റെ പ്രവർത്തനങ്ങൾ

740 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മലപ്പുറം മണ്ഡലത്തിൽ വൈദ്യുതി വകുപ്പിൻ കീഴിൽ പൂർത്തീകരിച്ച പദ്ധതികളും അനുവദിച്ച തുകയും വിശദമാക്കുമോ ;

(ബി) പ്രസ്തുത മണ്ഡലത്തിൽ വകുപ്പുമായി ബന്ധപ്പെട്ട് നിലവിൽ നടക്കുന്ന പ്രവർത്തനങ്ങളും അവയുടെ പുരോഗതിയും വിശദമാക്കാമോ;

(സി) വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവൃത്തികളുടെ ഭാഗമായി വിവിധ പ്രദേശങ്ങളിൽ ട്രാൻസ്ഫോർമറുകളും ത്രീഫേസ് ലൈനുകളും സ്ഥാപിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുവാൻ നിർദേശം നൽകുമോ; വ്യക്തമാക്കാമോ?

## നിലമ്പൂർ മണ്ഡലത്തിലെ പഞ്ചായത്തുകളിൽ സ്ട്രീറ്റ് ലൈൻ

741 **ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കുന്നതിനായി പഞ്ചായത്തുകൾ പണമടച്ച് കാത്തിരിക്കുന്നത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

## കായംകുളം മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ

742 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മെയ് മാസം മുതൽ നാളിതുവരെ കായംകുളം മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് വിവിധ പദ്ധതികൾ വഴി നടപ്പിലാക്കിയ പ്രവൃത്തികൾ, ഓരോ പ്രവൃത്തിക്കും ചിലവഴിച്ച തുക, പ്രവൃത്തികളുടെ നിലവിലുള്ള പുരോഗതി എന്നിവ വിശദമാക്കാമോ?

## മണിയൂർ സബ്സ്റ്റേഷൻ

743 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ മണിയൂർ സബ്സ്റ്റേഷൻ നിർമ്മാണം സംബന്ധിച്ച പുരോഗതി വിശദമാക്കാമോ;

(ബി) മണിയൂർ സബ്സ്റ്റേഷനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ എന്ന് പൂർത്തിയാക്കാൻ സാധിക്കും എന്ന് വിശദമാക്കാമോ;

(സി) മണിയൂർ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിലൂടെ ഉണ്ടാകുന്ന പ്രയോജനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## പാലക്കാട് ജില്ലയിലെ വൈദ്യുതി ബോർഡിന് കീഴിലുള്ള സെക്ഷൻ ഓഫീസുകൾ

744 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ വൈദ്യുതി ബോർഡിന് കീഴിൽ എത്ര സെക്ഷൻ ഓഫീസുകൾ ഉണ്ടെന്നും അവ ഏതെല്ലാമെന്നും നിയോജകമണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓഫീസുകളിൽ ആരെങ്കിലും സ്ഥിരമായി അഞ്ച് വർഷത്തിൽ കൂടുതലായി അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ ജോലി നോക്കുന്നുണ്ടോ; എങ്കിൽ ഏത് ഓഫീസിലെന്നും എത്ര വർഷമായി പ്രസ്തുത ഓഫീസിൽ ജോലി ചെയ്തുവരുന്നുമെന്നുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

## വൈദ്യുതി ജീവനക്കാരുടെ കുറവ് പരിഹരിക്കാൻ നടപടി

745 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവശ്യത്തിന് ജീവനക്കാരില്ലാത്തത് കെ.എസ്.ഇ.ബി. യുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനായി താൽക്കാലിക ജീവനക്കാരെയും കരാർ ജീവനക്കാരെയും നിയോഗിക്കാറുണ്ടോ;

(സി) വൈദ്യുത അപകടങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ കെ.എസ്.ഇ.ബി. യിലെ ഒഴിവുള്ള തസ്തികകൾ സമയബന്ധിതമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## കോട്ടയം ടെക്സ്റ്റൈൽസിന്റെ വൈദ്യുതി കുടിശ്ശിക

746 **ശ്രീ. മോൻസ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ടെക്സ്റ്റൈൽസിന്റെ നിലവിലെ വൈദ്യുതി കുടിശ്ശികയുടെ ആകെ തുക എത്രയാണെന്നും ഈ കുടിശ്ശിക ഏത് കാലയളവിലേതാണെന്നും അറിയിക്കാമോ;

(ബി) സർക്കാർ നിയന്ത്രണത്തിലുള്ള കോട്ടയം ടെക്സ്റ്റൈൽസിന്റെ പ്രവർത്തനം നിലച്ചുപോകാതിരിക്കാനും തൊഴിലാളികളുടെ ഉപജീവനം സംരക്ഷിക്കാനും വൈദ്യുതി കുടിശ്ശിക ഒടുക്കുന്നതിനായി യുക്തിസഹമായ സാവകാശവും തവണകളായ അടവു സൗകര്യവും അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) സമാന സാഹചര്യങ്ങളിൽ മറ്റ് സർക്കാർ/പൊതുമേഖല സ്ഥാപനങ്ങൾക്ക് വൈദ്യുതി കുടിശ്ശിക തവണകളായി അടയ്ക്കാൻ അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതേ മാനദണ്ഡം കോട്ടയം ടെക്സ്റ്റൈൽസിനും ബാധകമാക്കാൻ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഡി) വൈദ്യുതി കുടിശ്ശിക കാരണം കോട്ടയം ടെക്സ്റ്റൈൽസിന്റെ വൈദ്യുതി വിച്ഛേദനം സംഭവിക്കാനുള്ള സാഹചര്യം നിലനിൽക്കുന്നുണ്ടോ; എങ്കിൽ അത്തരം അവസ്ഥ ഒഴിവാക്കുന്നതിനായി അടിയന്തരമായി സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണ്? വ്യക്തമാക്കാമോ?

## തിരൂരങ്ങാടി നിയോജക മണ്ഡലത്തിൽ മലപ്പുറം പാക്കേജിന്റെ പുരോഗതി

747 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ മലപ്പുറം പാക്കേജിന്റെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ ; ഓരോ പ്രവൃത്തിയും ഇനം തിരിച്ച് വിശദമാക്കാമോ;

(ബി) ഈ പദ്ധതിയിൽ തിരൂരങ്ങാടി നിയോജക മണ്ഡലത്തിൽ നിന്നും ഉൾപ്പെട്ട പ്രവൃത്തികൾ ഏതെല്ലാമാണ്; ഇവയുടെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ വിശദമാക്കാമോ;

(സി) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ കക്കാട് കരിമ്പിൽ ഭാഗത്തും പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിലെ തീരദേശത്തും 11 കെ.വി. വൈദ്യുതി ലൈൻ സ്വകാര്യ സ്ഥലത്ത് അപകടകരമായ രൂപത്തിൽ വീടുകൾക്കടുത്തു കൂടി കടന്നുപോകുന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഈ ലൈനുകൾ റോഡിലേക്ക് ഷിഫ്റ്റ് ചെയ്യുന്ന പ്രവൃത്തി മലപ്പുറം പാക്കേജിൽ ഉൾപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഉൾപ്പെടുത്താൻ സാധിക്കുമോ; വിശദമാക്കാമോ;

(ഡി) അപകട സാധ്യത വളരെ കൂടുതലുള്ള ഈ രണ്ട് ലൈനുകളും റോഡിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് തിരൂരങ്ങാടി എം.എൽ.എ. നൽകിയ നിവേദനങ്ങളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കാമോ;

(ഇ) മേൽപ്പറഞ്ഞ ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിൽ ഉണ്ടോ; വിശദമാക്കാമോ?

## ഇ.വി. ചാർജ്ജിംഗ് സ്റ്റേഷനുകൾ

748 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതു സ്ഥലങ്ങളിൽ ഇലക്ട്രിക് വാഹന ഉപയോക്താക്കൾക്കായി എത്ര ഇ.വി. ചാർജ്ജിംഗ് സ്റ്റേഷനുകളാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) തരൂർ നിയോജക മണ്ഡലത്തിൽ എത്ര ചാർജ്ജിംഗ് സ്റ്റേഷനുകളാണ് സ്ഥാപിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

## അഴീക്കോട് മണ്ഡലത്തിലെ വൈദ്യുതി വകുപ്പ് പ്രവൃത്തികൾ

749 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-26 കാലഘട്ടത്തിൽ അഴീക്കോട് മണ്ഡലത്തിൽ വൈദ്യുതി വകുപ്പ്/ബോർഡ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ, പ്രവൃത്തി പുരോഗമിക്കുന്നവ, ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ എന്നിവ തരം തിരിച്ച് തുക ഉൾപ്പെടെ വിശദമാക്കാമോ?

## കാസർകോട് ജില്ലയിൽ സേഫ്റ്റി ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ നടപടി

750 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ സേഫ്റ്റി ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ വൈദ്യുതി വകുപ്പ് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ ആവശ്യമായ തുക എത്രയാണെന്നും ഇതിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ?

## ആലപ്പുഴ മണ്ഡലത്തിലെ വൈദ്യുതി വകുപ്പിന്റെ പ്രവൃത്തികൾ

751 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ ആലപ്പുഴ നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന എന്തൊക്കെ പ്രവൃത്തികളാണ് നടപ്പിലാക്കിയത്; ചെലവഴിച്ച തുക, പൂർത്തികരിച്ച തീയതി എന്നിവ സഹിതം വിശദവിവരം ലഭ്യമാക്കാമോ?

## മണലൂർ മണ്ഡലത്തിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കാൻ നടപടി

752 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി മണലൂർ മണ്ഡലത്തിൽ പുതിയതായി എത്ര ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചുവെന്നും എവിടെയൊക്കെയാണ് അവ സ്ഥാപിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് എത്ര തുക ചെലവഴിച്ചു എന്ന് അറിയിക്കാമോ;

(സി) മണലൂർ മണ്ഡലത്തിൽ ഇനിയും വോൾട്ടേജ് ക്ഷാമം നിലനിൽക്കുന്ന പ്രദേശങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ;

(ഡി) മണലൂർ മണ്ഡലത്തിൽ എവിടെയെല്ലാമാണ് പുതിയതായി ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നത്; വിശദാംശം അറിയിക്കാമോ?

**<u>കക്കയം പെൻസ്റ്റോക്ക് സ്ഥാപിക്കാൻ ഭൂമി നൽകിയവർക്കുള്ള നഷ്ടപരിഹാരം</u>**

753 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കക്കയം പവർ ഹൗസിലേയ്ക്കുള്ള പെൻസ്റ്റോക്ക് സ്ഥാപിക്കാൻ ഭൂമി വിട്ടുനൽകിയ ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർക്ക് നഷ്ടപരിഹാരം നൽകി; വ്യക്തമാക്കാമോ?

**<u>അനെർട്ടിലെ അഴിമതി ആരോപണങ്ങൾ</u>**

754 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അനെർട്ടിലെ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട ആരോപണങ്ങൾ സംബന്ധിച്ച് അന്വേഷിക്കാൻ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര കമ്മിറ്റികളെയാണ് ഊർജ്ജ വകുപ്പ് നിയമിച്ചിരുന്നത്; ഈ കമ്മിറ്റികളെ നിയമിച്ച ഉത്തരവുകളുടെയും അവർ സമർപ്പിച്ച റിപ്പോർട്ടുകളുടെയും പകർപ്പുകൾ ലഭ്യമാക്കാമോ; റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

**<u>അനെർട്ടിലെ താൽക്കാലിക നിയമനം</u>**

755 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അനെർട്ട്-ന്റെ കേന്ദ്ര കാര്യാലയത്തിലും ജില്ലാ ഓഫീസുകളിലും നിലവിൽ എത്ര താൽക്കാലിക ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ; ഇവരുടെ പേര്, തസ്തിക, നിയമന തീയതി എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ജീവനക്കാരുടെ വേതനം അവർക്ക് നേരിട്ട് നല്കുന്നതിന് പകരം നിയമനം നടത്തിയ സ്ഥാപനങ്ങൾ, ഏജൻസികൾ എന്നിവ മുഖേനയാണ് നല്കുന്നതെങ്കിൽ ജീവനക്കാരുടെ പേര്, തസ്തിക, നിയമന തീയതി, പ്രതിമാസം നല്കുന്ന തുക, ഈ

സ്ഥാപനങ്ങളെയും ഏജൻസികളെയും തെരെഞ്ഞെടുത്ത മാനദണ്ഡം എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ?

## പി.എം. കുസും പദ്ധതി

756 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം. കുസും പദ്ധതി പ്രകാരം കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ സംസ്ഥാനത്തെ ഓരോ കമ്പനികൾക്കും അനുവദിച്ച പ്ലാന്റുകളുടെ ശേഷിയും, പ്രസ്തുത കമ്പനികൾ സ്ഥാപിച്ച പ്ലാന്റുകളുടെ ശേഷിയും എണ്ണവും, ഓരോ കമ്പനികൾക്കും അനുവദിച്ച തുകയുടെയും വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം സൺടാസ്റ്റിക് എഞ്ചിനീയറിംഗ് പ്രൈവറ്റ് ലിമിറ്റഡ്, എ. ജെ. ഇൻഫ്രാ സൊല്യൂഷൻസ് എന്നീ കമ്പനികൾക്ക് സോളാർ പവർ പ്ലാന്റ് സ്ഥാപിച്ച ഇനത്തിൽ 2025 ആഗസ്റ്റ് മാസം എത്ര രൂപയാണ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ; ഇതുമായി ബന്ധപ്പെട്ട പേയ്മെന്റ് ഉത്തരവുകളുടെയും ഫയലിന്റെയും പകർപ്പുകൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ ടെൻഡർ വ്യവസ്ഥ പ്രകാരം സ്ഥാപിച്ച പ്ലാന്റുകളെ സംബന്ധിച്ച് കമ്പനികൾ അനെർട്ടിൽ സമർപ്പിക്കേണ്ട ക്വാർട്ടർലി പ്രിവന്റീവ് മെയിന്റനൻസ് റിപ്പോർട്ട്, ജനറേഷൻ ഡാറ്റ എന്നിവയുടെ ഫോർമാറ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) എറണാകുളം, തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ സ്ഥാപിച്ച ഏഴ് കിലോ വാട്ട് ശേഷിയുള്ള പ്ലാന്റുകൾക്ക് കമ്പനികൾ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ അനെർട്ടിന് സമർപ്പിച്ച ഇൻഷ്വറൻസ് പോളിസി, വാർഷിക പ്രീമിയം പേയ്മെന്റ് രസീത്, പ്രിവന്റീവ് മെയിന്റനൻസ് റിപ്പോർട്ട്, ജനറേഷൻ ഡാറ്റ എന്നിവയുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

## അനെർട്ടിലെ അഴിമതി ആരോപണങ്ങൾ

757 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അനെർട്ടിലെ ഏതെല്ലാം പദ്ധതികളുമായി ബന്ധപ്പെട്ട ആരോപണങ്ങൾ അന്വേഷിക്കുന്നതിനാണ് കഴിഞ്ഞ ഒരുവർഷത്തിനുള്ളിൽ വിജിലൻസ് ഡയറക്ടർക്ക് അനുമതി നല്കിയത്; അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) അനെർട്ടിലെ ഏതെല്ലാം പദ്ധതികളുമായി ബന്ധപ്പെട്ട ആരോപണങ്ങൾ അന്വേഷിക്കുന്നതിനാണ് കഴിഞ്ഞ ഒരുവർഷത്തിനുള്ളിൽ ധനകാര്യ വകുപ്പിന് അനുമതി നല്കിയത്; അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

## അനെർട്ടിലെ മുൻ സി.ഇ.ഒ. യുടെ ക്രമക്കേടുകൾ

758 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അനെർട്ടിലെ മുൻ സി.ഇ.ഒ.-യെ മാറ്റുന്നതിന് 2025 ആഗസ്റ്റ് 25 ന് ഉത്തരവായതിന് ശേഷവും സ്ഥാനമൊഴിഞ്ഞ സി.ഇ.ഒ. വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് വിവിധ കമ്പനികൾക്കും സ്ഥാപനങ്ങൾക്കും ബില്ലുകളും, പേയ്മെന്റും അനുവദിക്കുന്നതിനുള്ള ഫയലുകളിൽ അംഗീകാരം നല്കിയിട്ടുണ്ടോ; എങ്കിൽ അനുവദിച്ച തുക, പദ്ധതി, കമ്പനികളുടെയും സ്ഥാപനങ്ങളുടെയും വിവരം എന്നിവ സംബന്ധിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) 2025 ആഗസ്റ്റ് 25 ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുതിയ സി.ഇ.ഒ. ചുമതല ഏറ്റെടുത്ത തീയതിയും സമയവും വ്യക്തമാക്കാമോ;

(സി) പുതിയ സി.ഇ.ഒ. ചുമതല ഏറ്റെടുത്ത തീയതിയിൽ വൈകുന്നേരം 5 മണിയ്ക്ക് ശേഷവും സ്ഥാനമൊഴിഞ്ഞ സി.ഇ.ഒ. , പി.എം.കുസും പദ്ധതി പ്രകാരം സൺടാസ്റ്റിക് എഞ്ചിനീയറിംഗ് പ്രൈവറ്റ് ലിമിറ്റഡ്, എ.ജെ. ഇൻഫ്ര സൊല്യൂഷൻസ് എന്നീ കമ്പനികൾക്ക് സോളാർ പവർ പ്ലാന്റ് സ്ഥാപിച്ച ഇനത്തിൽ തുക അനുവദിയ്ക്കുന്നതിനുള്ള ഇ-ഓഫീസ് ഫയലുകളിൽ അംഗീകാരം നല്കിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപ വീതമാണ് ഓരോ കമ്പനികൾക്കും അനുവദിച്ചതെന്ന് വ്യക്തമാക്കാമോ; ഇതുമായി ബന്ധപ്പെട്ട പേയ്മെന്റ് ഉത്തരവുകളുടെയും ഫയലിന്റെയും പകർപ്പുകൾ ലഭ്യമാക്കാമോ;

(ഡി) സോളാർ വേലി ക്രമക്കേടുമായി ബന്ധപ്പെട്ട് അനർട്ടിലെ ഏതെല്ലാം ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നാണ് സംസ്ഥാന വിജിലൻസ് വകുപ്പ് ആവശ്യപ്പെട്ടിരുന്നതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഉദ്യോഗസ്ഥനെതിരെ സ്വീകരിച്ച നടപടികളെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത ഉദ്യോഗസ്ഥനെ ഉന്നത തസ്തികയിൽ നിയമിക്കുന്നതിന് പുതിയ സി.ഇ.ഒ. ചുമതല ഏറ്റെടുത്ത ദിവസം മുൻ സി.ഇ.ഒ. ഊർജ്ജ വകുപ്പിന് കത്ത് നല്കിയിരുന്നോ; എങ്കിൽ കത്തിന്റെയും ഫയലിന്റെയും പകർപ്പുകൾ ലഭ്യമാക്കാമോ?

## അനെർട്ടിന്റെ ചുമതലകളും ലക്ഷ്യങ്ങളും

759 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അനെർട്ടിന്റെ പ്രധാന ചുമതലകളും 2026-ലെ മുൻഗണനാ ലക്ഷ്യങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) 2025-26 സാമ്പത്തിക വർഷത്തിൽ അനെർട്ട് നടപ്പാക്കിയ പദ്ധതികളുടെ എണ്ണം എത്രയാണെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ?

## അനെർട്ട് ഗവേണിംഗ് ബോഡി യോഗ തീരുമാനങ്ങൾ

760 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023 ജൂലൈ 19-ന് നടന്ന അനെർട്ട് ഗവേണിംഗ് ബോഡിയുടെ പതിനാറാം യോഗത്തിന്റെ തീരുമാനങ്ങൾ സംബന്ധിച്ചും തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന്

ഓരോന്നിലും സ്വീകരിച്ച തുടർ നടപടികളെ സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) അനെർട്ട് ഗവേണിംഗ് ബോഡിയുടെ പതിനേഴാം യോഗത്തിന്റെ അജണ്ടയുടെയും തീരുമാനങ്ങളുടെയും പകർപ്പ് ലഭ്യമാക്കാമോ; തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് ഓരോന്നിലും സ്വീകരിച്ച തുടർ നടപടികളെ സംബന്ധിച്ചുമുള്ള വിശദാംശം വ്യക്തമാക്കാമോ?

**അനെർട്ടിലെ താൽക്കാലിക നിയമനങ്ങൾ**

761 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അനെർട്ടിലെ താൽക്കാലിക നിയമനങ്ങളെ സംബന്ധിച്ച് എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിൽ നിന്നുള്ള പരിശോധനകളുടെ അടിസ്ഥാനത്തിൽ ലഭിച്ച റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ; റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

**സംസ്ഥാനത്തെ സോളാർ നിലയങ്ങളുടെ എണ്ണം**

762 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സോളാർ നിലയങ്ങൾ നിലവിലുണ്ടെന്ന് ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇതിലൂടെ കോഴിക്കോട് ജില്ലയിൽ എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

**സോളാർ വിൻഡ് ഹൈബ്രിഡ് പ്ലാന്റ് സ്ഥാപിച്ചതിൽ അഴിമതി**

763 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ വിൻഡ് ഹൈബ്രിഡ് പ്ലാന്റുകളുടെ ആദ്യ ടെൻഡറിൽ യോഗ്യതയുള്ള ഒരു ബിഡ്ഡർ മാത്രമായാൽ റീ ടെൻഡർ നടപടി സ്വീകരിക്കണം എന്ന വ്യവസ്ഥ പാലിക്കാതെ വിൻഡ്സ്ട്രീം എനർജി ടെക്നോളജീസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയ്ക്ക് കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ എത്ര വർക്ക് ഓർഡറുകൾ അനെർട്ട് നൽകിയെന്നും; ഇവയുടെ ടെൻഡർ എസ്റ്റിമേറ്റ് തുകയും വർക്ക് ഓർഡർ തുകയും വ്യക്തമാക്കാമോ;

(ബി) ഈ കമ്പനി കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ സ്ഥാപിച്ച സോളാർ വിൻഡ് ഹൈബ്രിഡ് പ്ലാന്റുകളുടെ വർക്ക് ഓർഡറിലെ വ്യവസ്ഥകൾ പ്രകാരമുള്ള ഇൻഷ്വറൻസ് പോളിസി, വാർഷിക പ്രീമിയം പേയ്മെന്റ് രസീത്, പ്രിവന്റീവ് മെയിന്റനൻസ് റിപ്പോർട്ട്, ജനറേഷൻ ഡാറ്റ എന്നിവ അനെർട്ടിന് സമർപ്പിച്ചിരുന്നോ; എങ്കിൽ അവയുടെ പകർപ്പുകൾ ലഭ്യമാക്കാമോ; ഇല്ലെങ്കിൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) താഴെതുടുക്കി ആദിവാസി ഉന്നതിയിൽ പ്ലാന്റ് സ്ഥാപിച്ച ഈ കമ്പനി അധിക തുക അനുവദിക്കുന്നതിന് അപേക്ഷ നല്കിയിരുന്നോ; ഇത് സംബന്ധിച്ചുള്ള അനെർട്ടിന്റെ

ഗവേണിംഗ് ബോഡിയുടെ തീരുമാനം എന്തായിരുന്നു; ഈ തീരുമാനം നടപ്പിലാക്കിയോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; കമ്പനി നൽകിയ അപേക്ഷയുടെയും ഇതുമായി ബന്ധപ്പെട്ട അനെർട്ടിലെയും ഊർജ്ജ വകുപ്പിലെയും ഫയലുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) അട്ടപ്പാടി ആദിവാസി ഉന്നതികളിൽ സ്ഥാപിച്ച പ്ലാന്റുകൾ സംബന്ധിച്ച ആരോപണങ്ങൾ അന്വേഷിക്കാൻ നിയമിച്ച കമ്മിറ്റികളുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## സൗരോർജ്ജ വൈദ്യുതി ഉല്പാദനം

764 **ഡോ. കെ. ടി. ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സൗരോർജ്ജ വൈദ്യുതി ഉല്പാദനത്തിൽ സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) പരമ്പരാഗതവും പരമ്പരേതരവുമായ രീതിയിൽ വൈദ്യുതി ഉല്പാദനത്തിൽ വന്നിട്ടുള്ള പുരോഗതി എത്ര മെഗാവാട്ട് വീതമാണെന്ന് വിശദമാക്കാമോ?

## സഹകരണ വകുപ്പിന് കീഴിലുള്ള ബോർഡുകളിലെ താൽക്കാലിക ജീവനക്കാർ

765 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന് കീഴിലുള്ള ബോർഡുകളിൽ ദിവസവേതനാടിസ്ഥാനത്തിലും കരാറടിസ്ഥാനത്തിലും ജോലിചെയ്യുന്ന ജീവനക്കാരുടെ എണ്ണം എത്രയാണെന്ന് ബോർഡുകൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ സഹകരണ വകുപ്പിന് കീഴിലുള്ള ബോർഡുകളിൽ ദിവസവേതനാടിസ്ഥാനത്തിലും കരാറടിസ്ഥാനത്തിലും ജോലിചെയ്തിരുന്ന ജീവനക്കാരിൽ ജോലിയിൽ സ്ഥിരപ്പെടുത്തിയിട്ടുള്ളവരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) സഹകരണ വകുപ്പിന് കീഴിലുള്ള ബോർഡുകളിൽ ദിവസവേതനാടിസ്ഥാനത്തിലും കരാറടിസ്ഥാനത്തിലും നിലവിൽ ജോലിചെയ്യുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന കാര്യം ആലോചിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ ബോർഡുകളിലെ എത്ര ജീവനക്കാരെ വീതം സ്ഥിരപ്പെടുത്തുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## സഹകരണ പരിശീലന സ്ഥാപനങ്ങൾ

766 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ വകുപ്പിന് കീഴിൽ എത്ര സഹകരണ പരിശീലന സ്ഥാപനങ്ങൾ ഉണ്ടെന്നും അതിൽ എത്ര സ്ഥാപനങ്ങൾക്ക് സ്വന്തമായി കെട്ടിടങ്ങൾ ഉണ്ടെന്നും അറിയിക്കാമോ?

## ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ സഹകരണ വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ

767 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സഹകരണ വകുപ്പ് മുഖാന്തരം ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദ വിവരം ലഭ്യമാക്കാമോ?

## ദേശീയ സഹകരണ നയം

768 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സഹകരണ നയം സംസ്ഥാനത്തെ സഹകരണ മേഖലയെ എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്തെ സഹകരണ മേഖലകളുടെ അധികാരപരിധിയിലേയ്ക്ക് കടന്നുകയറാനുള്ള ഇത്തരത്തിലുള്ള കേന്ദ്ര സർക്കാർ നയത്തെ പ്രതിരോധിക്കാൻ സ്വീകരിച്ചുവരുന്ന പ്രധാന നടപടികൾ വിശദമാക്കാമോ;

(സി) കേന്ദ്ര സർക്കാരിന്റെ ഇത്തരം നടപടികൾക്കെതിരെ ബഹു. സുപ്രീംകോടതിയെ സമീപിക്കുന്നത് സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

## സഹകരണ മേഖലയിൽ നൂതന പദ്ധതികൾ

769 **ശ്രീ ഡി കെ മുരളി**
**ശ്രീമതി യു പ്രതിഭ**
**ശ്രീ. പി.വി. ശ്രീനിജിൻ**
**ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പുതിയൊരു മാതൃക സൃഷ്ടിക്കുന്നതിന് സഹായകമാകുന്ന തരത്തിൽ നൂതന പദ്ധതികൾ രൂപപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; വിശദാംശം നൽകാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേന നടപ്പാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ;

(സി) പ്രവാസി സമൂഹത്തിനായി സഹകരണ മേഖലയിൽ ബിൽഡ് ഓപ്പറേറ്റ് ട്രാൻസ്ഫർ മാതൃകയിൽ പുതിയൊരു പദ്ധതി നടപ്പാക്കുവാൻ ലക്ഷ്യമിടുന്നുണ്ടോ; വിശദാംശം നൽകുമോ;

(ഡി) കുട്ടികളിൽ സഹകരണ മേഖല സംബന്ധിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനും അവരിൽ സമ്പാദ്യശീലം വളർത്തുന്നതിനും പദ്ധതിയുണ്ടോ; വിശദമാക്കുമോ?

## വണ്ടൂർ നിയോജകമണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

770 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 സാമ്പത്തിക വർഷം മുതൽ നാളിതുവരെ വണ്ടൂർ നിയോജകമണ്ഡലത്തിൽ സഹകരണ വകുപ്പ് നടപ്പിലാക്കിയ വിവിധ വികസന പ്രവർത്തനങ്ങളുടെ വിശദവിവരം ലഭ്യമാക്കാമോ?

## മെമ്പർ റിലീഫ് ഫണ്ട്

771 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സഹകരണ വകുപ്പിൽ മെമ്പർ റിലീഫ് ഫണ്ട് ഇനത്തിൽ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) മെമ്പർ റിലീഫ് ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും എന്താണെന്ന് വ്യക്തമാക്കാമോ;

(സി) മെമ്പർ റിലീഫ് ഫണ്ട് പോർട്ടൽ വികസിപ്പിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

## സഹകരണ മേഖലയിലെ നിക്ഷേപ സമാഹരണം

772 **ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. എച്ച്. സലാം**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വികസനത്തിന് സമഗ്ര സംഭാവന നൽകുന്ന സഹകരണ മേഖലയിൽ ഈ വർഷവും നിക്ഷേപ സമാഹരണം ലക്ഷ്യമിടുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) മുൻ വർഷങ്ങളിൽ നിക്ഷേപ സമാഹരണം ലക്ഷ്യമിട്ട് നടത്തിയിട്ടുള്ള ക്യാമ്പെയിനുകൾ വിജയകരമായിരുന്നോ; വിശദമാക്കുമോ;

(സി) സഹകരണ മേഖലയിലെ വിവിധയിനം നിക്ഷേപങ്ങൾക്കുള്ള പലിശ നിരക്കിൽ മാറ്റം വരുത്തിയിട്ടുണ്ടോ; ഇത് നിക്ഷേപ സമാഹരണ പ്രവർത്തനങ്ങൾക്ക് ഗുണകരമാകുമോ; വിശദാംശം നൽകുമോ;

(ഡി) കൂടുതൽ യുവാക്കളെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിന് ഈ ക്യാമ്പെയിനിലൂടെ ലക്ഷ്യമിടുന്നുണ്ടോ; വ്യക്തമാക്കുമോ?

## കൈപ്പമംഗലം നിയോജക മണ്ഡലത്തിൽ സഹകരണ വകുപ്പ് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ

773 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം നിയോജക മണ്ഡലത്തിൽ കഴിഞ്ഞ അഞ്ചു വർഷക്കാലം സഹകരണ വകുപ്പ് നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമായ റിപ്പോർട്ട് ലഭ്യമാക്കാമോ?

## മാവേലിക്കര മണ്ഡലത്തിലെ സഹകരണ മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ

774 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ നാളിതുവരെ സഹകരണ വകുപ്പ് മാവേലിക്കര മണ്ഡലത്തിലെ സഹകരണ മേഖലയിൽ നടപ്പിലാക്കിയ വിവിധ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## ക്ഷേമനിധി ചികിത്സാ സഹായം

775 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുക്കം സർവ്വീസ് സഹകരണ ബാങ്കിലെ അംഗമായ ശ്രീ. സി. എൻ. ശിവദാസൻ-ന് ക്ഷേമനിധി ചികിത്സാ സഹായം ഇതുവരെയും ലഭ്യമാക്കിയിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) മേൽ പരാമർശിച്ച വ്യക്തിക്ക് അടിയന്തരമായി ചികിത്സാ സഹായം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## സഹകരണ വകുപ്പ് ജീവനക്കാർക്കുള്ള ഹെൽത്ത് ഇൻഷ്വറൻസ് പദ്ധതി

776 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പ് ജീവനക്കാർക്കുള്ള ഹെൽത്ത് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

## സഹകരണ പുനരുദ്ധാരണ നിധി

777 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ പുനരുദ്ധാരണ നിധി രൂപീകരിച്ചതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത നിധി രൂപീകരിച്ചതിലൂടെ നിക്ഷേപകർക്ക് നഷ്ടപ്പെട്ട തുക തിരികെ നൽകാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(സി) പൂട്ടിപ്പോയ സഹകരണ സ്ഥാപനങ്ങളെ ഇതിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിയതു മൂലം പ്രസ്തുത സ്ഥാപനങ്ങളിൽ നിക്ഷേപിച്ചവർക്ക് തുക നഷ്ടമായ വസ്തുത പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പൂട്ടിപ്പോയ സഹകരണ സ്ഥാപനങ്ങളെക്കൂടി ഈ നിധിയുടെ പരിധിയിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഡി) പ്രസ്തുത നിധിയിലേക്ക് തുക കണ്ടെത്തുന്നത് ഏതെല്ലാം സ്രോതസ്സുകളിൽ നിന്നാണെന്ന് വിശദമാക്കാമോ; വിവിധ സ്രോതസ്സുകളിൽ നിന്നായി നാളിതുവരെ ലഭിച്ച തുക എത്രയെന്ന് അറിയിക്കാമോ?

## സാമൂഹിക പ്രതിബദ്ധതയും സുസ്ഥിര വികസനവും അടിസ്ഥാനമാക്കിയുള്ള നവീന വികസന മാതൃക

778 **ശ്രീ. പി. നന്ദകുമാർ**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ സാമൂഹിക പ്രതിബദ്ധതയും സുസ്ഥിര വികസനവും അടിസ്ഥാനമാക്കിയുള്ള നവീന വികസന മാതൃക സൃഷ്ടിക്കുവാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സഹകരണ പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ ഒരു സുപ്രധാന നാഴികക്കല്ലായി കരുതപ്പെടുന്ന സഹകരണ എക്സ്പോ-കൾ ഇത്തരത്തിലുള്ള മാതൃകകൾ പൊതു സമൂഹത്തിന് പരിചയപ്പെടുത്തുന്നതിന് പര്യാപ്തമായിരുന്നോ; വ്യക്തമാക്കാമോ;

(സി) സ്ത്രീ ശാക്തീകരണത്തിൽ സഹകരണ മേഖലയുടെ സംഭാവനകൾ സംബന്ധിച്ച് വിശകലനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഡി) ഹരിതം സഹകരണം പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിശദാംശം അറിയിക്കാമോ?

## കോങ്ങാട് മണ്ഡലത്തിൽ സഹകരണ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ

779 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാളിതുവരെ കോങ്ങാട് മണ്ഡലത്തിലെ വിവിധ സർവീസ് സഹകരണ ബാങ്കുകളിൽ നിന്നും റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്ര പേർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെന്നും എത്ര തുകയാണ് റിസ്ക് ഫണ്ടായി അനുവദിച്ചതെന്നും ബാങ്ക് തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം കോങ്ങാട് മണ്ഡലത്തിൽ സഹകരണ വകുപ്പ് നാളിതുവരെ നടപ്പാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശം അറിയിക്കുമോ?

## സഹകരണ വകുപ്പ് വഴി നടപ്പിലാക്കിയ പദ്ധതികൾ

780 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം കുന്നത്തുനാട് മണ്ഡലത്തിൽ സഹകരണ വകുപ്പ് വഴി നടപ്പിലാക്കിയതും നടപ്പിലാക്കി വരുന്നതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിയ്ക്കും വേണ്ടി അനുവദിച്ചിട്ടുള്ള തുക എത്ര വീതമാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

## കായംകുളം മണ്ഡലത്തിലെ സഹകരണ വകുപ്പിന്റെ പദ്ധതികൾ

781 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കാലയളവിൽ കായംകുളം മണ്ഡലത്തിൽ സഹകരണ വകുപ്പ് അനുവദിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയെന്നും ഇതിനായി അനുവദിച്ച തുക, പദ്ധതികളുടെ പുരോഗതി എന്നിവയുടെ വിശദാംശവും ലഭ്യമാക്കാമോ?

## പാറശ്ശാല നിയോജക മണ്ഡലത്തിൽ സഹകരണ വകുപ്പ് അനുവദിച്ചിട്ടുള്ള പദ്ധതികൾ

782 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെയും മുൻ സർക്കാരിന്റെയും കാലയളവിൽ പാറശ്ശാല നിയോജക മണ്ഡലത്തിൽ സഹകരണ വകുപ്പ് അനുവദിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ വിശദ വിവരം, ഓരോ പദ്ധതിക്കും അനുവദിച്ച തുക, നിർവഹണ ചുമതല നൽകിയിട്ടുള്ള വകുപ്പ്/ഏജൻസി, അവയുടെ നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കാമോ;

(സി) ഇതേ കാലയളവിൽ പാറശ്ശാല മണ്ഡലത്തിലെ വിവിധ സഹകരണ സംഘങ്ങൾ വഴി റിസ്ക് ഫണ്ട് പദ്ധതി പ്രകാരം എത്ര ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിച്ചുവെന്നും ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നും സംഘം തിരിച്ച് വ്യക്തമാക്കാമോ;

(ഡി) റിസ്ക് ഫണ്ട് പദ്ധതിയുടെ പരിധി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച നിലവിലെ ഉത്തരവുകളുടെ പകർപ്പും പാറശ്ശാല മണ്ഡലത്തിലെ പദ്ധതികൾക്കായി ഫണ്ട് അനുവദിച്ച ഉത്തരവുകളുടെ പകർപ്പും ലഭ്യമാക്കാമോ?

## റിസ്ക് ഫണ്ട് ആനുകൂല്യം

783 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ കാലയളവിൽ അരുവിക്കര നിയോജക മണ്ഡലത്തിൽ നിന്നും റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി സമർപ്പിച്ച അപേക്ഷകളുടെ എണ്ണവും അനുവദിച്ച തുകയുടെ വിശദാംശവും ഗുണഭോക്താക്കളുടെ പേരു വിവരങ്ങളും സഹകരണ സംഘം തിരിച്ച് ലഭ്യമാക്കാമോ?

## മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ വിവിധ പദ്ധതികൾ

784 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജക മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്ത് സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെയും പരിപാടികളുടെയും വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

## <u>കേരള ബാങ്ക് നിയമനം</u>

785 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരിച്ചതിനു ശേഷം നാളിതുവരെ എത്ര ജീവനക്കാരെ കരാർ/ ദിവസ വേതനം അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) കേരള ബാങ്കിലെ ദിവസ വേതന/താൽക്കാലിക/കരാർ ജീവനക്കാരുടെ നിയമനങ്ങളിൽ സംവരണ തത്വം പാലിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കേരള ബാങ്ക് രൂപീകൃതമായ ശേഷം നാളിതുവരെ ജോലി ലഭിച്ച ദിവസ വേതന/ താൽക്കാലിക/കരാർ ജീവനക്കാരുടെ സംവരണ വിഭാഗം തിരിച്ചുള്ള കണക്കുകൾ പേരും തസ്തികയും സഹിതം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ഡി) കേരള ബാങ്കിൽ ഇത്തരം നിയമനങ്ങൾ വഴി ജോലി ലഭിച്ച ജീവനക്കാരെ സ്ഥിരപ്പെടുത്താൻ സർക്കാർ ആലോചിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## <u>സഹകരണ ബാങ്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി</u>

786 **ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീ. എച്ച്. സലാം**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും നിഷ്ക്രിയ ആസ്തി കുറച്ചു കൊണ്ടുവരുന്നതിനും ലക്ഷ്യമിട്ട് എന്തെല്ലാം പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നുണ്ട്; വിശദീകരിക്കുമോ;

(ബി) ഇതിന്റെ ഭാഗമായി സഹകരണ ബാങ്കിംഗ് മേഖലയിൽ പുതിയ തരം തിരിക്കൽ നടപ്പാക്കുന്നത് പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ;

(സി) വിവിധ ഘട്ടങ്ങളിലായി സർക്കാർ നടപ്പാക്കിയ നവകേരളം കുടിശ്ശിക നിവാരണ പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; അറിയിക്കുമോ;

(ഡി) പ്രവർത്തന മികവ് ലക്ഷ്യമിട്ട് കർമ്മ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; അവ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## <u>കുന്നത്തുനാട് മണ്ഡലത്തിൽ അനുവദിച്ച റിസ്ക് ഫണ്ട്,മെമ്പേഴ്സ് റിലീഫ് ഫണ്ട്</u>

787 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുന്നത്തുനാട് മണ്ഡലത്തിലെ വിവിധ സർവീസ് സഹകരണ ബാങ്കു വഴി റിസ്ക് ഫണ്ട് ആനുകൂല്യത്തിനും മെമ്പേഴ്സ് റിലീഫ് ഫണ്ടിനുമായി എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ട് എന്ന് ബാങ്കുകൾ തിരിച്ച് വ്യക്തമാക്കാമോ;

(ബി) മേൽ കാലയളവിൽ എത്ര പേർക്ക് എത്ര തുക കുന്നത്തുനാട് മണ്ഡലത്തിൽ റിസ്ക് ഫണ്ട് ഇനത്തിലും മെമ്പേഴ്സ് റിലീഫ് ഫണ്ട് ഇനത്തിലുമായി അനുവദിച്ചു എന്ന് ബാങ്ക് തിരിച്ച് വ്യക്തമാക്കാമോ;

(സി) അർഹരായ മുഴുവൻ അപേക്ഷകർക്കും അടിയന്തരമായി റിസ്ക് ഫണ്ടും മെമ്പേഴ്സ് റിലീഫ് ഫണ്ടും അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

## വിരമിച്ച ജീവനക്കാരുടെ പെൻഷൻ പരിഷ്കരണം

788 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ പെൻഷൻ ബോർഡിന് കീഴിൽ വരുന്ന പ്രാഥമിക സഹകരണ സംഘങ്ങളിലെയും പഴയ ജില്ലാ ബാങ്കുകളിലെയും വിരമിച്ച ജീവനക്കാരുടെ പെൻഷൻ പരിഷ്കരിക്കുന്നതിനെക്കുറിച്ച് റിപ്പോർട്ട് തയ്യാറാക്കാൻ സമിതി രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇവരുടെ പെൻഷൻ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

## കാസർഗോഡ് ജില്ലയ്ക്ക് കാർഷികഗ്രാമവികസന ബാങ്ക് വഴിയുള്ള വായ്പ

789 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ഗ്രാമവികസന ബാങ്ക് വഴി എത്ര കോടി രൂപയുടെ വായ്പയാണ് അനുവദിച്ചിട്ടുള്ളതെന്നും ഈ വായ്പയിൽ എത്ര കോടി രൂപ കാസർഗോഡ് ജില്ലയ്ക്ക് അനുവദിച്ചിട്ടുണ്ടെന്നും അറിയിക്കാമോ;

(ബി) കാസർഗോഡ്ജില്ലയിൽ എത്ര കോടി രൂപ വായ്പയായി കൃഷി ആവശ്യങ്ങൾക്ക് മാത്രമായി അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

## പ്രാഥമിക ബാങ്കുകളുടെ ശാക്തീകരണം

790 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാഥമിക ബാങ്കുകളെ ശക്തിപ്പെടുത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നത്; വിശദമാക്കുമോ;

(ബി) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാലോചിതമായി പരിഷ്കരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

## മണലൂർ മണ്ഡലത്തിൽ അനുവദിച്ച റിസ്ക് ഫണ്ട്

791 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസ്ക് ഫണ്ടിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(ബി) മണലൂർ മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതു വരെ എത്രപേരുടെ അപേക്ഷ ഇത്തരത്തിൽ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ;

(ഡി) മണലൂർ മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ എത്ര രൂപയുടെ റിസ്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

## കണ്ടള സർവ്വീസ് സഹകരണ ബാങ്കിന്റെ പുനരുജ്ജീവനം

792 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ടള സർവ്വീസ് സഹകരണ ബാങ്കിന്റെ പുനരുജ്ജീവനത്തിനും നിക്ഷേപകരെ സഹായിക്കുന്നതിനും സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

## ജപ്തി നടപടികൾ ഒഴിവാക്കാൻ നടപടി

793 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്ത രണ്ടര സെന്റ് ഭൂമി വരെയുള്ള കുടുംബങ്ങളെ വായ്പ കുടിശ്ശികയുടെ പേരിൽ ജപ്തി നടപടികൾ നിന്നും ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത വിഷയത്തിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ;

(സി) ജപ്തി നടപടികൾ ഒഴിവാക്കുന്നതിന് ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; വിശദമാക്കുമോ?

## സഹകരണ ബാങ്കുകളിലെ സാമ്പത്തിക ക്രമക്കേടുകൾ

794 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ കഴിഞ്ഞ പത്ത് വർഷത്തിനിടെ എത്ര കോടി രൂപയുടെ സാമ്പത്തിക ക്രമക്കേടുകൾ നടന്നിട്ടുണ്ട്; വിശദമാക്കുമോ;

(ബി) കരുവന്നൂർ സർവീസ് സഹകരണ ബാങ്കിൽ എത്ര കോടി രൂപയുടെ ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ നടന്ന സാമ്പത്തിക ക്രമക്കേടുകൾ അന്വേഷിക്കാൻ നിയമിച്ച സമിതിയുടെ പ്രധാനപ്പെട്ട ശിപാർശകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) സഹകരണ ബാങ്കുകളിൽ നടന്ന സാമ്പത്തിക ക്രമക്കേടുകളുമായി ബന്ധപ്പെട്ട് നിക്ഷേപകർക്ക് കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ റിസ്ക് ഫണ്ട് വഴി എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

## സഹകരണ ബാങ്കുകളിൽ പലിശയിനത്തിൽ ഇളവ്

795 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ നിന്ന് ലോൺ എടുത്തവർക്കും തിരിച്ചടയ്ക്കാൻ പ്രയാസം നേരിട്ടവർക്കും സമാശ്വാസമായി പലിശയിനത്തിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ;

(ബി) പലിശയിൽ പരമാവധി ഇളവ് അനുവദിച്ച് ഒറ്റത്തവണ തീർപ്പാക്കലിനായി സമയം അനുവദിക്കാമോ; വിശദമാക്കാമോ?

**<u>പത്തനാപുരം താലൂക്ക് ഗവൺമെന്റ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി</u>**

796 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ വില്ലേജിൽ സർവ്വേ നമ്പർ 478/1-ൽപ്പെട്ട 04.05 ആർ സർക്കാർ സ്ഥലം ലീസ് വ്യവസ്ഥയിൽ 2089 പത്തനാപുരം താലൂക്ക് ഗവൺമെന്റ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് അനുവദിച്ചിരുന്നതും ലീസ് കുടിശ്ശിക വരുത്തിയതിനാൽ ലീസ് റദ്ദ് ചെയ്യുന്നതിലേക്ക് പ്രസ്തുത സ്ഥാപനത്തിന്റെ 2020-21-ലെ ആഡിറ്റ് പ്രകാരമുള്ള ആസ്തി വിവരങ്ങളും ബാങ്ക് അക്കൗണ്ട് വിവരങ്ങളും സ്ഥാപനത്തിന്റെ ഭാരവാഹികളുടെ വിവരങ്ങളും ആവശ്യപ്പെട്ട് കൊല്ലം ജില്ലാ കളക്ടർ, കോ-ഓപ്പറേറ്റീവ് ജോയിന്റ് രജിസ്ട്രാർ (ജനറൽ) കൊല്ലത്തിന് നല്കിയ കത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ 2020-21-ലെ ആഡിറ്റ് പ്രകാരമുള്ള ആസ്തി വിവരങ്ങളും ബാങ്ക് അക്കൗണ്ട് വിവരങ്ങളും സ്ഥാപനത്തിന്റെ ഭാരവാഹികളുടെ വിവരങ്ങളും നിലവിൽ സൂക്ഷിക്കുന്ന ഉദ്യോഗസ്ഥൻ ആരാണെന്ന് അറിയിക്കുമോ; പ്രസ്തുത വിവരങ്ങളടങ്ങിയ റിപ്പോർട്ടിന്റെ പകർപ്പ് നൽകാമോ; പ്രസ്തുത വിവരങ്ങൾ നൽകുന്നതിന് എന്തെങ്കിലും സാങ്കേതിക ബുദ്ധിമുട്ടുകളുണ്ടോയെന്ന് വിശദമാക്കാമോ?

**<u>സഹകരണ സംഘങ്ങളെ മികവുറ്റതാക്കാൻ നടപടി</u>**

797 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീമതി സി. കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോളതലത്തിൽ അടയാളപ്പെടുത്തുന്ന മികച്ച സഹകരണ സംഘങ്ങളായി കേരളത്തിലെ സഹകരണ സംഘങ്ങളെ വളർത്തിക്കൊണ്ടുവരേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സഹകരണ മേഖലയിലേക്ക് കൂടുതൽ ജനങ്ങളെ, പ്രത്യേകിച്ച് യുവാക്കളെ ആകർഷിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സൈബർ ഫിസിക്കൽ സിസ്റ്റംസ്, ഇന്റർനെറ്റ് ഓഫ് തിങ്സ്, നെറ്റ്‌വർക്ക് മുതലായ നാലാം തലമുറ വ്യവസായങ്ങൾ, യുവാക്കളുടെ സ്റ്റാർട്ട് അപ്പ് എന്നിവ സഹകരണ സംഘങ്ങളിലൂടെ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ;

(ഡി) നാലുവർഷം കൊണ്ട് അഞ്ചുലക്ഷത്തോളം തൊഴിലവസരങ്ങൾ സഹകരണ മേഖലയിൽ സൃഷ്ടിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ; വനിതാ സഹകരണ സംഘങ്ങളെ ഉൽപ്പാദക യൂണിറ്റുകളാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>സഹകരണ സ്ഥാപനങ്ങളിൽ നിന്നും ലോൺ എടുത്തവരുടെ കടങ്ങൾ എഴുതി തള്ളാൻ നടപടി</u>**

798 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ്**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിൽ നിന്നും ലോൺ എടുത്തതിനുശേഷം മരണപ്പെട്ടവരുടെയും നിത്യരോഗികളായവരുടെയും കടങ്ങൾ എഴുതി തള്ളാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുക്കുന്ന ലോണുകൾക്കെല്ലാം ഇൻഷ്വറൻസ് കവേറേജ് ഉറപ്പാക്കുന്ന കാര്യം പരിഗണിക്കുമോ, എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) റിസ്ക് ഫണ്ട് ആനുകൂല്യത്തിന്റെ തുക പത്തു ലക്ഷമായി ഉയർത്താൻ നടപടി സ്വീകരിയ്ക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**<u>വിഴിഞ്ഞം രാജ്യാന്തര തുറമുഖം</u>**

799 **ശ്രീ. ജോബ് മൈക്കിൾ**
**ഡോ. എൻ. ജയരാജ്**
**ശ്രീ. പ്രമോദ് നാരായൺ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം രാജ്യാന്തര തുറമുഖം വാണിജ്യ പ്രവർത്തനം ആരംഭിച്ചതിനുശേഷം എന്തെല്ലാം നേട്ടങ്ങളാണ് കൈവരിച്ചതെന്ന് അറിയിക്കുമോ;

(ബി) ട്രാൻസ്ഷിപ്പ്മെന്റിനൊപ്പം ഗേറ്റ് വേ ചരക്ക് നീക്കം സാധ്യമാക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) തുറമുഖത്തിന്റെ രണ്ടാംഘട്ട വികസന പദ്ധതി പ്രകാരം എന്തെല്ലാം നേട്ടങ്ങളാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

**<u>തുറമുഖ വകുപ്പ് മുഖേന ആലപ്പുഴ നിയോജക മണ്ഡലത്തിലെ പദ്ധതികൾ</u>**

800 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം തുറമുഖ വകുപ്പ് മുഖേന എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയതെന്നും അവയ്ക്കായി എത്ര

രൂപയാണ് ചെലവഴിച്ചതെന്നും വ്യക്തമാക്കാമോ?

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മുഖേനയുള്ള നേട്ടങ്ങൾ**

801 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് ഒരു കേന്ദ്ര വാണിജ്യ ഇടനാഴിയായി മാറുവാൻ ഒന്നാം ഘട്ടത്തിൽ സാധിച്ചിട്ടുണ്ടോ; തുറമുഖത്തെ കേന്ദ്രീകരിച്ചു കൊണ്ടുള്ള വ്യവസായങ്ങൾ, സംഭരണശാലകൾ, ലോജിസ്റ്റിക്സ്പാർക്കുകൾ, അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയവ എത്ര കണ്ട് വിപുലപ്പെടുത്തുവാൻ നാളിതുവരെ സാധിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ ഭാഗമായി റോഡ്/റെയിൽ മൾട്ടി മോഡൽ കണക്റ്റിവിറ്റി എന്നിവയിൽ നാളിതുവരെ കൈവരിച്ച പുരോഗതി എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) നാളിതുവരെ എത്ര കപ്പലുകൾ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് വന്നിട്ടുണ്ട്; ഇതിലൂടെ സംസ്ഥാന സർക്കാരിന് നികുതി ഇനത്തിൽ എത്ര രൂപ സമാഹരിക്കാൻ സാധിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ഡി) സംസ്ഥാന സർക്കാരും അദാനി കമ്പനിയും തമ്മിലുള്ള ധാരണാപത്രത്തിൽ 2035 മുതൽ മാത്രമേ വരുമാനത്തിന്റെ വിഹിതം സർക്കാരിനു ലഭിക്കുകയുള്ളൂ എന്ന കരാർ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അത് വരെ തുറമുഖത്തിന്റെ പ്രവർത്തനത്തിൽ നിന്നും ലഭിക്കുന്ന മറ്റു വരുമാനങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ?

**അഴീക്കൽ പോർട്ട് വികസനം**

802 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 കാലഘട്ടത്തിൽ അഴീക്കൽ പോർട്ടിന്റെ വികസനത്തിന് വേണ്ടി ഗവൺമെന്റ്/തുറമുഖ വകുപ്പ് എത്ര രൂപ വകയിരുത്തിയെന്ന് വ്യക്തമാക്കാമോ;

(ബി) 2016-21 കാലഘട്ടത്തിൽ അഴീക്കൽ തുറമുഖത്ത് നടന്ന വികസന പ്രവൃത്തികളുടെ വിശദവിവരവും അനുവദിച്ച തുകയും ഉൾപ്പെടെ വ്യക്തമാക്കുമോ;

(സി) 2021-26 കാലഘട്ടത്തിൽ അഴീക്കൽ പോർട്ടിന്റെ വികസനത്തിനായി സർക്കാർ അനുവദിച്ച തുക അറിയിക്കാമോ;

(ഡി) 2021-26 കാലഘട്ടത്തിൽ അഴീക്കൽ തുറമുഖത്ത് നടന്ന പ്രവൃത്തികൾ ആയതിന്റെ തുക ഉൾപ്പെടെയുള്ള പട്ടിക സഹിതം നൽകാമോ?

**വിഴിഞ്ഞം തുറമുഖം യാഥാർഥ്യമാകുമ്പോൾ സംസ്ഥാനത്തിന് ഉണ്ടാകുന്ന നേട്ടങ്ങൾ**

803 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ അഭിമാന പദ്ധതിയായ വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാകുമ്പോൾ സംസ്ഥാനത്തിന് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തോടെ എത്രമാത്രം തൊഴിൽ ലഭ്യത ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ;

(സി) വിഴിഞ്ഞം പദ്ധതിയുടെ സാറ്റലൈറ്റ് പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

**ദേവസ്വം ബോർഡുകളുടെ പ്രവർത്തനങ്ങൾ**

804 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേവസ്വങ്ങളുടെ പണം സർക്കാർ മറ്റു പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുന്നുവെന്ന് ജനങ്ങൾക്കിടയിലും വിശ്വാസികൾക്കിടയിലും തെറ്റിദ്ധാരണ വരത്തക്കവിധം ബോധപൂർവ്വം പ്രചരിപ്പിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് ദേവസ്വം ബോർഡുകളുടെ പ്രവർത്തനങ്ങൾക്കായി എത്ര തുക കൈമാറിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) 2011-16 കാലഘട്ടത്തിലും 2016-21 കാലഘട്ടത്തിലുമായി ദേവസ്വം ബോർഡുകൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

**ക്ഷേത്രങ്ങളിൽ സമ്പൂർണ്ണ സ്റ്റോക്ക് പരിശോധന**

805 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. സജീവ് ജോസഫ്**
**ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷേത്രങ്ങളിൽ വ്യാപകമായ ക്രമക്കേടുകൾ ഉണ്ടായതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സമ്പൂർണ്ണ സ്റ്റോക്ക് പരിശോധന നടത്താൻ തയ്യാറാണോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(ബി) ക്ഷേത്രങ്ങളിൽ വിലപിടിപ്പുള്ള വസ്തുക്കളുടെ സുരക്ഷയ്ക്കും സുതാര്യമായ മാനേജ്മെന്റിനുമായി എന്തൊക്കെ സംവിധാനങ്ങളാണ് പുതിയതായി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

**ദ്വാരപാലക ശില്പങ്ങളിലെ സ്വർണ്ണപ്പാളി നവീകരണം**

806 **ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല അയ്യപ്പ ക്ഷേത്രത്തിലെ ദ്വാരപാലക ശില്പങ്ങളിലെ സ്വർണ്ണപ്പാളികൾ 2019-ൽ നവീകരിച്ചപ്പോൾ സ്വർണ്ണത്തിന്റെ തൂക്കത്തിൽ വ്യത്യാസം സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന് തിരിച്ചറിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) നഷ്ടപ്പെട്ട സ്വർണ്ണം വീണ്ടെടുക്കാൻ എന്തെല്ലാം നടപടികളാണ് ദേവസ്വം ബോർഡ് സ്വീകരിച്ചത്; വിശദമാക്കുമോ?

## <u>ശബരിമല വികസന പ്രവർത്തനങ്ങൾ</u>

807 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടകർക്ക് സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഇടത്താവളങ്ങൾ, ശബരിമല മാസ്റ്റർ പ്ലാൻ-ലേ ഔട്ട് പ്ലാൻ എന്നിവ പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ ഇതിനോടകം എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) മാസ്റ്റർ പ്ലാൻ പ്രകാരം എന്തെല്ലാം വികസന പ്രവർത്തനങ്ങൾ ആണ് സന്നിധാനത്തും സമീപപ്രദേശങ്ങളിലുമായി ചെയ്തു തീർക്കുവാൻ ഉദ്ദേശിക്കുന്നത്; ഇതിനായി എത്ര കോടി രൂപ സർക്കാർ ചെലവഴിക്കേണ്ടി വരും എന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം വ്യക്തമാക്കാമോ?

## <u>ശബരിമല ക്ഷേത്രത്തിലെ കൊടിമരം</u>

808 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല ക്ഷേത്രത്തിലെ കൊടിമരം പൊളിച്ചു നീക്കണമെന്ന് ദേവസ്വം ബോർഡിന് നിർദ്ദേശം നൽകിയത് ആരായിരുന്നു; ഇത്തരത്തിൽ കൊടിമരം പൊളിച്ചുനീക്കാൻ തീരുമാനമെടുത്ത ബോർഡ് പ്രസിഡന്റും സെക്രട്ടറിയും ആരെല്ലാമായിരുന്നു;

(ബി) കൊടിമരത്തിനു മുകളിൽ സ്ഥാപിച്ചിരുന്ന വാജി വാഹനത്തിന്റെ നിർമ്മാണത്തിന് ഉപയോഗിച്ച ലോഹം എന്തായിരുന്നു; ദേവസ്വത്തിന്റെ അമൂല്യ സ്വത്തായ വാജി വാഹനം തന്ത്രിക്ക് സ്വകാര്യ സ്വത്തായി കൊടുക്കാൻ ദേവസ്വം ബോർഡ് പ്രസിഡന്റിനോ അംഗത്തിനോ അധികാരമുണ്ടോ;

(സി) ദേവസ്വം സ്വത്ത് അനധികൃതമായി പുറത്തേക്ക് കടത്തിയതുമായി ബന്ധപ്പെട്ട് മുൻ ദേവസ്വം ബോർഡ് പ്രസിഡന്റിനും, അംഗത്തിനുമെതിരെ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ടായിരുന്നോ;

(ഡി) വാജി വാഹനത്തിന്റെ ലോഹം എന്താണെന്ന് തന്ത്രിക്ക് കൈമാറിയതിന്റെ രേഖയിൽ നിന്നും മനപ്പൂർവ്വമായി മറച്ചുവെച്ചിട്ടുള്ളതായി പറയപ്പെടുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

## <u>ശബരിമല തീർത്ഥാടനം</u>

809 **ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് മുന്നൊരുക്കങ്ങൾ കൃത്യമായി നടത്തുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡിന് കഴിഞ്ഞിട്ടില്ലെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ശബരിമലയിൽ തിരക്ക് നിയന്ത്രിക്കുവാൻ എന്തെല്ലാം ശാസ്ത്രീയ മാർഗ്ഗങ്ങൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ;

(സി) തീർത്ഥാടകർക്ക് ശുചിമുറി സൗകര്യം ഉറപ്പാക്കുന്നതിനും അവ വൃത്തിയായി സൂക്ഷിക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

## ശബരിമല ദേവസ്വം ഫണ്ടിൽ നിന്നും തട്ടിയെടുത്ത പണം ഈടാക്കൽ

810 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാത്രങ്ങളും മറ്റും വാങ്ങിയെന്ന് വ്യാജരേഖയുണ്ടാക്കി ശബരിമല ദേവസ്വം ഫണ്ടിൽ നിന്നും പണം തട്ടിയെടുത്തതുമായി ബന്ധപ്പെട്ട് മുൻ ശബരിമല അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ആയിരുന്ന വി. എസ്. ജയകുമാറിൽ നിന്നും അന്വേഷണ വിധേയമായി പണം തിരികെ ഈടാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ ദേവസ്വം വകുപ്പ് മന്ത്രി ആരായിരുന്നു; മന്ത്രിയുമായി വി. എസ്. ജയകുമാറിന് എന്തെങ്കിലും ബന്ധമുണ്ടായിരുന്നോ; വിശദമാക്കുമോ?

## ആഗോള അയ്യപ്പ സംഗമം

811 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോള അയ്യപ്പ സംഗമത്തിന്റെ സ്പോൺസർമാർ ആരെല്ലാമായിരുന്നു;

(ബി) പ്രസ്തുത സംഗമത്തിന് ചെലവായ തുകയുടെ വിവരങ്ങൾ ഇനം തിരിച്ച് ലഭ്യമാക്കാമോ;

(സി) വിവിധ സംസ്ഥാനങ്ങളിൽ നിന്നും രാജ്യങ്ങളിൽ നിന്നുമുള്ള പ്രതിനിധികളെ പങ്കെടുപ്പിക്കുന്നതിനു മാത്രമായി എത്ര രൂപ ചെലവഴിച്ചു; വിശദമാക്കുമോ;

(ഡി) ആഗോള അയ്യപ്പ സംഗമത്തിനായി സർക്കാരോ ദേവസ്വം ബോർഡോ പണം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിവരങ്ങൾ ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത സംഗമം നടത്തിയതിനു ശേഷം സർക്കാർ ശബരിമലയിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; അതിനായി എത്ര രൂപ ചെലവഴിച്ചു; വ്യക്തമാക്കാമോ;

(എഫ്) ശബരിമല വികസനത്തിനായി 2016 മുതൽ നാളിതുവരെ തിരുവാതാംകൂർ ദേവസ്വം ബോർഡിന് അനുവദിച്ച തുകയും ചെലവായ തുകയും എത്രയാണ്; വിശദമാക്കാമോ?

## ദേവസ്വം വകുപ്പിന്റെ ചുമതലകൾ

812 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പ്രവർത്തനങ്ങളിൽ ദേവസ്വം വകുപ്പിന് എന്തൊക്കെ ഉത്തരവാദിത്തങ്ങളാണുള്ളതെന്ന് വിശദമാക്കാമോ;

(ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ പ്രസിഡന്റിനെയും അംഗങ്ങളെയും തിരഞ്ഞെടുക്കുന്ന പ്രക്രിയ എങ്ങനെയാണ് എന്ന് വ്യക്തമാക്കാമോ;

(സി) ശബരിമലയിലടക്കം കേരളത്തിലെ ക്ഷേത്രങ്ങളിലെ അമൂല്യ വസ്തുക്കൾ സംരക്ഷിക്കാൻ ദേവസ്വം വകുപ്പിനുള്ള ചുമതലകൾ വ്യക്തമാക്കാമോ?

## നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ തിരുവിതാംകൂർ ദേവസ്വത്തിനു കീഴിലുള്ള ക്ഷേത്രങ്ങൾ

813 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ തിരുവിതാംകൂർ ദേവസ്വത്തിന്റെ കീഴിൽ എത്ര ക്ഷേത്രങ്ങൾ ഉണ്ട്; അവയുടെ പേരു വിവരവും സ്ഥലവും വിശദമാക്കാമോ;

(ബി) 2016-2017 സാമ്പത്തിക വർഷം മുതൽ 2025-2026 സാമ്പത്തിക വർഷം വരെ നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ ക്ഷേത്രങ്ങൾക്ക് വികസന പ്രവർത്തനങ്ങൾക്കായി ആകെ അനുവദിച്ച തുക എത്രയെന്ന് വിശദമാക്കാമോ; ഓരോ ക്ഷേത്രത്തിനും അനുവദിച്ച തുകയും ക്ഷേത്രങ്ങളുടെ പേരു വിവരവും വിശദമാക്കാമോ?

## തിരുവിതാംകൂർ ദേവസ്വം ബോർഡ് മീറ്റിംഗ്

814 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2021 വരെയുള്ള കാലയളവിൽ അന്നത്തെ ദേവസ്വം വകുപ്പു മന്ത്രി പങ്കെടുത്ത തിരുവിതാംകൂർ ദേവസ്വം ബോർഡ് മീറ്റിംഗുകളുടെ മിനുട്സിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## അരുവിക്കര മണ്ഡലത്തിലെ ക്ഷേത്രങ്ങളുടെ വികസന പദ്ധതികൾ

815 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അരുവിക്കര മണ്ഡലത്തിൽ ദേവസ്വത്തിന് കീഴിലുള്ള ക്ഷേത്രങ്ങൾക്ക് വിവിധ വികസന പദ്ധതികൾക്കായി അനുവദിച്ച ഭരണാനുമതി തുകയും അവയുടെ നിലവിലെ സ്ഥിതിയും പദ്ധതി സംബന്ധിച്ച വിശദാംശവും ലഭ്യമാക്കുമോ?

**തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ മീറ്റിംഗുകളുടെ മിനിറ്റ്സ്**

816 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ നാളിതുവരെ ദേവസ്വം വകുപ്പ് മന്ത്രി പങ്കെടുത്ത തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ മീറ്റിംഗുകളുടെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കാമോ?

**തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ മീറ്റിംഗുകൾ**

817 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ നാളിതുവരെ ദേവസ്വം വകുപ്പ് മന്ത്രി തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ എത്ര മീറ്റിംഗുകളിൽ പങ്കെടുത്തുവെന്നു സ്ഥലം, തീയതി, സമയം അടക്കമുള്ള വിവരങ്ങളും നൽകാമോ?

**തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ മീറ്റിംഗുകൾ**

818 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2021 വരെയുള്ള കാലയളവിൽ അന്നത്തെ ദേവസ്വം വകുപ്പ് മന്ത്രി തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ എത്ര മീറ്റിംഗുകളിൽ പങ്കെടുത്തുവെന്നും സ്ഥലം, തീയതി, സമയം ഉൾപ്പെടെ വിശദാംശം നൽകാമോ?

**വർക്കല നിയോജക മണ്ഡലത്തിലെ ക്ഷേത്രങ്ങളുടെ നവീകരണം**

819 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജക മണ്ഡലത്തിൽ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ നവീകരണത്തിനായി മുൻ സർക്കാരിന്റെ കാലയളവിലും ,ഈ സർക്കാരിന്റെ കാലയളവിലും എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും ചെലവഴിച്ച തുക എത്രയെന്നും വിശദമാക്കാമോ;

(ബി) നിലവിൽ നടന്നുവരുന്ന പ്രവൃത്തികളും ആയതിലേക്ക് അനുവദിച്ച ഫണ്ടും എത്രയെന്ന് വ്യക്തമാക്കാമോ?

**ഗുരുവായൂർ ദേവസ്വം ക്ഷേത്രത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പ് നടത്തിയ പരിശോധന**

820 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഓഡിറ്റ് വകുപ്പ് 2019-20, 2020-21 വർഷങ്ങളിൽ ഗുരുവായൂർ ദേവസ്വം ക്ഷേത്രത്തിൽ നടത്തിയ പരിശോധനയിൽ ക്ഷേത്രത്തിലെ സ്വർണ്ണം, വെള്ളി

വസ്തുക്കളിൽ ഗണ്യമായ തുക്ക വ്യത്യാസം കണ്ടെത്തിയിട്ടുണ്ടെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രാരംഭ രേഖകളിൽ രേഖപ്പെടുത്തിയ തുക്കവും നിലവിലുള്ള തുക്കവും തമ്മിലുള്ള വ്യത്യാസം എത്രയാണ്; ഇതിന് എന്താണ് കാരണം എന്ന് വ്യക്തമാക്കാമോ;

(സി) ഈ വ്യത്യാസത്തെക്കുറിച്ച് വിശദമായ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

**<u>ക്ഷേത്രങ്ങളുടെ നിർബന്ധ ഓഡിറ്റുകൾ</u>**

821 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളുടെ നിർബന്ധമായ ഓഡിറ്റുകൾ നിയമ പ്രകാരം സമയബന്ധിതമായി നടത്തുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) നിരവധി ക്ഷേത്രങ്ങളുടെയും ദേവസ്വം സ്ഥാപനങ്ങളുടെയും ഭൂസമ്പത്തും മറ്റ് ആസ്തികളും സംരക്ഷിക്കപ്പെടാതിരിക്കുന്നതായും അനധികൃത കയ്യേറ്റങ്ങൾ നടക്കുന്നതായും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് തടയാൻ സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

**<u>മലബാർ ദേവസ്വം ബോർഡ് ക്ഷേത്രകലാ അക്കാദമിക്ക് ആസ്ഥാന മന്ദിര നിർമ്മാണം</u>**

822 **ശ്രീ. എം.വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡ് ക്ഷേത്രകലാ അക്കാദമിക്ക് ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനായി മാടായി തിരുവർക്കാട്ട്കാവ് ദേവസ്വം വക ഭൂമി കൈമാറുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**<u>ആലത്തൂർ മണ്ഡലത്തിൽ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങൾ</u>**

823 **ശ്രീ . കെ .ഡി .പ്രസേനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ ദേവസ്വം ബോർഡിന് കീഴിൽ എത്ര ക്ഷേത്രങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ; ക്ഷേത്രങ്ങളുടെ പേരു വിവരം ലഭ്യമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത ക്ഷേത്രങ്ങളിൽ ദേവസ്വം ബോർഡ് എത്ര രൂപയുടെ വികസന പ്രവൃത്തികൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

**<u>ദേവസ്വം ബോർഡുകൾ മുഖാന്തരമുള്ള പദ്ധതികൾ</u>**

824 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ദേവസ്വം ബോർഡുകൾ മുഖാന്തരം വിവിധ ക്ഷേത്രങ്ങളുടെ പദ്ധതികൾക്കും പ്രവർത്തനങ്ങൾക്കുമായി ചെലവഴിച്ച തുകയും പദ്ധതികളുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് വാമനപുരം മണ്ഡലത്തിലെ ദേവസ്വത്തിന്റെ കീഴിലുള്ള എത്ര ക്ഷേത്രങ്ങൾക്ക് വിവിധ വികസന പ്രവർത്തനങ്ങൾക്കായി തുക ചെലവാക്കിയിട്ടുണ്ട്; ക്ഷേത്രം തിരിച്ച് വിശദാംശം നൽകാമോ?

**<u>മലബാർ ദേവസ്വം ബോർഡിന് അനുവദിച്ച ഗ്രാന്റ്</u>**

825 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ മലബാർ ദേവസ്വം ബോർഡിന് ഗ്രാന്റിനത്തിൽ ഓരോ വർഷവും അനുവദിച്ച തുക എത്ര; അതിൽ ഓരോ വർഷവും ചെലവഴിച്ച തുക എത്ര; വിശദമാക്കുമോ?

**<u>വണ്ടൂർ നിയോജക മണ്ഡലത്തിൽ ദേവസ്വം വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ</u>**

826 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 സാമ്പത്തിക വർഷം മുതൽ നാളിതുവരെ വണ്ടൂർ നിയോജക മണ്ഡലത്തിലെ വിവിധ ക്ഷേത്രങ്ങളിൽ ദേവസ്വം ബോർഡ് അനുവദിച്ച നിർമ്മാണം പ്രവർത്തനങ്ങൾ; വിവിധ നവീകരണ പ്രവർത്തനങ്ങളുൾ; അവയ്ക്ക് അനുവദിച്ച തുക ഉൾപ്പെടെ വിശദാംശം ലഭ്യമാക്കാമോ?

**<u>കായംകുളം മണ്ഡലത്തിലെ ക്ഷേത്രങ്ങളുടെ പുനരുദ്ധാരണം</u>**

827 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2026 വരെയുള്ള കാലയളവിൽ കായംകുളം മണ്ഡലത്തിൽ ഉൾപ്പെട്ട ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിനായി ദേവസ്വം ബോർഡ് എത്ര തുക ചെലവഴിച്ചുവെന്നും ഏതൊക്കെ ക്ഷേത്രങ്ങൾ, പ്രവൃത്തികൾ, അവയ്ക്ക് അനുവദിച്ച തുക, പ്രവൃത്തികളുടെ പുരോഗതി എന്നിവ സഹിതം വിശദമാക്കാമോ?

**<u>ഗുരുവായൂർ ദേവസ്വത്തിന്മേൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ട്</u>**

828 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഓഡിറ്റ് വകുപ്പ് നടത്തിയ പരിശോധനയിൽ ഗുരുവായൂർ ദേവസ്വത്തിൽ

കണ്ടെത്തിയ ക്രമക്കേടുകൾ സംബന്ധിച്ച് വിശദീകരിക്കുമോ;

(ബി) പ്രസ്തുത ഓഡിറ്റ് റിപ്പോർട്ടിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

## <u>ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിലെ അമൂല്യ വസ്തുക്കളുടെ സംരക്ഷണം</u>

829 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡിന്റെ കീഴിൽ വരുന്ന ക്ഷേത്രങ്ങളിലെ അമൂല്യ വസ്തുക്കൾ സംരക്ഷിക്കാൻ ദേവസ്വം വകുപ്പിൽ നിക്ഷിപ്തമായ ചുമതലകൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ;

(ബി) ശബരിമല ക്ഷേത്രത്തിലെ ദ്വാരപാലക ശില്പത്തിലും കട്ടിള പാളിയിലും അടക്കം സ്ഥാപിച്ച സ്വർണ്ണപ്പാളികൾ മോഷണം പോയത് വകുപ്പ് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) സമാനമായ സംഭവങ്ങൾ തടയാൻ ദേവസ്വം വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

## <u>ഗുരുവായൂർ ദേവസ്വം ക്ഷേത്രത്തിലെ ഓഡിറ്റ് പരിശോധന</u>

830 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഓഡിറ്റ് വകുപ്പ് 2019-20, 2020-21 വർഷങ്ങളിൽ ഗുരുവായൂർ ദേവസ്വം ക്ഷേത്രത്തിൽ നടത്തിയ പരിശോധനയിൽ ഗുരുതരമായ ക്രമക്കേടുകളും സാമ്പത്തിക ക്രമക്കേടുകളും കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) 2019-ലെ വനം-കൈമാറ്റ രസീതിൽ രേഖപ്പെടുത്തിയിട്ടുള്ള 522.86 കിലോഗ്രാം ആനക്കൊമ്പ് കഴിഞ്ഞ നാല്പത് വർഷമായി പരിശോധിച്ചിട്ടില്ല എന്ന് ഓഡിറ്റ് കണ്ടെത്തിയിട്ടുണ്ടോ;

(സി) ഈ ആനക്കൊമ്പുകൾ നിലവിൽ എവിടെയാണ് സൂക്ഷിച്ചിരിക്കുന്നത്; അവയുടെ സുരക്ഷിതത്വം പരിശോധിച്ച് ഉറപ്പുവരുത്താൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) കാലാകാലമായി നിർബന്ധിത പരിശോധന നടത്താത്തതിന്റെ ഉത്തരവാദിത്തം ആരുടേതാണ്; വ്യക്തമാക്കാമോ?

## <u>കല്ല്യാശ്ശേരി മണ്ഡലത്തിലെ ദേവസ്വം ബോർഡ് ക്ഷേത്രങ്ങൾ</u>

831 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കല്ല്യാശ്ശേരി മണ്ഡലത്തിൽ ദേവസ്വം വകുപ്പ് മുഖേന ക്ഷേത്രങ്ങൾക്ക് സാമ്പത്തിക സഹായങ്ങൾ നൽകിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കല്ല്യാശ്ശേരി മണ്ഡലത്തിലെ ക്ഷേത്രങ്ങളിൽ തീർത്ഥാടക ടൂറിസം പദ്ധതി പ്രകാരം എന്തൊക്കെ നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശം നൽകാമോ?

## <u>മാവേലിക്കര താലൂക്കിൽ ഉൾപ്പെട്ട ക്ഷേത്രങ്ങളുടെ വികസനം</u>

832 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 കാലഘട്ടം മുതൽ മാവേലിക്കര താലൂക്കിൽ ഉൾപ്പെട്ട പ്രദേശങ്ങളിലെ ക്ഷേത്രങ്ങളുടെ വികസനത്തിനായി ദേവസ്വം വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; പദ്ധതികൾക്ക് അനുവദിച്ച തുക എത്രയെന്നും അറിയിക്കുമോ?

## <u>ഗുരുവായൂർ ദേവസ്വം ക്ഷേത്രത്തിൽ സൂക്ഷിച്ച ആനക്കൊമ്പുകൾ</u>

833 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ദേവസ്വം ക്ഷേത്രത്തിൽ 2019 സെപ്തംബർ 26-ന് 50 കിലോഗ്രാം, സെപ്തംബർ 14-ന് 14.18 കിലോഗ്രാം, 2018-19 കാലയളവിലെ 6 ശേഖരങ്ങൾ, 2019 ഏപ്രിൽ 22-ന് 73 കിലോഗ്രാം, ജൂലൈ 14-ന് 32 കിലോഗ്രാം, ജൂലൈ 29-ന് 28 കിലോഗ്രാം എന്നിങ്ങനെയുള്ള ആനക്കൊമ്പുകൾ വനം വകുപ്പിന് കൈമാറുകയോ ദേവസ്വം കൈവശം സൂക്ഷിക്കുകയോ ചെയ്തതിന്റെ രേഖകൾ ലഭ്യമാണോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ശരിയായ രേഖകൾ സഹിതം അവ കൈമാറിയിട്ടില്ലെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിക്കുന്നുണ്ടോ; വിശദമാക്കാമോ?

## <u>തീർത്ഥാടക ടൂറിസം</u>

834 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തീർത്ഥാടക ടൂറിസം വഴി ആലപ്പുഴ നിയോജകമണ്ഡലത്തിലെ വലിയ കലവൂർ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന അമിനിറ്റി സെന്ററിന് നിരാക്ഷേപ പത്രം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

## <u>ഗുരുവായൂർ ദേവസ്വം ക്ഷേത്ര ഗോപുരത്തിൽ സൂക്ഷിച്ചിരുന്ന മഞ്ചാടിക്കുരു ചാക്കുകൾ</u>

835 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ -

ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ദേവസ്വം ക്ഷേത്ര ഗോപുരത്തിൽ സൂക്ഷിച്ചിരുന്ന 17 മഞ്ചാടിക്കുരു ചാക്കുകൾ കാണാതായത് സംബന്ധിച്ച അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) 2016 മുതൽ രേഖകളിൽ കാണാത്തതും 15 ലക്ഷം രൂപയോളം മൂല്യം കണക്കാക്കിയതുമായ രണ്ട് വെങ്കല, പഞ്ചലോഹ വഴിപാട് പാത്രങ്ങൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഈ വസ്തുക്കൾ എങ്ങനെ അപ്രത്യക്ഷമായി എന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ?

## <u>കദളീവനം പദ്ധതി</u>

836 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ കുടുംബശ്രീ/ അയൽക്കൂട്ടങ്ങൾ വഴി ഗുരുവായൂർ ക്ഷേത്രത്തിലേക്ക് ആവശ്യമായ കദളിപ്പഴം ഉല്പാദിപ്പിച്ച് നൽകിയിരുന്ന കദളീവനം പദ്ധതി തുടർന്നും നടപ്പിലാക്കുന്നതിനാവശ്യമായ നിർദേശങ്ങളും നടപടികളും സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>എരുമേലി മാസ്റ്റർ പ്ലാൻ പദ്ധതിയുടെ പുരോഗതി</u>

837 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-2024 സാമ്പത്തിക വർഷത്തെ ബജറ്റിൽ 10 കോടി രൂപ അനുവദിച്ച എരുമേലി മാസ്റ്റർ പ്ലാൻ പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

## <u>മലബാർ ദേവസ്വം ബോർഡിന്റെ കീഴിലെ ജീവനക്കാരുടെ ശമ്പള കുടിശ്ശിക</u>

838 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിന് കീഴിൽ വരുന്ന വരുമാനം കുറഞ്ഞ ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പള വിതരണം കുടിശ്ശികയായത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ; അറിയിക്കാമോ;

(ബി) ശമ്പളം സമയബന്ധിതമായി വിതരണം ചെയ്യാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## <u>വിദ്യാർത്ഥികളുടെ ഹോസ്റ്റൽ സംവിധാനം സംബന്ധിച്ച്</u>

839 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലുള്ള ആറ്റിങ്ങൽ തിരുവാറാട്ടുകാവിലെ ക്ഷേത്ര കലാപീഠത്തിലെ വിദ്യാർത്ഥികളുടെ ഹോസ്റ്റൽ സംവിധാനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം വകുപ്പിന്റെ പരിഗണനയിൽ

വന്നിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

**<u>മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങൾ</u>**

840 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിന് കീഴിൽ നിലവിൽ എത്ര ക്ഷേത്രങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി എത്ര ക്ഷേത്രങ്ങൾ ഉണ്ടെന്നും പുതുതായി എത്ര ക്ഷേത്രങ്ങൾ ഈ ജില്ലകളിൽ ദേവസ്വം ബോർഡ് ഏറ്റെടുത്തിട്ടുണ്ടെന്നും അറിയിക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
20-01-2026

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].